KNANAYADEEPAM

SINCE 1989

# ക്നാനായ ദീപം

Vol: 33 / Issue: 12 December 2022 ₹:10/-



# FIRST BIRTHDAY IN HEAVEN
## 29 DECEMBER 2022



## K C ABRAHAM (KUNJAVARACHEN)
## KALLAMPARAMBIL, RANNI

Dear Appa,

You are always loved, never forgotten and forever missed. We hold you close within our hearts and there you will remain, to walk and guide us through our lives, untill we meet again.

Loving Family

Advt -S

SINCE 1989

# ക്നാനായ ദീപം

2022 ഡിസംബർ പുസ്തകം 33 ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ക്രിസ്തുമസ് 08
ഫാ. കൊച്ചുമോൻ തോമസ് ഐക്കാട്ട് മാളിയേക്കൽ

എണ്ണിക്കാട് മാർ യൂഹാനോൻ മാംദാനപള്ളി 09
ഏബ്രഹാം കല്ലിശ്ശേരി

ദൈവവചനം ദൈവാത്മാവിൽ... 10
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

സഭാദൗത്യം 15
ഫാ. ജോസഫ് കുളത്രാമണ്ണിൽ

ഏകാന്തതയുടെ അപാരത 17
ഡോ. ഐബി ജോസ് കിഴക്കേടത്ത്

കരിയർ മത്സരം ഇനി... 19
സുനിൽ ഡി. കുരുവിള

പ്രൊഫ. ടോണി മാത്യു അനുസ്മരണം 20
ബിജു ജേക്കബ് കൈതാരം

സർപ്പസന്തതികൾ 21
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് 22

23 ഏവൻഗേലിയോൻ ദീപം
ഡീ. ഡിബിൻ ജേക്കബ്, കളത്തിപറമ്പിൽ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

42 സന്മനസ്സുള്ളവർക്ക് സമാധാനം
റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

45 ക്രിസ്തുമസ് ഗാനം
പ്രൊഫ. ഡോ. അന്നമ്മ ജേക്കബ് മള്ളൂശ്ശേരിൽ

46 കാല്പ്പാടുകൾ
എബി

47 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയരെ,**

കാലചക്രം ഒരിക്കൽ കൂടി തിരിഞ്ഞ് 2022 ലെ ക്രിസ്തുമസ് ആഘോഷിക്കുവാൻ തക്കവണ്ണം, ഈ വർഷവും ഇനിയും തിരികെ വരാത്തവണ്ണം നമ്മേ വിട്ടു കടന്നുപോയി. നവവത്സരത്തിന്റെ നാന്ദിയായി രക്ഷകന്റെ തിരുജനനവും വന്നണയുന്നു. യേശു വിന്റെ ജനനത്തിന്റെ ഓർമ്മ പുതുക്കുന്ന പരമ്പരാഗത ക്രിസ്തുമസ് ആഘോഷങ്ങൾ, ആ സംഭവത്തിന്റെ ഉൾക്കാമ്പ് ആയ വിമോചനാംശത്തെ മറച്ചു വയ്ക്കുന്ന ഒരു അനുഷ്ഠാനം ആയി തീർന്നിട്ടില്ലേ. കർത്താവ് നസറെത്തിലെ പള്ളിയിൽവച്ച് തന്റെ വരവിന്റെ ഉദ്ദേശ്യം എന്തെന്ന് അറിയിച്ചു. ലൂക്കോ. 4:18 "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തു. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പീഡിതന്മാർക്ക് വിടുതലും. അങ്ങനെ പ്രസാദവർഷം പ്രസംഗിപ്പാനും എന്ന് പ്രഖ്യാപിച്ചു".

എന്നെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ വിമോചക പ്രവർത്തനത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ്. സുവിശേഷങ്ങളിൽ യേശുവിന്റെ ജനനം സംബന്ധിച്ച വിവരങ്ങളുടെ ശക്തി കുടികൊള്ളുന്നത് ആ സംഭവത്തെ യേശുവിന്റെ ജീവിതത്തിന്റെ അവസാനഘട്ടവുമായി ബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങളിലാണ്. ഇക്കാരണത്താൽ യേശുവിന്റെ ജനനത്തെ സംബന്ധിച്ച് സുവിശേഷ വ്യാഖ്യാനത്തിന്റെ സൂചനകൾ ലഭിക്കുന്നു അഥവാ ഒരുവന്റെ ക്രിസ്തുമസ് ആഘോഷത്തിന്റെ സ്വഭാവം ക്രിസ്തീയതയെപ്പറ്റിയുള്ള അവന്റെ ദർശനം വെളിപ്പെടുത്തുന്നു. ദൈവത്തിന്റെയും ദൈവസ്നേഹത്തിന്റെയും സാന്നിദ്ധ്യം നമ്മേ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുമസ് യഥാർത്ഥത്തിൽ ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലിന്റെയും വെളിപ്പാടാണ്. (ലൂക്കോ.1:46-55) വരെ കന്യക മറിയാമിന്റെയും (ലൂക്കോ.1:68-79) സഖര്യാ പുരോഹിതന്റെയും (ലൂക്കോ.2:29-35) ശിമ്യോന്റെയും ഗാനങ്ങൾ വ്യക്തമാക്കുന്നത് നിലവിലിരിക്കുന്ന സാമൂഹ്യക്രമത്തിന്റെ തകിടം മറിച്ചിലും പരമമായി ലോകത്തിന്റെ പരിവർത്തനവുമാണ് ദൈവത്തിന്റെ പ്രവർത്തനം എന്നതാണ്. യേശു ഈ ലോകത്തിൽ ആഗതനായത് മൗലീകമായ ഉദ്യേശങ്ങളോടെയാണ്. മനുഷ്യനെ സമഗ്രമായി ഉദ്ധരിക്കുവാനും അവനു മഹത്വത്തോടെ ജീവിക്കുവാനും ഉതകുന്ന മാർഗ്ഗങ്ങളാണ് യേശു അവതരിപ്പിച്ചത്. ഈ മഹത്വം വെറും ഭൗതീകമല്ല. അതേസമയം മുഴുവനായും ആദ്ധ്യാത്മീകവുമല്ല. പട്ടിണിയും, രോഗവും, പാപവും, തിരസ്ക്കരണവും, ചേരിതിരിവും ഒക്കെ അതിൽപ്പെടും. എല്ലാവരിലും ദൈവത്തിന്റെ സാദൃശ്യമുണ്ട്. അക്കാരണത്താൽ എല്ലാവരും ദൈവത്തിന്റെ മക്കളാണ്. ഈ വസ്തുത വ്യക്തമാക്കുന്ന സമീപനമായിരുന്നു യേശുക്രിസ്തുവിന്റേത്. പാപികളും ചുങ്കക്കാരുമൊത്ത് വസിക്കുവാനും അവരോടൊത്ത് ഭക്ഷണം കഴിക്കാനും അവിടുന്നു തയ്യാറായി. അതിനെതിരായ ആരോപണങ്ങൾ യേശു ഖണ്ഡിച്ചു. യേശു പ്രവാചകനും വിപ്ലവകാരിയും, സാമൂഹ്യ പരിഷ്കർത്താവും രാഷ്ട്ര പുനർനിർമ്മാണ ശില്പി യും വിമോചകനും ആകുന്നു. മർദ്ദിതരോട് പക്ഷം ചേർന്നു. അന്യവൽക്കരിക്കപ്പെട്ട ജനതയിലൂടെ ലോകത്തെ വിമോചിപ്പിക്കുന്നതിനായുള്ള ദൈവത്തിന്റെ നിശ്ചയദാർഢ്യവും ഈ ഗാനങ്ങളിൽ നമുക്ക് ദർശിക്കുവാൻ സാധിക്കും. ഈ ദർശനം പരമ്പരാഗത സഭകൾക്ക് താങ്കളുടെ മതവികാരങ്ങളെ വൃണപ്പെടുത്തുന്നതായി തോന്നിയേക്കും. പ്രയാസത്തിലിരിക്കുന്നവർക്കും മർദ്ദിതർക്കും ഇതൊരു സുവാർത്തയാണ്.

സഭകളിലും പുറത്തും ക്രിസ്തുമസ് ഒരു അനുഷ്ഠാനമായി അധഃപതിച്ചിരിക്കുന്നുവെന്ന സത്യം നാം മനസ്സിലാക്കി അംഗീകരിക്കണം. സഭയുടെ വിമോചന മൂല്യത്തിന് തേയ്മാനം സംഭവിച്ചിരിക്കുന്നു. പകരം ഇന്ന് ക്രിസ്തുമസ് ഒരു ഉത്സവകാലമാണ്. സഭയുടെ ക്രിസ്തുമസ് ഉണ്ണിയേശുവിൽ കേന്ദ്രീകൃതമാണ്. യഥാർത്ഥത്തിൽ കീറ്റുശീലയും പുൽതൊട്ടിയും വേർപാടിന്റെയും ദാരിദ്ര്യത്തിന്റെയും മർദ്ദനത്തിന്റെയും ഇല്ലായ്മയുടെയും പ്രതീകമാണ്. നമ്മുടെ പ്രത്യാശ പുൽക്കൂട്ടിലെ ഉണ്ണിയേശുവിൽ മാത്രം ഒരുങ്ങാതെ ക്രൂശിലെ യേശു എന്ന മനുഷ്യനിലേയ്ക്ക് വളരേണ്ടിയിരിക്കുന്നു. സംഖ്യാബലത്തിലോ, സ്ഥാപനങ്ങളുടെ എണ്ണത്തിലോ, ബാങ്ക് നിക്ഷേപങ്ങളിലോ, ധനത്തിലോ അല്ല സഭ ജീവിക്കുന്നത്. സമൂഹത്തിന്റെ ഔദാര്യത്തിലോ കാരുണ്യത്തിലോ അല്ല സഭയുടെ ജീവൻ കുടികൊള്ളുന്നത്. യഥാർത്ഥത്തിൽ സഭയുടെ ശക്തി അതിന്റെ ദൗർബല്യാവസ്ഥയിലാണ്. എങ്കിൽ മാത്രമെ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സുവിശേഷത്തിലെ സത്യത്തെപ്പറ്റിയുള്ള വിശ്വാസത്തിലും ജീവിക്കുന്നതിലൂടെ ക്രൂശിന്റെ പാത പിന്തുടരുന്നതിന് സ്നേഹത്തിന്റെയും കരുണയുടെയും ത്യാഗത്തിന്റെയും, മരണത്തിന്റെയും ഉയർപ്പിന്റെയും പാതയിൽ പോരാടുന്നതിന് സഭ പ്രചോദിതയാവുകയുള്ളൂ. മരണത്തിന്റെ ശക്തിയിൽ ആധിപത്യം അരുളുന്ന ഒരു രാഷ്ട്രത്തിൽ സമൃദ്ധിയായ ജീവന്റെ സുവിശേഷം പ്രഘോഷിക്കുന്നതിനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. ഈ ദൗത്യം അംഗീകരിച്ചുകൊണ്ട് സുവിശേഷത്തിന് മുൻതൂക്കം കല്പിച്ചുള്ള പ്രവർത്തനങ്ങൾ നയിക്കുന്നതിന് സഭാ നേതൃത്വത്തിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും എല്ലാവിധ മംഗളങ്ങളും നേരുന്നു.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

2022 വർഷത്തിലെ അവസാന ദിനങ്ങളിലേക്ക് നമ്മുടെ ജീവിതയാത്രയാകുന്ന തോണി എത്തുകയാണല്ലോ. കൊറോണ വൈറസിന്റെ ഭീതി നമ്മിൽ നിന്ന് അകലത്തിൽ ആയെങ്കിലും അതിന്റെ പരിണിത ഫലമെന്നോണം പല പ്രതിസന്ധികൾ നമ്മെ അഭിമുഖീകരിക്കുന്നു. ഇതിന്റെയെല്ലാം നടുവിൽ പുതുവർഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം ഇടയാക്കുന്നു. ജീവിതത്തിൽ കഴിഞ്ഞുപോയ നിമിഷങ്ങളിൽ അനുഭവിച്ച ദൈവകൃപ എത്രയോ അധികമാണ്. ജീവിതത്തിൽ സംഭവിച്ച പ്രതിസന്ധികളിൽ ഉത്തരത്തിനായി നാം നമ്മുടേതായ എത്രയോ ആലോചനകൾ നടത്തി. എന്നാലും അവയൊക്കെ ദൈവം കരുണ ചെയ്ത് എത്രയോ അത്ഭുതകരമായി നമ്മെ നടത്തി. അതിനെല്ലാം നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവസന്നിധിയിൽ സ്തോത്രം കരേറ്റാം. പുതുവർഷത്തിലേക്ക് ദൈവാശ്രയത്തോടെ പ്രവേശിക്കുവാൻ നമുക്ക് ഒരുങ്ങാം. സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്ന ‘യഹോവയുടെ കൃപകളെക്കുറിച്ച് ഞാൻ എന്നേക്കും പാടും; തലമുറതലമുറയോളം എന്റെ വായ്കൊണ്ട് നിന്റെ വിശ്വസ്തതയെ അറിയിക്കും’ (സങ്കീ. 89:1). ഇത് നമ്മുടെ ആപ്തവാക്യമായി പുതുവർഷത്തിലേക്ക് പ്രവേശിക്കുവാൻ ശ്രമിക്കാം. നമ്മുടെ തലമുറകളെയും അതിനായി ഒരുക്കാം.

ഡിസംബർ മാസത്തിൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുനാഥന്റെ മനുഷ്യാവതാരത്തിന്റെ സ്മരണ വളരെ ആഘോഷത്തോടെ എല്ലാവരും കൊണ്ടാടുകയാണല്ലോ. വി. സഭയിൽ യൽദോ നോമ്പ് അനുഷ്ഠിച്ച് യേശുവിന്റെ ജനനത്തെ നാം സ്മരിക്കുന്നുവല്ലോ. യേശുനാഥന്റെ ജനനത്തെക്കുറിച്ചുള്ള ദൈവിക വെളിപാട് ഇങ്ങനെ വായിക്കുന്നുണ്ടല്ലോ. ‘സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിക്കുന്നു’ (വി. ലൂക്കോസ് 2:10–11). വി. ത്രിത്വത്തിൽ രണ്ടാമനായ ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ സ്മരണ ആഘോഷങ്ങളിൽ മാത്രം ഒതുക്കാതെ നമ്മുടെ ജീവിതത്തെ നവീകരണത്തിലേക്കും, രൂപാന്തരത്തിലേക്കും നയിക്കുവാൻ ഇടയാകണം. ദൈവിക അരുളപ്പാട് അനുസരിച്ച് യേശുവിന്റെ ജനനത്തിന് സാക്ഷികളാകാൻ ഇറങ്ങിപുറപ്പെട്ട വിദ്വാന്മാർ യേശുവിനെ ദർശിച്ചപ്പോൾ വേറെ വഴിയായി മടങ്ങിപ്പോയത് നമ്മുടെ ജീവിതത്തിന്റെ പ്രത്യേകതയാകണം. യേശുവിനെ ദർശിച്ച് അവർ ജീവിതത്തിൽ രൂപാന്തരം യാഥാർത്ഥ്യമാക്കിയത് നമ്മെയും രൂപാന്തരത്തിലേക്ക് നയിക്കുമ്പോൾ ക്രിസ്തുമസ് അർത്ഥവത്തായി അനുഭവപ്പെടാൻ ഇടയാകും. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. ഈ വർഷത്തെ യൽദോ നോമ്പ് ആചരണവും, ക്രിസ്തുമസ് ശുശ്രൂഷകളും ജീവിതരൂപാന്തരം യാഥാർത്ഥ്യമാക്കി, നമുക്കായി അവതരിച്ച യേശുവിനെ ഉള്ളിൽ സ്വീകരിച്ച് യേശുവിനായി നമ്മുടെ ജീവിതത്തെ സമർപ്പിക്കുവാൻ ഇടയാകണം.

നമ്മുടെ മർത്ത്മറിയം വനിതാ സമാജത്തിന്റെ വാർഷിക സമ്മേളനം ഏറെ അനുഗ്രഹകരമായി ചില വർഷങ്ങൾക്കു ശേഷം നടത്തുവാൻ നമുക്ക് സാധിച്ചു. വനിതാസമാജം അംഗങ്ങൾ ഒരുമിച്ച് കൂടുമ്പോൾ ക്നാനായ തനിമ ആഘോഷിച്ച്, വിശ്വാസതീക്ഷ്ണതയിൽ മുന്നേറി, നമ്മുടെ അമ്മമാരും, സഹോദരികളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമാകാൻ ഇടയാകണം. ഈ മീറ്റിംഗിന് ആതിഥേയത്വം വഹിച്ച നമ്മുടെ കുറിച്ചി മോർ ഇഗ്നാത്തിയോസ് പള്ളി ഇടവക വികാരി, ട്രസ്റ്റി, സെക്രട്ടറി അടക്കമുള്ള ഭരണസമിതിയേയും, വനിത സമാജം കേന്ദ്ര, മേഖല, ഇടവകതലത്തിലുള്ള ഭാരവാഹികളെയും അനുമോദിക്കുന്നു. വനിതാസമാജത്തിന്റെ പ്രവർത്തനങ്ങൾ ബഹു. വികാരിമാരുടെ നേതൃത്വത്തിലും, സുവിശേഷകരുടെ സഹകരണത്തിലും കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

അതിഭദ്രാസന തലത്തിൽ പഠനത്തിൽ ഉന്നത വിജയം കൈവരിച്ചവരെയും, മറ്റു തലങ്ങളിൽ പുരസ്ക്കാരങ്ങൾ നേടിയവരെയും അനുമോദിച്ച് ‘ക്നാനായ മെറിറ്റ് അവാർഡ് 2022’ കഴിഞ്ഞ ദിവസം നാം നടത്തുകയുണ്ടായി. ഇതിലൂടെ നമ്മുടെ തലമുറകൾ അവർക്ക് ദൈവം ദാനമായി നൽകിയ താലന്തുകളും, സാധ്യതകളും ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ വളർത്തുകയെന്നതും, നാം എവിടെ ആയിരുന്നാലും ദൈവമാണ് അവസരം സമ്മാനിച്ചതെന്ന ഉൾവിളിയോടെ പ്രവർത്തിക്കുവാനും, ആയിരിക്കുന്ന സ്ഥാനത്ത് അവരുടേതായ അടയാളപ്പെടുത്തലുകൾ നൽകുവാനും പ്രചോദനമായിത്തീരാനാണ് ഇവ ക്രമീകരിക്കുന്നത്. ഉന്നതമായ വിജയം ലഭിച്ചവരെയും അവരുടെ മാതാപിതാക്കളെയും, അവർക്ക് പ്രചോദനം നൽകിയവരെയും അനുമോദിക്കട്ടെ.

നമ്മുടെ ഇടവകകളിലെ ആദ്ധ്യാത്മീക പ്രവർത്തനങ്ങൾ കൊറോണയ്ക്ക് മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ശക്തമായി പ്രവർത്തനക്ഷമമാകാൻ സംഘടന ഭാരവാഹികൾ നേതൃത്വം നല്കണം. നമ്മുടെ സണ്ടേസ്ക്കൂൾ പുതിയ ക്ലാസ്സുകൾ ജനുവരി മാസം ആരംഭിക്കുകയാണല്ലോ. ആയത് അനുഗ്രഹമാക്കാൻ മാതാപിതാക്കളും, കുട്ടികളും, അദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കണം. 2023 ലെ ക്നാനായ കൺവൻഷന്റെ അനുഗ്രഹത്തിനായി ഏവരും പ്രാർത്ഥിക്കുകയും, സുവിശേഷ സമാജത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ഏവരും സഹകരിക്കുകയും ചെയ്യണമെ.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും ക്രിസ്തുമസ് നവവത്സര ആശംസകൾ നേരുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,**
**ക്നാനായ സമുദായ സെക്രട്ടറി**

പ്രിയപ്പെട്ടരെ,

ലോകം മുഴുവൻ എല്ലാവരും ഒരുപോലെ ആഘോഷിക്കുന്ന ദിവസമാണ് ക്രിസ്തുമസ്. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും മാസമാണ് ഡിസംബർ. ക്രിസ്തു ഭൂജാതനായതിന്റെ ഓർമ്മപ്പെടുത്തലാണല്ലോ ക്രിസ്തുമസ്. "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം: ഭൂമിയിൽ ദൈവ പ്രസാധമുള്ളവർക്ക് സമാധാനം" എന്നുള്ള ദൈവവചനമാണല്ലോ ക്രിസ്തുമസിന്റെ സന്ദേശം. എല്ലാ സമുദായ അംഗങ്ങൾക്കും ക്രിസ്തുമസിന്റെ സന്ദേശമായ സ്വർഗ്ഗീയ സമാധാനവും സമ്പൽ സമൃദ്ധമായ ഒരു പുതുവർഷത്തിന്റെയും ആശംസകൾ നേരുന്നു.

ക്നാനായ ദീപത്തിൽ സമുദായ വാർത്തകളിൽ കൂടി സമുദായ അംഗങ്ങളെ അറിയിക്കുന്നത്; ഓരോ മാസവും ആഗോളമായി വ്യാപിച്ചു കിടക്കുന്ന നമ്മുടെ സമുദായത്തിൽ നടക്കുന്ന പരിപാടികളും അതുപോലെ സമുദായത്തിലെ വികസന പ്രവർത്തനങ്ങളുടെ കാര്യങ്ങളും കൂടാതെ നമ്മുടെ സമുദായത്തിൽ ഉണ്ടാകുന്ന ഓരോരോ സംഭവവികാസങ്ങളുമാണ്. സോഷ്യൽ മീഡിയയിൽ വലിയ പ്രാഗത്ഭ്യം ഇല്ലാത്തവരും അതിൽ അംഗങ്ങൾ അല്ലാത്തവർക്കുമാണ് ഇത് കൂടുതൽ പ്രയോജനപ്പെടുന്നത്. അവർ അറിയിക്കുന്ന ആശംസകൾക്ക് എല്ലാം നന്ദി രേഖപ്പെടുത്തുന്നു.

ക്നാനായ സമുദായ മാനേജിഗ് കമ്മറ്റി അംഗങ്ങൾ നവംബർ മാസം 9-ാം തീയതി കോഴിക്കോട് ജില്ലയിലുള്ള സമുദായത്തിന്റെ കുൽപ്പമല തോട്ടം സന്ദർശിക്കുകയുണ്ടായി.

തോട്ടത്തിൽ ടാപ്പ് ചെയ്തുകൊണ്ടിക്കുന്ന റബ്ബർമരങ്ങൾ പരിശോധിക്കുന്നതിനും, കാട് പിടിച്ചു കിടക്കുന്ന സ്ഥലത്ത് കശുമാവിൻ തൈകൾ നടുന്നതിനും, തരിശ് ആയി കിടക്കുന്ന സ്ഥലത്ത് സമുദായത്തിന് സ്ഥിരമായി കൂടുതൽ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിനും വേണ്ടി ക്നാനായ കമ്മിറ്റി അംഗങ്ങൾ എസ്റ്റേറ്റ് മുഴുവൻ നടന്നു കണ്ടു മനസ്സിലാക്കി. വളരെ ബുദ്ധിമുട്ടു സഹിച്ചാണ് 100 ഏക്കറിനടുത്ത് വിസ്തീർണ്ണമുള്ള തോട്ടത്തിന്റെ മുക്കും മൂലയും കാടിനുള്ളിൽക്കൂടി കയറി നടന്ന് കണ്ടത്. തോട്ടത്തിനുള്ളിലുള്ള മുഴുവൻ കാടും വെട്ടിത്തെളിച്ചു തോട്ടം മനോഹരമായ കൃഷി ഭൂമിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടാണ് കമ്മിറ്റി അംഗങ്ങൾ മടങ്ങിയത്. ഇതിൽ സഹകരിച്ച എല്ലാ കമ്മറ്റി അംഗങ്ങളോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

ക്നാനായ സമുദായം ക്നാനായ ഭദ്രാസന സ്ഥാപനദിനം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ 2022 നവംബർ 20 ഞായറാഴ്ച ആഘോഷപൂർവ്വം കൊണ്ടാടി. അന്നേ ദിവസം ക്നാനായ സമുദായ മെത്രപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബ്ബാനനന്തരം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി.കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ബഹു. കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു.

ക്നാനായ സമുദായ കുടിയേറ്റം കേരള സമൂഹത്തിന് വളരെയേറെ വിലപ്പെട്ടതാണെന്നും ആദിമകാലത്ത് കേരളത്തിന് വിദേശനാണ്യം നേടിതരുന്നതിൽ മുൻപന്തിയിൽ നിന്നത് ക്നാനായക്കാരണെന്നും മന്ത്രി എടുത്തു പറഞ്ഞു.

കോട്ടയം അതിരൂപതാ സഹായമെത്രാൻ അഭി. ഗീവർഗീസ് മോർ അപ്രേം അനുഗ്രഹ പ്രഭാഷണം നടത്തി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി.ഒ. ഏ ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, കൗൺസിലർ ശ്രീമതി ലിസ്സി മണിമല, വികാരി ജനറാൾ റവ. വി.എ. ഏബ്രഹാം ഇളയശ്ശേരി, വൈദിക ട്രസ്റ്റി റവ.ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകംപള്ളിൽ, ഭദ്രാസന സെക്രട്ടറി റവ.ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, ക്നാനായ കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി.സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ എന്നിവർ ആശംസകൾ അർപ്പിച്ചു. പുത്തൻപള്ളി വികാരി റവ.ഫാ. സക്കറിയ മധുരംകോട്ട് കൃതജ്ഞത അർപ്പിച്ചു.

ഓതറ നസ്രേത്ത് ഫാർമസി കോളേജിൽ രണ്ടു കോടി രൂപ എസ്റ്റിമേറ്റോടുകൂടി നിർമ്മിക്കുന്ന പുതിയ സേവേറിയോസ് അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപന കർമ്മം 2022 നവംബർ 22-ന് ചെയർമാനായ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു.

വികാരി ജനറാൾ ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, ഫാർമസി കോളേജ് മാനേജർ ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങളായ ജേക്കബ് ലൂക്കോസ്, പി.എ. ഏബ്രഹാം കുഴികണ്ടത്തിൽ, സാജൻ നൊച്ചുവേലി, ബിനു കല്ലേമണ്ണിൽ, ക്നാനായ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റി.സി. തോമസ് തോപ്പിൽ, നസ്രേത്ത് ആശ്രമം സെക്രട്ടറി സി.എ. പുന്നൂസ് ചിറത്തലക്കൽ, കമ്മറ്റി അംഗങ്ങളായ ഏബ്രഹാം കുളമട, പി.കെ. കുര്യൻ പാട്ടമ്പലത്ത്, സിജു കുര്യൻ നെച്ചുവേലിൽ, കോളേജ് പ്രിൻസിപ്പാൾ ഡോ. എൽസി എബ്രഹാം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ക്നാനായ സമുദായത്തിന്റെ അമേരിക്കയിലുള്ള ഒരു സീനിയർ വൈദികൻ ആയിരുന്നു ഉള്ളാട്ടിൽ റവ.ഫാ. ജേക്കബ് ചാക്കോ അച്ചന്റെ നിര്യാണത്തിൽ ക്നാനായ സമുദായത്തിന്റെയും, ക്നാനായ അസോസ്സിയേഷന്റെയും, ക്നാനായ കമ്മറ്റിയുടേയും അനുശോചനം അറിയിക്കുന്നു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം സ്വർഗ്ഗീയ ഊർശ്ലേമിലെ മോഹനിയ വാസസ്ഥലങ്ങളിൽ ദൈവം തമ്പുരാൻ ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അച്ചന്റെ നിര്യാണം സോഷ്യൽ മീഡിയയിൽ കൂടി അറിഞ്ഞത് അല്ലാതെ അമേരിക്കയിൽനിന്നും ബന്ധപ്പെട്ടവർ സമുദായ മെത്രാപ്പോലീത്തായേയോ സമുദായ നേതൃത്വത്തെയോ അറിയിക്കാതെ ഇരുന്നതിനാൽ അച്ചന്റെ മൃതശരീര സംസ്ക്കാര സമയത്ത് സമുദായത്തിന്റെ അനുശോചനം അറിയിക്കുന്നതിനുള്ള അവസരം സമുദായ മെത്രാപ്പോലീത്ത ഉൾപ്പെടെയുള്ള സമുദായ നേതൃത്വത്തിന് സാധിച്ചില്ല എന്ന് വളരെ ഖേദത്തോടെ അറിയിക്കട്ടെ. ഇങ്ങനെയുള്ള വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം എന്ന് അറിയിക്കുന്നു.

അമേരിക്കയിലുള്ള ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽ അഭി. സിൽവാനോസ് തിരുമേനി 14-10-2022-ൽ S.A. 28/22 നമ്പറായി ഒരു കല്പന പള്ളികൾക്ക് അയ

ച്ചത് ഭരണഘടനാപരവും ജനാധിപത്യപരവും ആയിട്ടല്ല എന്ന് അമേരിക്കയിലെ സമുദായാംഗങ്ങൾ 22-10-2022 – ൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്കും, ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിക്കും പരാതി അയയ്ക്കുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ 28-10-2022 ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റി ഈ വിഷയത്തിൽ തീരുമാനം എടുക്കുകയുണ്ടായി മാനേജിംഗ് കമ്മറ്റിയുടെ തീരുമാനം ക്നാനായ സമുദായ മാനേജിങ്ങ് കമ്മറ്റിക്കു വേണ്ടി ഭദ്രാസന സെക്രട്ടറി റവ.ഫാ. ഏലിയാസ് ഇളവൻകളും അമേരിക്കയിലെ വൈദീകരെ സർക്കുലർ മുഖാന്തരം അറിയിച്ചു.

ഇതേ തുടർന്ന് ഒരു സംസ്ക്കാരത്തിന് ഭദ്രാസന സെക്രട്ടറി സമുദായമെത്രാപ്പോലീത്തായുടെ കൂടെ വെളിയനാട്ട് ഒരു ദൈവാലയത്തിൽ പോയ സമയം മറ്റ് വൈദികരുടെ സാന്നിധ്യത്തിൽ സീനിയർ വൈദികനായ ഭദ്രാസന സെക്രട്ടറിയോട് സമുദായത്തിലെ ഒരു സഹായമെത്രാപ്പോലീത്ത വളരെ മോശമായി പ്രതികരിക്കുകയുണ്ടായി. ഇക്കാര്യം ഭദ്രാസന സെക്രട്ടറി സമുദായ മെത്രാപ്പോലീത്തായേയും ക്നാനായ കമ്മറ്റിയേയും രേഖാമൂലം അറിയച്ചതിന്റെ വെളിച്ചത്തിൽ 9-11-2022- ൽ മാനേജിംഗ് കമ്മറ്റി കൂടി കമ്മറ്റിയുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും തുടർ കാര്യങ്ങൾക്ക് സമുദായ മെത്രാപ്പോലീത്തായേ രേഖാമൂലം അറിയിക്കുകയും ചെയ്തു.

ക്നാനായ ഭരണഘടനയ്ക്ക് വിരുദ്ധവും ജനാധിപത്യപരവും അല്ലാത്ത കാര്യങ്ങൾ സമുദായത്തിൽ ഉണ്ടായാൽ ഭാവിയിലും കമ്മറ്റി പ്രതികരിച്ച് ഉചിതമായ നടപടികളിലേക്ക് പോകുവാൻ കമ്മറ്റി നിർബന്ധിതരാകും എന്ന് ബന്ധപ്പെട്ടവരെ അറിയിക്കുന്നു.

പുണ്യശ്ലോകനായ ക്ലീമീസ് തിരുമേനിയുടെ കാലം മുതലുള്ള അമേരിക്കയിലെ പുരാതനമായ ദൈവാലയമാണ് സെന്റ് മേരീസ് ക്നാനായ പള്ളി ചിക്കാഗോ. ഈദൈവാലയത്തിന്റെ വികാരി റവ. ഫാ. തോമസ് മേപ്രത്താണ്. 27-11-2022 ഞായറാഴ്ച ഈ ദൈവാലയത്തിൽ യാതൊരു പ്രകോപനവും കൂടാതെ വിശുദ്ധ കുർബ്ബാന മുടക്കുകയുണ്ടായി. ഇതിനുത്തരവാദി ആരായാലും ഇത് ദൈവീകമല്ല. വിശ്വാസികളായ ഇടവക ജനങ്ങൾ ഞായറാഴ്ച രാവിലെ പള്ളിയിൽ ഒത്തുകൂടി നേരത്തെ റെക്കാർഡ് ചെയ്ത വി. കുർബ്ബാന ടി വി യിൽകാണുകയാണ് ഉണ്ടായത്. സൺഡേസ്കൂളിൽ കുട്ടികളെ പഠിപ്പിച്ച് ഇടവക ജനം പിരിഞ്ഞു പോയി. വികാരിയച്ചൻ ഏതോ ചിലരുമായി അടുത്ത ഒരു സ്ഥലത്ത് ഉണ്ടായിരുന്നു എന്നാണ് പള്ളിയിലെ സെക്രട്ടറി അറിയിച്ചത്. മന:പൂർവ്വം വിശുദ്ധ കുർബ്ബാന മുടക്കുന്നത് ഒരു രീതിയിലും അനുവദനീയമല്ല. അമേരിക്കയിലെ ചിക്കാഗോ ദൈവാലയത്തിലെ സെക്രട്ടറി ഉൾപ്പെടെ 63 ഇടവക ജനങ്ങൾ ഒപ്പിട്ട പരാതിയിൽ പറയുന്നത് ആ ദേവാലയത്തിൽ വി. കുർബ്ബാന വികാരി അച്ചൻ മുടക്കി എന്നും ഇടവകജനം കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ ഒത്തുകൂടി വൈദികൻ ഇല്ലാതെ പ്രാർത്ഥിച്ചു പിരിഞ്ഞു എന്നുമാണ് പരാതിയിൽ പറയുന്നത്. ആ പള്ളിയിലെ സെക്രട്ടറിയുടെയും കമ്മറ്റി അംഗങ്ങളുടെയും രേഖാമൂലമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 2/12/2022-ൽ ക്നാനായകമ്മറ്റി കൂടി താഴെപ്പറയുന്ന തീരുമാനം എടുത്തു.

ബഹുമാനപ്പെട്ട അച്ചൻ കുർബ്ബാന മുടക്കിയത് ഒട്ടും ദൈവികമല്ല. ഇടവകയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ പറഞ്ഞ് തീർക്കേണ്ടത് വികാരിയുടെ ചുമതലയാണ്.

സമുദായത്തിന്റെ ഉത്തരവാദപ്പെട്ട ക്നാനായ കമ്മറ്റി എന്ന നിലയിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കു ദൈവാലയങ്ങളിൽ നിന്നും പെറ്റീഷൻ കമ്മറ്റിക്ക് തരുമ്പോൾ ഇടപെടാതിരിക്കുവാൻ സാധിക്കയില്ല.

ആയതിനാൽ എത്രയും പെട്ടെന്ന് ചിക്കാഗോ ദൈവാലയത്തിൽ അച്ചൻ വി. കുർബ്ബാന പു:നരാരംഭിച്ച് ഇടവക ജനങ്ങളുടെ ആത്മീയ കാര്യങ്ങൾ നിർവഹിച്ചു കൊടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവിടെ എത്രയും പെട്ടെന്ന് വേറെ ക്രമീകരണം ചെയ്യുവാൻ ക്നാനായ കമ്മിറ്റി നിർബന്ധിതരാകും എന്ന് ആ ദൈവാലയത്തിലെ ബഹു. വൈദികനെ അറിയിക്കുവാനും തീരുമാനിച്ചു.

കൂടാതെ അമേരിക്കയിലുള്ള ഈ കാര്യങ്ങൾ സമുദായ മെത്രാപ്പോലീത്തയുടെ ശ്രദ്ധയിൽ പെടുത്തുവാനും ഉചിതമായ തീരുമാനം എത്രയും വേഗത്തിൽ എടുക്കുവാനും മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുവാനും തീരുമാനിച്ചു.

മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം പ്രശസ്ത വിജയം കൈവരിച്ച സമുദായത്തിലെ പ്രതിഭകളെ ആദരിക്കുന്ന മെറിറ്റ് അവാർഡ് സമ്മേളനം 2022 ഡിസംബർ 11-ാം തീയതി ഞായറാഴ്ച 3 P.M. ന് ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നതും ബഹുമാനപ്പെട്ട കോട്ടയം എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ബഹു. റാന്നി എം.എൽ.എ. അഡ്വക്കേറ്റ് പ്രമോദ് നാരായണൻ എന്നിവർ അവാർഡ് വിതരണം നിർവ്വഹിക്കുകയും ചെയ്യുന്നതാണ്. ബഹു.പത്തനംതിട്ട ജില്ലാ കളക്ടർ ഡോ.ദിവ്യ എസ് അയ്യർ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തുന്നതാണ്. എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജുവേഷൻ തലത്തിലുള്ള അവാർഡിന് അർഹരായവരുടെ പുരസ്കാരവും സർട്ടിഫിക്കറ്റും സമ്മേളത്തിൽ നൽകുന്നതാണ്. ക്നാനായ മെറിറ്റ് അവാർഡ് 2022 ന് അർഹരായ എല്ലാ കുട്ടികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നതോടൊപ്പം ശോഭനമായ ഭാവി ദൈവം അനുഗ്രഹിച്ച് നൽകട്ടെ എന്ന് പ്രാത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ തോട്ടക്കാട് സേവേറിയോസ് സയൻസ് ആൻഡ് ആർട്ട്സ് കോളേജിന്റെ കെട്ടിട നിർമ്മാണം ദ്രുതഗതിയിൽ നടന്നു കൊണ്ടിരുന്നു.

അതുപോലെ മോർ അപ്രേം സെമിനാരിയിൽ ഉള്ള ക്നാനായ അസോസ്സിയേഷൻ ഹാളിന്റെ പു:നരുദ്ധാരണവും നവീകരണവും അവസാനഘട്ടത്തിലാണ്. അടുത്ത ജനുവരിയിൽ കൂദാശ ചെയ്യുന്നതിന് ദൈവത്തിൽ ശരണപ്പെടുന്നു.

റാന്നിയിൽ ആരംഭിക്കുവാൻ പോകുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിന്റെ ശിലാസ്ഥാപനം ഉടനെ നടത്തുന്നതാണ്. പ്രോജക്റ്റിന്റെ രൂപകല്പന നടന്നുകൊണ്ടിരിക്കുന്നു എന്നുള്ള സന്തോഷവാർത്തയും സമുദായ അംഗങ്ങളെ അറിയിക്കുന്നു.

നമ്മുടെ കൊച്ചു സമുദായം പുരോഗതിയുടെ പാതയിൽ കൂടി അതിവേഗം സഞ്ചരിക്കുമ്പോൾ എല്ലാ സമുദായ അംഗങ്ങളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സമുദായത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച് ഒറ്റക്കെട്ടായി മുന്നോട്ടു പോകുവാൻ എല്ലാവരുടെയും പ്രാർത്ഥന ആവശ്യമാണ്. ചർച്ചകൾക്കും അനുരഞ്ജനത്തിനും ആയി ക്നാനായ കമ്മിറ്റി എപ്പോഴും തയ്യാറാണ്.

എല്ലാവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ ഒരിക്കൽ കൂടി നേർന്നുകൊണ്ട് നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ക്നാനായ കമ്മറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ**

# ക്രിസ്തുമസ്....

റവ. ഫാ. കൊച്ചുമോൻ തോമസ്, ഐക്കാട്ട് മാളീയേക്കൽ



ദൈവപുത്രൻ മനുഷ്യനായി അവതരിച്ച രക്ഷയുടെ സുദിനമാണ് ക്രിസ്തുമസ്. പാപത്തിന്റെ പടുകുഴിയിൽനിന്നും മാനവ ജാതിയെ മഹത്വത്തിലേക്ക് കരേറ്റുവാൻ മഹോന്നതനായ ദൈവം ദാസരൂപമെടുത്ത മഹാസംഭവം. ഈ ലോകത്തിൽ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ, നൊമ്പരങ്ങൾ അനുഭവിക്കുന്ന സൃഷ്ടിക്ക് സ്രഷ്ടാവാം ദൈവം നൽകിയ സ്വാന്തനത്തിന്റെ തലോടൽ. ഒറ്റപ്പെടുന്ന, ഒറ്റപ്പെടുത്തുന്ന ജീവിത നൊമ്പരങ്ങളിലേക്ക് ഭയപ്പെടേണ്ട, ഞാനുണ്ട് കൂടെ എന്നു വിളിച്ചു പറഞ്ഞ് ഇറങ്ങിവന്ന ആ വലിയ സുദിനം– നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു (ലൂക്കോ.2:11).

രക്ഷയുടെ പൂർത്തീകരണം അനേകരുടെ പങ്കാളിത്തത്തിലൂടെയും സഹകരണത്തിലൂടെയുമാണ് ദൈവം സാദ്ധ്യമാക്കിയത്. മുട്ടിവിളിച്ച സത്ര കവാടങ്ങൾ കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ ദൈവപുത്രന്റെ ജനനത്തിനായി പുൽക്കൂട് ഒരുക്കപ്പെട്ടിരുന്നു. പലപ്പോഴും പ്രതീക്ഷകൾ നഷ്ടപ്പെട്ട ജീവിതങ്ങൾ നിരാശയുടെ പടുകുഴിയിൽ അകപ്പെട്ട് കഴിയാറുണ്ട്. സത്രം നഷ്ടപ്പെട്ട മനുഷ്യ ജീവിതങ്ങൾക്ക് അവൻ നൽകുന്നത് സ്വന്തം പുത്രനെയാണ്. അത്രമാത്രം കർത്താവ് ലോകത്തെ സ്നേഹിച്ചു. ഈ മണ്ണിൽ വിണ്ണിന്റെ സവിശേഷതകളോടെ ഒരു ജീവിതം നയിപ്പാൻ മനുഷ്യനു സാദ്ധ്യത തെളിയിച്ചുതന്നു. നന്മയുടെയും, പങ്കിടലിന്റെയും, സ്നേഹത്തിന്റെയും ആഘോഷമാകണം ക്രിസ്തുമസ്.

വി. കന്യകമറിയം ദൂതനോട് 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്നു പറയുമ്പോൾ എല്ലാ നൊമ്പരങ്ങൾക്കും കൂടി ശിരസു കുനിക്കുകയായിരുന്നു. ജീവിതത്തിൽ ഉടനീളം നൊമ്പരങ്ങൾ ഉള്ളിലൊതുക്കി പുത്രന്റെ നിയോഗങ്ങൾക്ക് കരുത്തു നൽകി. നമ്മുടെ കുഞ്ഞുങ്ങൾ നാളെയുടെ നല്ല പ്രതീക്ഷകളാണ്. എന്നാൽ കുഞ്ഞുങ്ങളെ വളർത്തികൊണ്ടുവരുന്നതിൽ മാതാപിതാക്കന്മാർ പല നൊമ്പരങ്ങളും ഏറ്റുവാങ്ങേണ്ടതായിവരും എന്നത് ഒരു അനുദിന ജീവിത യാഥാർത്ഥ്യമാണ്. ലെബാനോന്റെ കവിയായ ഖലിൽ ജിബ്രാന്റെ 'പ്രവാചകൻ' എന്ന പുസ്തകത്തിൽ ഒരു പ്രവാചകൻ അമ്മമാരോട് കുഞ്ഞുങ്ങളെക്കുറിച്ച് പറയുമ്പോൾ ഇപ്രകാരം പറയുന്നു. 'നിങ്ങൾ വില്ലുകളും നിങ്ങളുടെ കുഞ്ഞുങ്ങൾ അമ്പുകളുമാകുന്നു. അനന്തതയുടെ പഥത്തിൽ വില്ലാളിവീരനായവൻ തന്റെ ലക്ഷ്യം കണ്ട്, തന്റെ ശരങ്ങൾ സുഗമമായി ദൂരങ്ങളിലേക്ക് കുതിക്കുവാനായി തന്റെ കരുത്തിനാൽ വില്ലു കുലക്കുന്നു. വില്ലുകൾ വളയുമ്പോൾ നിങ്ങൾക്കു വേദനയുണ്ടാകാം. എന്നാൽ അതു സഹിക്കുക. കാരണം അമ്പുകളെ സ്നേഹിക്കുന്നവൻ വില്ലിനെയും സ്നേഹിക്കുന്നു. അമ്പു തൊടുക്കണമെങ്കിൽ വില്ലുകൾ വളയേണ്ടിവരും എന്നതുപോലെ കുഞ്ഞുങ്ങളെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുവാനുള്ള നിയോഗമുള്ള എല്ലാ മാതാപിതാക്കൾക്കും പല വേദനകളും സഹിക്കേണ്ടിവരാം എന്ന യാഥാർത്ഥ്യം ചൂണ്ടികാട്ടുകയാണ്.

സർവ്വ ജനത്തിന്റെയും മഹാസന്തോഷമായി ക്രിസ്തുമസ് ഒരിക്കൽകൂടി ആഗതമാകുമ്പോൾ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നുപ്രാർത്ഥിച്ച യേശുവിനെ ഉള്ളത്തിൽ വഹിക്കുവാൻ നമുക്ക് കഴിയണം. ഉള്ളിലെ നൊമ്പരങ്ങളിലൂടെ രക്ഷകനെ തിരിച്ചറിയുക. ആരെയും പിൻ തള്ളാതെ എല്ലാവരെയും ഉൾക്കൊള്ളുന്നതിന് നമ്മുടെ ഹൃദയങ്ങളെ വിശാലമാക്കുവാൻ ഈ നാളുകളിൽ ഏവർക്കും കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും നന്മനിറഞ്ഞ ക്രിസ്തുമസ് ആശംസകൾ!

# എണ്ണിക്കാട് മാർ യൂഹാനോൻ മംദാനപള്ളി

ഏബ്രഹാം, കല്ലിശ്ശേരി

ജർമ്മനിയിൽ പ്രസിദ്ധമായ ഒരു കവിതാ ശകലമുണ്ട്. അതിന്റെ മലയാള പരിഭാഷ ഇങ്ങനെ വായിക്കാം.

“ചെറുതല്ലോ, ചേതോഹരം”. അതാണ് എണ്ണിക്കാട് മാർ യൂഹാനോൻ മാംദാനപള്ളി. ഈ നവംബർ ഏഴിന് (7-11-22) പുതുക്കി പണിത എണ്ണിക്കാട് പള്ളിയുടെ എട്ടാം വാർഷിക മാണ്.

അൻപതു വീടുകൾ മാത്രമുള്ള ഒരു ചെറിയ ഇടവക യാണ് എണ്ണിക്കാട്. എ.ഡി. 345 ൽ മലങ്കരയിൽ കുടിയേ റിയ ക്നായ്തോമ്മായുടെ പിൻതലമുറക്കാരായ ഓജസും തേജസുമുള്ള ഒരു വിശ്വാസ സമൂഹമാണ് ഇവിടെ ഉള്ളത്. തങ്ങൾ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച ക്നാനായ വിശ്വാസവും പൈതൃകവും പാരമ്പര്യവും അല്പം പോലും കൈമോശം വരാതെ അടുത്ത തലമുറക്ക് കൈമാ റണമെന്നുള്ള ഉദ്ദേശത്തോടെ മനോഹരമായ ഒരു ദൈവാ ലയം പണിയണമെന്ന് ഇവർ ആഗ്രഹിച്ചു. അതിനായി പ്രയ ത്നിച്ചു. അപ്പോഴും ഒരു ശങ്ക ബാക്കിനിന്നു: ഇത് തങ്ങളെ ക്കൊണ്ട് സാധിക്കുമോ. എന്നാൽ “ചെറിയ ആട്ടിൻകൂട്ടമെ ഭയപ്പെടരുത്. നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നൽകാൻ പ്രസാദിച്ചിരിക്കുന്നു” എന്ന കർത്താവിന്റെ വചനം ഇവർക്ക് പ്രേരണയും പ്രചോദനവുമായി.

ഇവരുടെ തീവ്രമായ ആഗ്രഹത്തിന്റെയും ഉദാരതയു ടെയും കഠിനാദ്ധ്വാനത്തിന്റെയും പരിണിത ഫലമാണ് 2014 നവംബർ 7-ാം തീയതി ക്നാനായ അതിഭദ്രാസനത്തിന്റെ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് സേവേ റിയോസ് തിരുമേനിയും കല്ലിശ്ശേരി മേഖലയുടെ മെത്രാപ്പോ ലീത്ത അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരു മേനിയും റാന്നി മേഖലയുടെ മെത്രാപ്പോലീത്ത അഭി. കുറി യാക്കോസ് ഈവാനിയോസ് തിരുമേനിയും ചേർന്ന് കൂദാശ ചെയ്തു. പൊതു ആരാധനക്കായി സമർപ്പിക്കപ്പെട്ട മാർ യൂഹാനോൻ മാംദാനപള്ളി ആദിമ സഭയിലെ വിശ്വാസിക ളെപോലെ ഒരേ മനസും അർപ്പണബോധത്തോടെയുമാണ് ഈ വിശ്വാസികൾ മുഴുവൻ പള്ളിപണിക്കായി സഹകരിച്ചത്. തങ്ങൾക്ക് കൊടുക്കാവുന്നതിലധികം കൊടുത്തുകൊണ്ട് പതിനേഴ് മാസംകൊണ്ടാണ് ഈ പുതിയ ദൈവാലയവും കുരിശിൻ തൊട്ടിയും പണിതുയർത്തിയത്.

ക്നാനായ അതിഭദ്രാസനത്തിലെ യൂഹാനോൻ മാംദാന യുടെ നാമത്തിലുള്ള ഏക ദൈവാലയമെന്നുള്ള ബഹു മതിയും എണ്ണിക്കാടിനു സ്വന്തം. ഇവിടെ യൂഹാനോൻ മാംദാ നയുടെ മദ്ധ്യസ്ഥതയിൽ അഭയം തേടുന്നവർക്ക് പല അത്ഭുത സിദ്ധികളും ലഭിക്കുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. ഒരു കാര്യം സത്യമാണ്. ഈ ദൈവാ ലയത്തിന്റെ ഒരു സംരംഭവും ഇന്നുവരെ ഫലവത്താകാതെ പോയിട്ടില്ല.

ഈ ദൈവാലയത്തിന്റ ആധാരശിലയായത് 1950-ൽ സ്ഥാപിച്ച സൺഡേസ്കൂളാണ്. കല്ലിശ്ശേരി സെന്റ് മേരീസ് പള്ളി ഇടവകയിലെയും ഇരവിപേരൂർ സെന്റ് മേരീസ്പള്ളി ഇടവകയിലെയും എണ്ണിക്കാട് താമസക്കാരായ പത്ത് കുടും ബങ്ങൾ ചേർന്ന് 1952-ൽ ചെറിയൊരു സൺഡേസ്കൂൾ കെട്ടിടം പണിതു. സ്വന്തമായി ഒരു പള്ളി വേണമെന്നുള്ള സഭാഗങ്ങളുടെ അദമ്യമായ ആഗ്രഹവും അഭ്യർത്ഥനയും മാനിച്ച് സമുദായ മെത്രാപ്പോലീത്ത അഭി. ഏബ്രഹാം മാർ



ക്ലീമീസ് തിരുമേനി 1960-ൽ സൺഡേസ്ക്കൂൾ കെട്ടിടം കൂദാ ശ ചെയ്ത് ദൈവാലയമാക്കി മാർ യൂഹാനോൻ മാംദാന പള്ളി എന്ന് നാമകരണം ചെയ്തു. പിന്നീട് 1980-ൽ പുതിയ ഒരു പള്ളി പണിതു. അതിന്റെ കൂദാശയും അഭി. ക്ലീമീസ് തിരുമേനി തന്നെ നിർവഹിച്ചു. അന്നത്തെ ആ ചെറിയ പള്ളിയും ഇന്നത്തെ പുതിയ വലിയ പള്ളിയും തമ്മിലുള്ള അകലം കേവലം മുപ്പത്തിനാലു വർഷം മാത്രം. എണ്ണിക്കാട് ഇടവകയുടെ പ്രഥമ വികാരി ബഹുമാനപ്പെട്ട പീടികയിൽ പി.റ്റി തോമസ് അച്ചൻ മുതൽ ഇപ്പോഴത്തെ വികാരി ബഹു മാനപ്പെട്ട വി.എ. ഏബ്രഹാം ഇളയശ്ശേരിൽ അച്ചൻ വരെ പല ശ്രേഷ്ഠ വൈദികരും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോഴത്തെ വികാരി ബഹുമാനപ്പെട്ട വി.എ. ഏബ്രഹാം ഇള യശ്ശേരിൽ അച്ചൻ സമുദായത്തിന്റെ വികാരി ജനറാൾ കൂടി യാണെന്ന കാര്യം എടുത്തു പറയട്ടെ.

ദീർഘവീക്ഷണത്തോടുകൂടി ഒരു പുതിയ പള്ളി എന്ന ആശയം ഇടവക മനസുകളിൽ കുത്തി വച്ചത് ബഹുമാന പ്പെട്ട ചെറിയാൻ കൂട്ടോത്ര അച്ചനാണ്. ഇടവകയുടെ സർവ്വോന്മുകമായ വളർച്ചക്കും പുതിയ ദൈവാലയത്തിന്റെ നിർമ്മാണത്തിനും വേണ്ടി അദ്ദേഹം സർവ്വാത്മനാ ചെയ്ത സേവനങ്ങൾ സ്മരണീയമാണ്. അദ്ദേഹം തുടങ്ങി വച്ച നിർമ്മാണ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ഷാജി ജേക്കബ് പുത്തൻപുരയ്ക്കൽ അച്ചൻ പൂർത്തിയാക്കി.

ഇപ്പോഴത്തെ വികാരി ബഹുമാനപ്പെട്ട വികാരി ജനറാൾ വി.എ. ഏബ്രഹാം ഇളയശ്ശേരിൽ അച്ചൻ ഇടവകയുടെ ആത്മീയാഭിവൃത്തിക്കുവേണ്ടി ശുഷ്കാന്തിയോടെ പ്രവർത്തി ച്ചുകൊണ്ടിരുന്നു.

കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ് എന്നുള്ള ദൈവവചനം എണ്ണിക്കാട് ഇടവകയെ സംബന്ധിച്ചിടത്തോളം അർത്ഥവത്താണ്. അല്ലെ ങ്കിൽ അൻപതു വീട്ടുകാർ മാത്രമുള്ള ഒരു ചെറിയ ഇടവ കയ്ക്ക് ഇത്ര പ്രൗഢിയും ചാരുതയുമാർന്ന ഒരു ദൈവാലയം പണിയുവാൻ കഴിയുമായിരുന്നില്ല. മദർ തെരേസയുടെ വാക്കുകൾ ഇവിടെ അന്വർത്ഥമാണ്.

‘What we do is for Jesus, with Jesus, to Jesus".

# "ദൈവ വചനം ദൈവാത്മാവിൽ പ്രസംഗിക്കപ്പെടണം"

റ്റി.കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

സുവിശേഷത്തിന്റെ അന്തസത്തയ്ക്ക് കോട്ടം വരത്തക്കവിധം, വ്യക്തികളുടെ ഇഷ്ടാനുസരണം വചനത്തെ വളച്ചൊടിച്ച് കേൾവിക്കാരിൽ എത്തിക്കുന്ന ഒരു പ്രവണത ഇന്നു നിലനിൽക്കുന്നു. ദൈവം വചനത്തിൽ എന്ത് അർത്ഥമാക്കിയോ, അതിനെ സ്വന്ത ഇഷ്ടാനുസരണം വ്യാഖ്യാനിച്ച്, വിശ്വാസികളെ നരക യോഗ്യരാക്കുന്ന ഒരു വചന ശുശ്രൂഷാ സംസ്ക്കാരം ഇന്നു നിലനിൽക്കുന്നു എന്നു തിരിച്ചറിയാതെ പോകരുത്. പരിശുദ്ധ പത്രോസ് ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിന് എതിര് നിൽക്കുന്ന ഒരു സഭാ വിഭാഗത്തിന്റെ പ്രസംഗം യാദൃച്ഛാ ഞാൻ കേൾക്കാനിടയായി, പ്രസംഗവിഷയം."പത്രോസിന്റെ ജീവിതത്തിലെ ഏഴു കുറവുകൾ". അദ്ദേഹം ചൂണ്ടി കാട്ടിയ ഒന്നാമത്തെ കുറവ്, "സ്വാഭിമാനം" (മത്താ. 26:38). അതിനു പത്രോസ് എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല എന്ന് ഉത്തരം പറഞ്ഞു. രണ്ടാമത്തെ കുറവ് "ശ്രദ്ധയില്ലായ്മ (മത്താ. 26:40) പിന്നെ അവൻ ശിക്ഷ്യന്മാരുടെ അടുക്കൽ വന്നു. അവർ ഉറങ്ങുന്നതു കണ്ട് പത്രോസിനോട് എന്നോടുകൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ? മൂന്നാമത്തെ കുറവ്, "എടുത്തുചാട്ടം" (യോഹ. 18:10) ശിമോൻ, പത്രോസ് തനിക്കുള്ള വാൾ ഊരി മഹാ പുരോഹിതന്റെ ദാസനെ വെട്ടി അവന്റെ വലത്തു കാത് അറുത്തു കളഞ്ഞു. നാലാമത്തെ കുറവ് "ദൂരെ അനുഗമിച്ച്" (മത്താ. 16:58) എന്നാൽ പത്രോസ് ദൂരവെ മഹാപുരോഹിതന്റെ അരമനയോളം പിൻചെന്നു, അകത്തു കടന്ന് അവസാനം കാണ്മാൻ സേവകരോടുകൂടെ ഇരുന്നു. അഞ്ചാമത്തെ കുറവ് "ദുഷിച്ച കൂട്ടുകെട്ട്" (യോഹ. 18:18) അന്ന് കുളിർ ആകകൊണ്ട് ദാസന്മാരും, സേവകരും കനൽകൂട്ടി തീ കാഞ്ഞുകൊണ്ടിരുന്നു, പത്രോസും അവരോടുകൂടി തീ കാഞ്ഞു കൊണ്ടിരുന്നു. ആറാമത്തെ കുറവ് "തുറന്ന തള്ളിപ്പറച്ചിൽ" (യോഹ. 18:25) ശീമോൻ പത്രോസ് തീ കാഞ്ഞുകൊണ്ടു നിൽക്കുമ്പോൾ നീയും അവന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയോ എന്ന് ചിലർ അവനോടു ചോദിച്ചു. അല്ല എന്ന് അവൻ മറുത്തു പറഞ്ഞു. അദ്ദേഹം കണ്ട ഏഴാമത്തെ കുറവ് "പൂർണ്ണമായ തള്ളിപ്പറച്ചിൽ", (മത്താ.26:73-74) അല്പനേരം കഴിഞ്ഞിട്ട് അവിടെ നിന്നവർ അടുത്തുവന്നു പത്രോസിനോട് നീയും അവരുടെ കൂട്ടത്തിലുള്ളവൻ സത്യം, നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ എന്നു പറഞ്ഞു, അപ്പോൾ അവൻ ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് പ്രാകുവാനും ആണയിടുവാനും തുടങ്ങി ഇതായിരുന്നു ആ പ്രസംഗ രത്നച്ചുരുക്കം.



വിശുദ്ധ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ആധികാരികമായി ഒരാൾ സംസാരിക്കുമ്പോൾ, കേൾവിക്കാരായ സാധാരണക്കാർക്ക് അതിൽ തെറ്റൊന്നും കണ്ടെത്താൻ കഴിയണമെന്നില്ല. എന്നാൽ ഇവിടെ ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ അല്ലേ ആ വചന ശുശ്രൂഷകൻ ചോദ്യം ചെയ്തത് എന്ന ഒരു ഉൾവിളി എന്റെ ചിന്തകളെ അസ്വസ്ഥമാക്കി. താൻ തിരഞ്ഞെടുത്ത തന്റെ ശിഷ്യന്മാരുടെ സ്വഭാവ നൈർമ്മല്ല്യത്തെക്കുറിച്ച് യേശു തമ്പുരാന് ശരിയായ അവബോധം ഉണ്ടായിരിക്കും എന്നതിൽ ആർക്കും സംശയം പാടില്ലല്ലോ. പ്രവചനങ്ങളുടെ പൂത്തീകരണത്തിനായി ഇവയൊക്കെയും സംഭവിക്കേണ്ടിയിരുന്നു എന്ന് പ്രസംഗിക്കേണ്ടതിനു പകരം, വേദപുസ്തകത്തിലെ വാക്യങ്ങളെ വളച്ചൊടിച്ച്, പത്രോസ് എന്ന സഭയുടെ അടിസ്ഥാന ശിലയെ തുച്ഛീകരിച്ചു കാണിക്കുവാനുള്ള കേവലം തരം താഴ്ന്ന ജല്പനങ്ങളായി നമുക്ക് ഇതിനെ കാണാം. യേശുക്രിസ്തു ജീവിച്ചിരുന്ന കാലഘട്ടത്തിൽ അവിടുന്നു ചെയ്തിട്ടുള്ള അത്ഭുതങ്ങളും, അടയാളങ്ങളും, രോഗ ശാന്തിയും, ഇന്ന് ചില ദൈവദാസന്മാർ, അനായസേന ചെയ്ത് കൈയ്യടി തേടുന്നത് ഏറെ കൗതുകത്തോടും, അത്ഭുതത്തോടും നോക്കി നിൽക്കാനെ കഴിയൂ. രോഗശാന്തിക്ക് കൈക്കൂലി, അതും ആക്കൗണ്ടിലേക്ക് കൈമാറുക, ദൈവദാസന്മാർ ഫോണിലൂടെ പ്രാർത്ഥിച്ച് അക്കൗണ്ടിൽ പണമെത്തിക്കുക തുടങ്ങി മുമ്പൊരിക്കലും കേട്ടിട്ടില്ലാത്തവിധം ദൈവത്തേയും, ദൈവിക മൂല്യങ്ങളേയും, സമൂഹത്തിൽ പരിഹാസ പാത്രമാക്കുന്ന ഒരു ചെറിയ ശതമാനം സ്വയം പ്രഖ്യാപിത ദൈവദാസന്മാർ ഉണ്ട് എന്നത് മറച്ചു വയ്ക്കാനാകാത്ത യാഥാർത്ഥ്യം. ബുദ്ധിയുള്ളവർ ഒന്നു ചിന്തിക്കുക, ദൈവവചനം ദൈവാത്മാവിൽ പ്രസംഗിക്കപ്പെടുന്നു എങ്കിലെ അത് വ്യക്തികളിലും, സമൂഹത്തിലും, ക്രിയ ചെയ്യൂ. ദൈവവചനം മറ്റുള്ളവരെ എയ്യുവാനുള്ള ഒളിയമ്പുകളായി മാറുമ്പോൾ, ആ ശുശ്രൂഷയെ ദൈവഭൂഷണമായി മാത്രമേ കണക്കാക്കപ്പെടാനാകൂ. ദൈവത്തിന്റെ പേരിലുള്ള ചെക്കുലീഫ് ദൈവം ഒപ്പിട്ടു നൽകിയാൽ മാത്രമാകും അത് പണമായി മാറികിട്ടൂ, ദൈവത്തിന്റെ പേരിലുള്ള ചെക്കുലീഫ് ഞാൻ ദൈവദാസൻ എന്നു പറഞ്ഞ് ആരെങ്കിലും ഒപ്പിട്ടു നൽകിയാൽ അത് ഒരിക്കലും മാറിക്കിട്ടില്ല എന്ന തിരിച്ചറിവ് ദൈവനാമം വ്യഥാ എടുക്കുന്ന ദൈവദാസന്മാർ എന്ന് സ്വയം വിശേഷിപ്പിക്കുന്നവർ തിരിച്ചറിഞ്ഞാൽ നന്നായിരിക്കും.

## MERITORIOUS ACHIEVEMENT



# ASHER ABRAHAM

| | | | |
|---|---|---|---|
| KEAMS 2022 : Rank 19 | | JEE MAINS 2022 | : AIR 1477 |
| CUSAT 2022 : AIR 5 | | JEE ADVANCED | : AIR 2427 |
| NTSE | : QUALIFIED | KVPY 2021 | : AIR 561 |

Asher has joined IIT Madras for B Tech in Mechanical Engineering. He is the son of Mr. Santhosh Abraham and Dr. Manju Abraham (Pattarumadathil, Kattode) and the grandson of Mrs & Mr A. P. Joseph (Pattarumadathil. Trivandrum) and Mrs & Late Mr. E. T. Abraham (Ezhumayil Chingavanam). His sister Lydia is final year MBBS student at Government Medical College, Kottayam.

Advt -S

## 50 – ാം വിവാഹ വാർഷികം

22 – 11 – 2022



## കെ. റ്റി. കുര്യൻ & കുഞ്ഞൂഞ്ഞമ്മ

**തിരുവോണം വില്ല, തിരുവൻവണ്ടൂർ**

മക്കൾ : സിനി, സുമേഷ്, സജിത
മരുമക്കൾ : റജി, അനി, ലിജൻ
കൊച്ചുമക്കൾ : അമ്മു, അമൽ, നോഹ, ദാൻ, നോറ, ലൻ, ലി

Advt -R

## 50th Wedding Anniversary

19 – 11 – 2022



## P. A. Thampy & Rajam Thampy

**Pulimoottil, Kochi**


50 years of Love, 50 Years of togetherness, 50 Years of marriage,
Happy 50th Anniversary Appachan and Ammachi.

Thank you Lord
Johan, Cinda, Phil & Rowan.

Advt -O


GERMAN
KNANAYA FAMILY MEET - 2022






1st GERMAN
KNANAYA FAMILY
MEET 2022



Advt -O

## മലങ്കര സുറിയാനി ക്നാനായ വിമൻസ് അസോസിയേഷന്റെ 2023 - ലെ സഭാ കലണ്ടർ പ്രകാശനം



മലങ്കര സുറിയാനി ക്നാനായ വിമൻസ് അസോസിയേഷന്റെ 2023 – ലെ സഭാ കലണ്ടർ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി കുറിച്ചി മന്ദിരം ക്നാനായ തിരുശേഷിപ്പ് ചാപ്പലിൽ 12.11.2022 ൽ ശ്രീമതി ഷൈനി ചെറിയാൻ കുന്നുതറക്ക് നൽകികൊണ്ട് പ്രകാശനം ചെയ്തു. ആലീസ് ജെയിംസ്, സെലീമ്മ ജോസഫ്, കേന്ദ്ര സെക്രട്ടറി ബിൻസി സഖറിയ, സ്മിത സാബു, അന്നമ്മ സാബു, എക്സ് ഒഫീഷ്യോ പ്രസിഡന്റ് റവ. ഫാ. വി. എ. എബ്രഹാം ഇളയശ്ശേരിയിൽ, ലീലാമ്മ തോമസ്, കേന്ദ്ര പ്രസിഡന്റ് റവ. സി. മരിയ, കേന്ദ്ര ട്രസ്റ്റി പ്രീതി സ്കറിയ, ഡോ. മറിയാമ്മ തോമസ്സ്, റജി തോമസ്, സുജ സ്കറിയ എന്നിവർ സമീപം.



## ആദരാഞ്ജലികൾ
## ക്നാനായദീപം & ക്ലീമിസ് പ്രസ്സ്

## റവ. ഫാ. ജേക്കബ് ചാക്കോ
**ഉള്ളാട്ടിൽ**, USA




# KNANAYA SAUDI ASSOCIATION

Kingdom of Saudi Arabia - Dammam

Managing Committee 2022-33

**PRESIDENT**



**JOMON KURIAKOSE**
Kavumkal House
ST. Thomas Valiyapally
Ranny

**SECRETARY**



**ROJY KURIAKOSE**
Plathodathil House
ST. Mary's Knanaya Church
Eraviperoor

**TRUSTEE**



**MATHEW THOMAS**
Elamkavil House
ST. Thomas Valiyapally
Ranny

## Committee Members



**EBIN JACOB**
Pazhoor House
ST. Kuriakose Church
Aythala



**SUJITH MATHEW**
Arthumannil House
ST. Mary's Knanaya Church
Eraviperoor



**SAJU PUNNOOSE**
Mallappallil House
ST. Thomas Valiyapally
Ranny



**BINOY ZACHARIAH**
Panayidathusseril House
ST. George Valiyapally
Neelamperoor



**JUBIN KURUVILLA**
Thyparampil House
ST. George Knanaya Church
Venpala

Advt -O

# സഭാദൗത്യം

ഫാ. ജോസഫ് കുളത്രാമണ്ണിൽ

കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ പിൻതുടർച്ചയും വ്യാപനവുമാണ് സഭ. അതിനായിട്ടാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. ആദിമസഭയുടെ മഹത്വവും പിൻതുടർച്ചയും നഷ്ടപ്പെട്ട ഒരു സംഘടനയാണ് ഇന്നു കാണുന്ന സഭ. പടിഞ്ഞാറൻ സഭകൾ റോമൻ സാമ്രാജ്യത്തിന്റെ ഭരണ സംവിധാനത്തിലേയ്ക്ക് ക്രമേണ എത്തപ്പെടുകയും ഒരു കേന്ദ്രീകൃത ഭരണം നടപ്പിൽ വരുത്തുകയും ചെയ്തു. ജനാധിപത്യവും സ്വാതന്ത്ര്യവും തുടർന്നുവന്നിരുന്ന മലങ്കരസഭ പോർട്ടുഗീസുകാരുടെ വരവോടെ റോമൻ രാജഭരണരീതി സ്വീകരിക്കേണ്ടതായി വന്നു. റോമിന്റെ പ്രതിനിധിയായി ഒരു രാജകീയ എപ്പിസ്ക്കോപ്പസിയും നിലവിൽ വന്നു. ഇതോടുകൂടി സഭയിൽ ഉണ്ടായിരുന്ന അപ്പോസ്തോലിക പഠിപ്പിക്കലുകളും ക്രിസ്തു ദർശനങ്ങളും നഷ്ടപ്പെട്ടു. കർത്താവും അപ്പോസ്തോലന്മാരും പഠിപ്പിച്ചതും പ്രാവർത്തികമാക്കിയതുമായ ശുശ്രൂഷാ മനോഭാവത്തോടോ, ധാരണകളോടോ പുലബന്ധം പോലുമില്ലാതെ പദവിക്കുവേണ്ടിയും സമ്പത്തിനുവേണ്ടിയും ഉള്ള കലഹങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിന് ഉപോൽബലമായി സിംഹാസന വാദവും, കിരീടവും അധികാരവും ആഡംബര ജീവിതവും സഭാനേതൃത്വത്തിന്റെ അവിഭാജ്യഘടകമായി തീർന്നു. സഭയുടെ പാരമ്പര്യവും, ദൗത്യവും, സ്വഭാവവും വചനാടിസ്ഥാനത്തിൽ പാലിക്കാത്തിടത്തോളം കാലം സഭാദൗത്യം എന്തെന്ന് മനസ്സിലാക്കുവാൻ സാധിക്കുകയില്ല. നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു ആരംഭിച്ച പ്രവർത്തനങ്ങളും പിൻതുടർച്ചയും പൂർത്തീകരണവുമാണ് സഭയുടെ ദൗത്യം. ഈ ലോകത്തിലാണ് സഭ രൂപീകരിച്ചതെങ്കിലും വ്യത്യസ്ഥങ്ങളായ കാഴ്ചപ്പാടുകളാണ് സഭയ്ക്കുള്ളത്. ലോകത്തെ രൂപാന്തരപ്പെടുത്തി ഈ സമൂഹത്തിനു പ്രയോജനപ്പെടുത്തുക എന്ന ദൗത്യമാണ് പ്രധാനമായിട്ടുള്ളത്. അതുകൊണ്ടാണ് യോഹന്നാന്റെ സുവിശേഷം 20:21-ാം വാക്യത്തിൽ കർത്താവ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. തുടർന്ന് പരിശുദ്ധാത്മ നൽവരവും അധികാരവും നൽകപ്പെടുകയാണ്. രക്ഷയുടെ അനുഭവത്തിലേയ്ക്ക് സകലജാതികളേയും സുവിശേഷീകരണത്തിലൂടെ കൊണ്ടുവരിക എന്ന വലിയ ദൗത്യം കർത്താവു സഭയെ ഭരമേല്പിച്ചിരിക്കുന്നു. ഈ ചുമതലയിൽ നിന്നും മാറിനിൽക്കുവാൻ സഭയ്ക്കോ, വിശ്വാസികൾക്കോ സാദ്ധ്യമല്ല. ചൂഷിതരും വിദ്യാവിഹീനരുമായ ഭാരതത്തിലെ ജനകോടികളെ ഉദ്ധരിക്കുകയും വിമോചിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം ഒന്നാം നൂറ്റാണ്ടുമുതൽ നിലവിലുണ്ടെന്നവകാശപ്പെടുന്ന കേരളത്തിലെ ക്രൈസ്തവർക്കുണ്ട്. ഇത് നിറവേറ്റുന്നതിൽ നാം വിജയിച്ചിട്ടുണ്ടോ? നമ്മുടെ ഇടവകകളുടെ സാമ്പത്തികശേഷി സമൂഹനന്മയ്ക്കായി ചിലവഴിച്ചിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്നു മനസ്സിലാക്കണം.

യേശുക്രിസ്തു തന്റെ മൂന്നരവർഷത്തെ പ്രേഷിതപ്രവർത്തനം വർഗ്ഗവർണ്ണവ്യത്യാസമില്ലാതെ സർവ്വരേയും രക്ഷയുടെ അനുഭവത്തിലേക്കു നയിച്ചതുപോലെ സഭ ആ ദൗത്യം ഏറ്റെടുക്കണം. ആദിമസഭാ പിതാക്കന്മാർ അതു പൂർണ്ണമായി നടപ്പാക്കി അന്യോന്യമുള്ള കരുതലും കൂട്ടായ്മയും നമ്മുടെ ചുമതലയായി സഭയായും, ഇടവകയായും ഏറ്റെടുക്കണം. നമ്മുടെ സഭകളുടെ ബഡ്ജറ്റുകൾ പരിശോധിച്ചാൽ വരുമാനത്തിന്റെ നല്ല ശതമാനവും കേസുകൾ നടത്തുന്നതിനും ബാക്കി സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും സുഖലോലുപതയ്ക്കും വേണ്ടിയാണ് ചിലവഴിക്കുന്നത്. കർത്താവിന്റെ ശുശ്രൂഷാ മനോഭാവം നമ്മിൽ ഉണ്ടായാൽ മാത്രമേ ഇതു പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. ആ മനോഭാവം ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമായിട്ടാണ് താൻ ഈ ലോകത്തിൽ അവതരിച്ചത്. ഇത് (മർക്കോ. 10:25) തന്റെ സ്വന്തം പ്രദേശമായ നസ്രേത്തിലെ ആദ്യപ്രസംഗത്തിലൂടെ നടത്തിയ പ്രഖ്യാപന (ലൂക്കോ. 14:18-19) വാക്യത്തിലൂടെ യെശയ്യാപ്രവാചകന്റെ പ്രവചന പൂർത്തീകരണമായിരുന്നു. "ദരിദ്രരോടുള്ള സുവിശേഷം അറിയിക്കാൻ കർത്താവെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. അതിനാൽ അവന്റെ ആത്മാവ് എന്റെ മേലുണ്ട്. ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്ക് കാഴ്ചയും പീഢിതർക്കു വിടുതലും കൊടുപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനകവാടം തുറന്നു കൊടുക്കുകയാണ് താൻ ചെയ്തത്. തന്റെ ദൗത്യവും ചുമതലയും ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്. അതു സഭയുടെ ഉത്തരവാദിത്വം ആണെന്നും കർത്താവ് ഇവിടെ വെളിപ്പെടുത്തിയിരിക്കുകയാണ്. സഭയുടെ പ്രവർത്തനങ്ങൾ ആത്മീയം മാത്രമല്ല മനുഷ്യസമൂഹത്തോടും ഭൗതീകലോകത്തോടും ബന്ധപ്പെട്ടിരിക്കുന്നു. നീതിയേയും സ്വാതന്ത്ര്യത്തേയും സമത്വത്തേയും ഇവിടെ അടിവരയിട്ടു പറയുന്നു. അന്യോന്യമുള്ള കരുതലും (എബ്രാ.10:24-28) അദ്ധ്വാനിക്കുന്നവരോടും ദരിദ്രരോടുമുള്ള സഭയുടെ മനോഭാവം ക്രിസ്തുവിന്റേതായിരിക്കണം. സഭയുടെ ഉത്തരവാദിത്വം മനുഷ്യവർഗ്ഗത്തിന്റെ ആത്മീയവും ഭൗതീകവുമായ പുരോഗതിക്കു വേണ്ടിയായിരിക്കണം. നമ്മുടെ പ്രവർത്തനങ്ങൾ ക്രിസ്തുവിന്റെ ശുശ്രൂഷാമനോഭാവത്തിനനുസരണമായി രൂപാന്തരപ്പെടുത്തണം (മാർക്കോ.10:45).

സഭയുടെ ഭരണക്രമവും പാരമ്പര്യവും ഇന്നു പരിശോധിച്ചാൽ ആദിമപിതാക്കന്മാരോടും അവരുടെ പാരമ്പര്യത്തോടും എന്തെങ്കിലും ബന്ധമുണ്ടോ? എന്തെങ്കിലും നീതീകരണമുണ്ടോ? വിശ്വാസികളുടെ എണ്ണവും സാമ്പത്തികവും വർദ്ധിച്ചതോടെ ഭരണക്രമത്തിനു മാറ്റം സംഭവിച്ചു. ശെമ്മാ



ശ്ശൻ (ഡീക്കൻ) കാശ്ശീശ്ശോ (പ്രസ്ബിറ്റർ) എപ്പിസ്ക്കോപ്പാ (ബിഷപ്പ്/ഓവർസിയർ) എന്നീ സ്ഥാനികൾ അപ്പസ്തോല ന്മാരെ പിൻപറ്റിയവരും, ക്രിസ്തുവിന്റെ മനോഭാവത്തോടെ അനുരൂപപ്പെട്ടവരും ആയിരുന്നു. അവർ രക്ഷയുടെ അനുഭ വത്തിലേക്കു വന്നവരെ ഒന്നിച്ചുകൂട്ടി കൂട്ടായ്മ ആചരിക്കു കയും സ്ഥാനത്തിൽ അഹംഭാവം കാണിക്കാതെ ജനങ്ങളെ സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. ഈ സ്ഥാനികൾ മരണത്തെ സ്വയം വരിക്കുകയും രക്തസാക്ഷി കളാവുകയും ചെയ്തു. അവർ പീഢനങ്ങൾ സഹിച്ചായി രുന്നു സഭയെ നയിച്ചത്. ഇന്നു കാണുന്ന പ്രൗഢിയോ പ്രതാ പമോ അവർക്കില്ലായിരുന്നു. ആ പുണ്യവാന്മാരുടെ നാമ ധേയം വരിച്ചാണ് സഭയുടെ ഭരണചക്രം രാജകീയമായി നയി ക്കുന്നത്.

ലോക ക്രൈസ്തവ സമൂഹത്തിൽ എപ്പിസ്ക്കോപ്പൽ സഭ കളും എപ്പിസ്കോപ്പസിയെ നിരാകരിക്കുന്ന സഭകളും ഉണ്ട്. എപ്പിസ്കോപ്പസിയെ നിരാകരിക്കുന്നവരുടെ ചിന്താഗതി എപ്പി സ്കോപ്പിസിയുടെ ഏകാധിപത്യ രാജഭരണരീതിയും അധി കാര വടംവലിയും ആത്മീയതയിൽ നിന്നും ഫ്യൂഡലിസ ത്തിൽ നിന്നും രാജവാഴ്ച ശൈലിയിലേക്കും പ്രയാണം ചെയ്തിരിക്കുന്നുവെന്നതാണ് സത്യം. ചരിത്രപരമായ എപ്പി സ്കോപ്പസിയുടെ പ്രാധാന്യം, അതിന്റെ പ്രവർത്തന ശൈ ലിയിലൂടെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തി ആരംഭമിട്ട രാജകീയശൈലി സഭയെ രാജകീയമാക്കി. റോമസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി ക്രൈസ്തവസഭയെ പ്രഖ്യാപിച്ചതോടെ സഭയ്ക്ക് അധികാരവും സമ്പത്തും വർദ്ധിച്ചു. അന്നത്തെ പ്രധാന പട്ട ണങ്ങളായ അലക്സാന്ത്രിയ, കോൺസ്റ്റാന്റിനോപ്പിൾ മുത ലായ പ്രധാന പട്ടണങ്ങൾ (മെട്രാപ്പോലിറ്റൻ സിറ്റികൾ) സഭാ കേന്ദ്രങ്ങളായി മാറ്റപ്പെട്ടു. (Metro+ polis) Metro = പ്രധാന Polis = പട്ടണം. ഈ വലിയ സിറ്റികൾ എപ്പിസ്കോപ്പന്മാ രുടെ ഇരിപ്പിടങ്ങളും ഭരണകേന്ദ്രങ്ങളുമായി മാറി. യാത്രാ സൗകര്യങ്ങളും കമ്മ്യൂണിക്കേഷനുമൊക്കെ ഫലപ്രദമായി ഉപയോഗിക്കാൻ പട്ടണങ്ങൾ പര്യാപ്തങ്ങളായി. സാമ്പ ത്തിക ശ്രോതസ്സുകളായ ഈ പട്ടണങ്ങളിലെ എപ്പിസ്ക്കോ പ്പന്മാർ വിദൂരപ്രദേശങ്ങളിലെ നിയന്ത്രണങ്ങളും ഏറ്റെടുത്തു. മെത്രാപ്പോലീത്ത ഭരണാധിപന്മാരുമായി തീർന്നു. പിൽക്കാ ലത്ത് രാജാവിന്റെ പിൻതുണയോടു കൂടിയ സഭാകൗൺസി ലുകൾ ഈ കേന്ദ്രങ്ങളെ സഭാകേന്ദ്രങ്ങളാക്കി മാറ്റു കയുണ്ടായി. പ്രാദേശിക മായ ഭാഷയും, സംസ്ക്കാ രവും, പരിഷ്ക്കാരവും വളരെ സ്വാധീനം ചെലു ത്തുകയും ചെയ്തു. ഇങ്ങനെ ഒരു അധികാര ശ്രേണി (ഹൈരാർക്കി) നിലവിൽ വന്നു. സാമ്പ ത്തിക നേട്ടവും രാഷ്ട്രീയ സ്വാധീനവും കൈവന്ന തോടെ സഭയുടെ കാഴ്ച പ്പാടിനു വലിയ വ്യതി യാനം സംഭവിച്ചു.

അപ്പസ്തോലിക കാലം കഴിഞ്ഞശേഷം അവരുടെ പിൻഗാമികളും ആദിമപിതാക്കന്മാരുടെ ശൈലി തുടർന്നു. അതു ക്രമേണ കുറഞ്ഞ് അധികാര വടം വലിക്കും കലഹങ്ങൾക്കും കാരണമായി. വിഭാഗീയ ചിന്താ ഗതി ഒന്നായിരുന്ന ക്രിസ്തുവിന്റെ ശരീരത്തെ പല കഷണ ങ്ങളാക്കി ഭിന്നിപ്പിച്ചു. നൂറ്റാണ്ടുകൾ കഴിഞ്ഞതോടെ സഭ യുടെ ഭാവത്തിലും രൂപത്തിലും വലിയ മാറ്റങ്ങളാണ് സംഭ വിച്ചത്. ഭാരിച്ച സമ്പത്തും സ്ഥാപനങ്ങളും പടുകൂറ്റൻ ദൈവാ ലയങ്ങളും നിർമ്മിച്ച് മരണത്തെ മുഖാമുഖം ദർശിച്ച പിതാ ക്കന്മാരുടെ പിൻഗാമികൾ അരമനവാസികളായി തീർന്നു. ഈ സമ്പന്നത അഴിമതിയിലേക്കു നയിക്കുകയും ആത്മചൈ തന്യം നഷ്ടപ്പെട്ട് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേരു കയും ചെയ്തു.

കോവിഡ് എന്ന മഹാമാരിയെപ്പോലും ഭയപ്പെടാതെയാണ് മലങ്കരസഭയിൽ നടക്കുന്ന പള്ളിപിടുത്തവും സമരങ്ങളും നടക്കുന്നത്. തുർക്കി ഭരണാധികാരികൾ കോടതിവിധിയുടെ മറവിൽ ഏറ്റവും പുരാതന ദൈവാലയങ്ങൾ മോസ്ക്ക് ആക്കി മാറ്റിക്കൊണ്ടിരിക്കുന്ന കാഴ്ച എത്രയോ വേദനാജനകമാണ്. അതിലും ഭയങ്കരമായി സർവ്വരേയും ലജ്ജിപ്പിക്കത്തക്കവണ്ണം മലങ്കരസഭയിലും പള്ളിപിടുത്തവും കേസുകളും നടക്കുന്ന ത്. ഏഴല്ല എഴുപത് പ്രാവശ്യം ക്ഷമിക്കാൻ കല്പിച്ച ക്രിസ്തു നാഥന്റെ അനുയായികളാണിതെല്ലാം കാട്ടിക്കൂട്ടുന്നത്. ഈ നാട്ടിലെ അക്രൈസ്തവരുടെ ഇടയിൽ എങ്ങനെ സാക്ഷിക ളായി തീരുവാൻ നമുക്കു കഴിയും. അധികാരമുറപ്പിക്കുന്ന തിനുവേണ്ടി സിംഹാസനവാദവും അധികാര ചിഹ്നങ്ങളും മറ്റും ഉപയോഗിക്കാൻ തുടങ്ങി. ഇവരുടെ വേഷഭൂഷാദികൾ ജനങ്ങളുടെ ഇടയിൽ ഭയഭക്തി ജനിപ്പിക്കുകയും അവരെ അടിമകളാക്കി മാറ്റുകയും ചെയ്യും.

ക്രിസ്തു കേന്ദ്രീകൃതമായിരുന്ന സഭ ഇന്ന് എപ്പി സ്ക്കോപ്പ കേന്ദ്രീകൃതസഭയായി മാറിക്കഴിഞ്ഞിരിക്കുകയാ ണ്. യേശുക്രിസ്തു ആരംഭിച്ച പ്രവർത്തനങ്ങൾ പൂർത്തീക രിക്കുന്നതിനുപകരം സ്വാർത്ഥലാഭവും, അധികാരമോഹവു മാണ് സഭാനേതൃത്വത്തെ ദുഷ്പ്രവർത്തി ചെയ്യുവാൻ പ്രേരി പ്പിക്കുന്നത്.

പിതാവെന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയ ക്കുന്നു. ആ ചുമതല ഏറ്റെടുക്കാത്തിടത്തോളം കാലം സഭ യുടെ ദൗത്യപൂർത്തീകരണം പൂർണ്ണതയിൽ എത്തുകയില്ല. കർത്താവിന്റെ ദൗത്യം ഏറ്റെടുക്കുവാൻ കഴിവുള്ള ആത്മീയ നേതൃത്വം സഭകളിൽ ഉണ്ടാകുവാൻ നമുക്കു പ്രാർത്ഥിക്കാം.

# ഏകാന്തതയുടെ അപാരത

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

"ആൾക്കൂട്ടത്തിൽ നിൽക്കാൻ എളുപ്പമാണ്. പക്ഷെ ഒറ്റയ്ക്ക് നിൽക്കാൻ ധൈര്യം ആവശ്യമാണ്" എന്നു മഹാത്മാ ഗാന്ധി പറഞ്ഞിട്ടുണ്ട്. സ്വന്തം ആത്മാവിനോട് സൗഹൃദവും സ്നേഹവും ഉള്ളവർക്ക് ആൾക്കൂട്ടമൊ, ബാഹ്യ ലോകത്തുള്ള മറ്റുള്ളവരുടെയോ ആവശ്യമില്ല. ഏകാന്തത ശക്തരുടെ ഗുണമാണ്. ദുർബ്ബലരെ എപ്പോഴും ആൾക്കൂട്ടത്തിൽ കാണാം.

ഏകാന്തത ഒരു അപകർഷതാ ബോധമാകുന്നത് ബലഹീനതയാണ്. ഏകാന്തത ഉയർന്ന ബോധോർജ്ജത്തിന്റെ ആത്മനിലമാണ്. ഏറെ വിതച്ചാൽ ഏറെ കൊയ്യാം.

ഏകാന്തത ഭയാനകമല്ല, ഭീകരമല്ല, ഏകാന്തത സരളവും, മൃദുലവും, സുന്ദരവുമാണ്. ഏകാന്തത ശുദ്ധിയും, ശക്തിയും, ഊർജ്ജവും, ധൈര്യവും, ആത്മവിശ്വാസവും പകരുന്ന ശ്രോതസ്സാണ്. മറ്റുള്ളവർ നമ്മളെ വിശ്വസിക്കുകയും, സ്നേഹിക്കുകയും അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്നതിനേക്കാൾ ചെയ്യണമെന്നാഗ്രഹിക്കുന്നതിനേക്കാൾ ബലവും ശ്രേഷ്ഠവും, ഉയർന്ന വിജയവും മഹാപരിശുദ്ധ ബോധാർജ്ജവും ലഭിക്കുന്നത് സ്വയം അവനവൻ തന്നെത്തന്നെ വിശ്വസിക്കുകയും, സ്നേഹിക്കുകയും അംഗീകരിക്കുകയും, ആദരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ്. അത് തിരിച്ചറിയുന്നത് ഏകാന്ത മൂക തപസ്സിലുണരുന്ന ബ്രഹ്മലയനത്തിലാണ്. അവരെ തോൽപ്പിക്കുവാൻ ലോകത്താർക്കും കഴിയുകയില്ല.

"കർത്താവാണെന്റെ ജീവന്റെ ബലം. ഞാൻ ആരെ പേടിക്കും ഒരു സൈന്യമെന്റെ നേരെ പാളയമിറങ്ങി വന്നാലും ഞാൻ ഭയപ്പെടില്ല, ഭ്രമിച്ചു നോക്കുകയുമില്ല". ധ്യാനപ്രാർത്ഥനയിലൂടെ ഉള്ളിലുള്ള 'ദൈവ തേജസ്സും, ശക്തിയുമുണർന്നാൽ ആർക്കും തന്നെ തോൽപ്പിക്കുവാനാകില്ല. താൻ ഈ ലോകം തന്നെ കീഴടക്കും എന്ന് ആത്മവിശ്വാസത്തോടെ ദൈവത്തെ രുചിച്ചറിഞ്ഞ സങ്കീർത്തകൻ പറഞ്ഞിരിക്കുന്നു.

"നീ എന്റെ ദീപത്തെ കത്തിക്കും. എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിനു നേരെ പാഞ്ഞു ചെല്ലും. എന്റെ ദൈവത്താൽ ഞാൻ വന്മതിലുകൾ ചാടി കടക്കും" സങ്കീ.18:28-29.

കരികിൽ ഒരു വീടും മീവൽ പക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു. സൈന്യങ്ങളുടെ ദൈവമായ യഹോവേ നിന്റെ യാഗപീഢത്തിൽ തന്നെ (സങ്കീർത്തനങ്ങൾ). മനസിനുള്ളറകളിലെ യഹോവയുടെ യാഗപീഢത്തിങ്കൽ "ശൂന്യ സ്ഥലത്തെ മൂങ്ങാപോലെ (സങ്കീ. 102:6) ഒറ്റയ്ക്കു പാർത്ത് ഹന്നായെപോലെ ഹൃദയം നുറുങ്ങി, മനസ് തകർന്ന് ദൈവസന്നിധിയിൽ സങ്കടം ബോധിപ്പിച്ച് കരയണം. ഹന്ന ദൈവാലയത്തിൽ ഒറ്റയ്ക്കിരുന്നു ദൈവമുൻപിൽ ഹൃദയം പകർന്നു നൊന്തുതേങ്ങി കരഞ്ഞപ്പോൾ, കണ്ണീരിനെ മറി കടക്കാത്ത ദൈവം അവർക്ക് 'യേശുവിന്റെ അമ്മയായ' മറിയത്തെ പുത്രിയായി നൽകി അവളനുഭവിച്ച നിന്ദയെ, ലജ്ജയെ അപമാനത്തെ അനുഗ്രഹമാക്കി മാറ്റി അവളെ മാനിച്ചു. പുരാതന കാലത്ത് സന്ന്യാസിമാർ വർഷങ്ങളോളം ഒറ്റയിരിപ്പിരുന്നു ഏകാന്തമായി, മൂകമായി കഠിന തപസ്സ് അനുഷ്ഠിച്ച് ഏതു പ്രതിബന്ധങ്ങളെയും തകർത്ത് അനുഗ്രഹങ്ങളുടെ പൂർണ്ണത കൈവരിച്ചു.

പോസിറ്റീവ് ആളുകൾക്ക് 'ഏകാന്തത' ക്രീയാത്മക ഊർജ്ജവും, പ്രത്യാശയും, പരിരക്ഷയും സ്വർഗ്ഗീയാനുഭവങ്ങളുടെ സമ്പൂർണ്ണതയുമായിരിക്കും.

നെഗറ്റീവ് ആളുകൾക്ക് 'ഏകാന്തത' നിഷേധാത്മകവും, ഭയാനകവും, ഭീകരവും, നരക തുല്യവും ആയിരിക്കും. അതിൽ നിന്നും രക്ഷപെടാൻ അവർ ആൾക്കൂട്ടത്തിന്റെ നടുവിലേക്ക് ഓടുന്നു. ആൾക്കൂട്ടത്തിന്റെ കൈയ്യടി ദുർബലരുടെ ബലവും ആശ്വാസവുമാകുന്നു. 'ഏകാന്തത' ബലമാകുന്നവർക്ക് തന്നെ തന്നെ കണ്ണാടിയിൽ നോക്കി സ്വന്തം പ്രതിബിംബത്തെ അഭിമാനപൂർവ്വം നോക്കി സ്വയം കൈയടിച്ച്, ആത്മ നമസ്ക്കാരം ചെയ്ത് സ്വയം സല്യൂട്ട് ചെയ്യുന്നു. ഏകാന്തതയുടെ നന്മയും, ഗുണവും, സുഖവും അനുഭവിക്കുന്നവർ തന്നെ തന്നെ കണ്ടെത്തി തന്റെ ഉള്ളിന്റെയുള്ളിലെ പരമാത്മാവിനെ രുചിച്ചറിഞ്ഞ്, ആത്മാവിൽ ആനന്ദിച്ചുല്ലസിച്ച്, ഈശ്വരനിൽ ലയിച്ചു ചേരുന്നു. എന്തിനെയും നേരിടുവാനുള്ള ഉയർന്ന ബലവും, ബോധവും, ബുദ്ധിയും ലഭിക്കുന്നു.

ഏകാന്തതയെ ഭയപ്പെടുന്നവൻ തന്നെ തന്നെ സ്നേഹിക്കുവാനോ, അംഗീകരിക്കുവാനോ, ഉൾക്കൊള്ളുവാനോ കഴിയാതെ, തന്നെ തന്നെ അഭിമുഖീകരിക്കുവാനാകാതെ ആൾക്കൂട്ടത്തിൽ അഭയം പ്രാപിച്ച് സമയം തള്ളി നീക്കുന്നു.

സ്വയം താനാരാണെന്ന് തിരിച്ചറിഞ്ഞവന് സമയം Constant ആണ്. കൊച്ചു കുഞ്ഞുങ്ങളെപോലെ അവരെന്നും വർത്തമാന കാലത്തിൽ (Present moment) ഉല്ലസിച്ചു ജീവിക്കുന്നു. മറിയം പറഞ്ഞപോലെ ഉള്ളിലെപ്പോഴും വചനത്തിന്റെ പെരുന്നാൾ ആഘോഷിക്കുന്ന അവരുടെ ചിത്തം എപ്പോഴും രക്ഷകനായ കർത്താവിൽ ഘോഷിച്ചുല്ലസിക്കും. അവർക്ക് ഭൂതകാലത്തിന്റെ വ്യാകുലതയോ, ഭാവികാലത്തെക്കുറിച്ച് ഉത്കണ്ഠതയോ ഉണ്ടാവില്ല. ഏകാന്തതയിൽ മനുഷ്യർ ഉള്ളിലെ ദൈവാത്മാവിന്റെ ബലവും, പ്രകാശവും തിരിച്ചറിയുന്നു. മനുഷ്യർ ദൈവകാന്തിയിൽ ശോഭിക്കുന്നു. ബലപ്പെടുന്നു. ഇപ്പോഴാകുന്നു സുപ്രസാദകാലം. ഇപ്പോഴാകുന്നു രക്ഷാ ദിവസം (2 കൊരി. 6:2).

തന്റെ തനി സ്വരൂപം (True self) തിരിച്ചറിയാത്തവന് സമയം ഭീകരമാണ്. ഭൂതകാലവും, ഭാവികാല ചിന്തയും, നിരാശയും, ഉത്കണ്ഠയും അവനെ സദാ വേട്ടയാടും. അവർക്ക് വർത്തമാനകാലത്ത് ജീവിക്കുന്നതിന്റെ സുഖം തിരിച്ചറിയുവാൻ കഴിയുകയില്ല. ജീവിതം നെഗറ്റീവ് ഊർജ്ജ നിലവാരങ്ങളിലേക്ക് താഴ്ന്നു പോകുന്നവന് അത്യന്തം ഭീകരമായ അനുഭവം ഉണ്ടാകും. ഇവർക്ക് ആരോടും മനസുകൊണ്ട് പൊരുത്തപ്പെടാനാകില്ല. സ്വയം ഉള്ളറിഞ്ഞ് ഉള്ളിൽനിന്നും കണ്ടെത്തേണ്ട സന്തോഷവും, സമാധാനവും തേടി അവർ പുറം ലോകത്തിന്റെ മായാവലയിലകപ്പെട്ട് താത്കാലികമായി സന്തോഷിക്കുവാൻ ശ്രമിക്കുന്നു. യാന്ത്രീകമായി മറ്റെന്തെങ്കിലും ലൗകീക വിഷയങ്ങളിൽ മുഴുകുവാൻ വ്യഗ്രത കാണിക്കുന്നു. തന്നിൽ തന്നെ കണ്ടെത്തേണ്ട സന്തോഷത്തിന്റെ പരിപൂർണ്ണതയുടെ 'നിധി' അവനവന്റെയുള്ളിൽ തിരയാതെ പുറം ലോകത്തു ജീവിതകാലം മുഴുവൻ തിരഞ്ഞു നടന്ന് സമയവും ആരോഗ്യവും പാഴാക്കുന്നു. തന്റെ തന്നെ ആന

ന്ദത്തിന്റെ പരമാർത്ഥത, സൗഖ്യത്തിന്റെ പരിപൂർണ്ണതയ്ക്ക് താൻ തന്നെ മതി, പുറത്തുനിന്നും മറ്റൊരാളുടെ ആവശ്യമില്ലെന്ന ചങ്കുറപ്പാണ് ഏകാന്തത ധന്യമാക്കുന്നത്. പുറം ലോകത്തുനിന്നും ലഭിക്കുന്ന മായയുടെ ലഹരികളെക്കാളുപരിയായി തന്റെ തന്നെ ഉള്ളിന്റെ ഉള്ളറകളിലെ പരിശുദ്ധാത്മാവിന്റെ 'ഉണർവ്വ്' ഒരുവനെ പരിശുദ്ധാത്മാവിന്റെ വരങ്ങളാൽ 'മഹാസുഖത്തിന്റെ' സമാധിയിൽ നിറയ്ക്കുന്നു.

അവനവൻ അവനവനിൽതന്നെ പൂർണ്ണത കണ്ടെത്തുന്നതാണ് സത്യം. പുറമെ പൂർണ്ണത കണ്ടെത്തുവാൻ ശ്രമിക്കുന്നത് മിഥ്യ, മായ, താത്കാലികം, നശ്വരം. ആൾക്കൂട്ടത്തിന്റെ കയ്യടിയാണ് (അംഗീകാരം) ബലഹീനന്റെ ബലം. സ്വയം സല്യൂട്ട് ചെയ്യുന്നതാണ് ബലവാന്റെ ആത്മ വിശ്വാസം, ഉൾക്കരുത്ത്.

ഒറ്റപ്പെടലിനെയും, ഒന്നുമില്ലായ്മയെയും, ഒന്നുമല്ലായ്മയെയും വല്ലായ്മകളെയും മനസുകൊണ്ട് പൂർണ്ണമായി അംഗീകരിക്കുമ്പോൾ അതൊരു ആഘോഷമാകുന്നു. അതിജീവനത്തിന്റെ കരുത്താകുന്നു. ഭൂമിയിൽ ഉള്ളതൊന്നും ശാശ്വതമല്ല. എല്ലാം ആപേക്ഷികമാണ്. മായാ പ്രപഞ്ചത്തോടും അതിലുള്ളവരോടും പറ്റിപ്പിടിച്ചിരിക്കുവാൻ മനസ്സ് എപ്പോഴും ആഗ്രഹിക്കും. അതു വെറും മായയാണ്. അതു തരുന്ന ആശ്വാസം, സന്തോഷം ശാശ്വതമല്ല. ഒരു ഘട്ടം കഴിയുമ്പോൾ നാം തിരിച്ചറിയും നമ്മുടെ മനസ്സ് നമ്മെ വഞ്ചിക്കുകയാണെന്ന്. മനസ്സ് മായയെ, യാഥാർത്ഥ്യബോധത്തിന്റെ മുഖംമൂടിയണിയിച്ചു നമ്മെ ചതിക്കും. മായയുടെ ലോകത്ത് എപ്പോഴും ഒരു അപൂർണ്ണതയുടെ അസ്വസ്ഥത ഉണ്ടാകും. മായയുടെ ഊരാക്കുടുക്കിൽ നിന്നും രക്ഷപെടാൻ അതികഠിനമായ പരിശ്രമം തന്നെ വേണം. അതിൽ വിജയിക്കുമ്പോൾ മാത്രമാണ് ഈ നശ്വരമായ ഭൂമിയിൽ ജനിച്ചു ജീവിച്ചു മരിക്കുന്നതിന് ഒരർത്ഥം ഉണ്ടാകുന്നത്. അല്ലാത്തവരുടെ ജന്മംപോലും വെറും പാഴായിപോകും.

പുറം ലോകത്തുള്ളവരോടും ഭൂമിയിലുള്ളതിനോടും പ്രതീക്ഷ അർപ്പിച്ചാൽ പിന്നീട് യാഥാർത്ഥ്യത്തോടടുക്കുമ്പോൾ നിരാശ ആയിരിക്കും ഫലം. പുറമെയുള്ളവയോടല്ല മറിച്ച് നമ്മുടെ ഉള്ളിലുള്ള പരമാത്മാവിലേക്ക് പ്രതീക്ഷ അർപ്പിച്ച് ധ്യാനത്തിലൂടെ മുന്നേറിയാൽ സംതൃപ്തി, സമാധാനം, ആത്മ നിറവ് സകലത്തിലും മതിയായ അവസ്ഥ, ശാശ്വതമായ അനുഗ്രഹങ്ങൾ ലഭിക്കും.

ഉള്ളിലുള്ള പരാത്മാവിനെ ഉണർത്തി ശക്തീകരിച്ച് അതിന്റെ ബലംകൊണ്ട് മനസിനെയും (Thought process or mind Mechanisam), ശരീരത്തിനെയും കീഴടക്കുക.

ലോകം, ജഢം, പിശാചിന്റെ ബന്ധനങ്ങൾ, ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപങ്ങൾ ഇങ്ങനെ പലവക ലോകമായയുടെ വ്യഗ്രതയിൽ കുടുങ്ങി സമയവും, ആരോഗ്യവും, വിലപ്പെട്ട ജീവിതവും പാഴാക്കാതെ പരമാത്മാവിന്റെ ശക്തിയാൽ ലോകത്തെയും ജഢത്തെയും, മനസിനെയും, അഹങ്കാരങ്ങളെയും ജയിച്ച് സ്വയം പരബ്രഹ്മമായി മാറി സത്യം തിരിച്ചറിയുക.

ഏകാന്തതയുടെ അർത്ഥതലങ്ങൾ അനുഭവിച്ചറിഞ്ഞ് ഉൾക്കൊള്ളുമ്പോൾ നാം ആത്മവിശ്വാസവും, ആത്മ ബലവും, ആത്മസ്നേഹവും ഉള്ളവരാകും. അവനവനെയറിഞ്ഞു പ്രണയിക്കുന്നവർ (ആത്മസ്നേഹികൾ) ഏകാന്തത ഇഷ്ടപ്പെടുന്നവരായിക്കും. അവർ അവരുടെ ഉള്ളറകളിലുണർന്ന ബ്രഹ്മജ്ഞാനവും, ശുദ്ധ ബോധവും, വിശുദ്ധ ഊർജ്ജവും ശക്തിയും അവരെ സകലത്തിലും മതിയായവരാക്കും.

ഉള്ളിലില്ലാത്തതാണ് പുറത്ത് അന്വേഷിക്കുന്നത്. ഉള്ളിലുള്ളത് പുറത്ത് തേടി അലയേണ്ട കാര്യമില്ല. ഉള്ളിൽ ദൈവ കൃപ, പരിശുദ്ധാത്മാവിന്റെ അഭിഷേകം, സകല നന്മകളും, സത്യവും, അതിന്റെ പൂർണ്ണതയിൽ കത്തിജ്വലിച്ച് നിൽക്കുകയാണെങ്കിൽ അവർക്ക് മറ്റൊന്നിന്റെ ആവശ്യമില്ല. സകല നന്മയുടെയും, ആനന്ദ ലഹരിയുടെയും അറിവിന്റെയും പൂർണ്ണത സ്വന്തമുള്ളിലെ പരമാത്മാവിൽ തിരിച്ചറിഞ്ഞ് അനുഭവിക്കുന്നവർക്ക് നശ്വരമായ പുറം ലോകത്ത് നിന്നും ഒന്നും വേണ്ടി വരികയില്ല. ഒന്നിലുംകുറവോ, പരാതിയോ ഇല്ലാതെ എല്ലാം അവർ സ്വീകരിക്കും, ഉൾക്കൊള്ളും. ക്ഷമ, എളിമ, ത്യാഗം മൗനം അവരുടെ പര്യായമായി മാറും.

(തുടരും)

# ക്നാനായദീപം മാസിക വരിസംഖ്യ, പരസ്യനിരക്കുകൾ

പ്രിയ വായനക്കാരെ,

കോവിഡ് കാലത്തിനുശേഷം സെപ്തംബർ ലക്കം മുതൽ വിദേശത്തേയ്ക്ക് ക്നാനായദീപം മാസിക അയയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. വിദേശത്ത് മാസിക കിട്ടാത്തവർ ക്നാനായ ദീപത്തിന്റെ Whats app no. **8547584440** ൽ ബന്ധപ്പെടുക. കോവിഡിനു ശേഷം പേപ്പറിന് 60% ത്തിനു മേൽ വർദ്ധനവ് ഉണ്ടായതിനാൽ ക്നാനായ ദീപത്തിന്റെ അച്ചടി അനുബന്ധ ചിലവുകൾ ഗണ്യമായി വർദ്ധിച്ചതിനാൽ **2022 ഡിസംബർ ലക്കം മുതൽ പരസ്യനിരക്കിലും 2023 ജനുവരി മുതൽ വരിസംഖ്യനിരക്കിലും** ചെറിയ ഒരു വർദ്ധനവ് വരുത്തുകയാണ്. വിദേശത്തുള്ളവർ ദയവായി കുടിശിഖ അടയ്ക്കണം. അല്ലാത്തപക്ഷം 2023 ജനുവരി മുതൽ മാസിക അയക്കുകയില്ല.

വർദ്ധനവ് നിരക്കുകൾ ഈ ലക്കം മാസികയിൽ ചേർക്കുന്നു. ഇന്ത്യയിലും വരിസംഖ്യ പിരിക്കുന്നതിന് ഇപ്പോൾ സാധിക്കുന്നില്ല. കേരളത്തിലും, കേരളത്തിനു പുറത്തുള്ളവർക്കും കുടിശ്ശിഖയുണ്ട്.

ക്നാനായ ദീപത്തിന്റെ വാട്ട്സ് അപ്പ് നമ്പരായ **8547584440** ൽ അഡ്രസ് അയച്ചാൽ കുടിശിഖ അറിയിക്കുന്നതായിരിക്കും. ഓൺലൈനായി ബാങ്ക് അക്കൗണ്ടുകളിൽ കുടിശിഖയും പരസ്യചാർജുകളും അയയ്ക്കാവുന്നതാണ്. എല്ലാവരുടേയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

എന്ന്,

**Ac/No. 57004254154**
**Chief Editor andMg Editor**
**Knanaya deepam**
**SBI Chingavanam**
**IFSC SBIN 0070128**

**മാനേജിംഗ് എഡിറ്റർ**
**Ph: 9447563240, 8547584440**
Email: kna.deepam@gmail.com

**Knanayadeepam**
**Ac/No. 12990200001178**
**Federal Bank**
**Chingavanam**
**IFSC FDRL 0001299**

# കരിയർ : മത്സരം ഇനി സ്മാർട്ട് യന്ത്രങ്ങളോട്

# Career Success in the age of Intelligent Machines



സുനിൽ ഡി. കുരുവിള

ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലാംഗ്വേജുമൊക്കെ യാഥാർത്ഥ്യമാവുമ്പോൾ അത് ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെഷീനുകൾ എല്ലാം വലിയ മാറ്റമാണ് ലോകതൊഴിൽ രംഗത്ത് സൃഷ്ടിക്കാൻ തയ്യാറെടുക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ യുവജനങ്ങളുള്ള നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം സൂക്ഷിച്ചില്ലെങ്കിൽ വലിയ വെല്ലുവിളി തന്നെ ഇത് തൊഴിൽ രംഗത്ത് ഉയർത്തിയേക്കാം. ഇപ്പോൾ തന്നെ ഭാരതത്തെ ' a nation of job- less-growth' എന്നൊക്കെ വിളിച്ചു തുടങ്ങി കഴിഞ്ഞു. മാറ്റത്തിന്റെ നേതൃത്വമേറ്റെടുക്കണോ അതോ മാറ്റത്തിന്റെ ബലിയാടാകണോ എന്നുള്ളതാണ് രാജ്യത്തെ യുവത തീരുമാനിക്കേണ്ടത്. വിദ്യാഭ്യാസം രംഗം നന്നേ മാറേണ്ടിയിരിക്കുന്നു. മാറുന്ന ലോകത്തിനനുസരിച്ചുള്ള സിലബസും multi-disciplinary പഠനരീതികളും; നിരന്തരമായി അറിവു പുതുക്കാനും കഴിവുകൾ വർദ്ധിപ്പിക്കാനും ഉതകുന്ന രീതിയിലുള്ള പഠന സംവിധാനങ്ങളും ഒക്കെ രൂപപ്പെടേണ്ടതുണ്ട്. ഒരു ഡിഗ്രിയുമായി ജീവിതകാലം മുഴുവൻ ജോലി ചെയ്യാമെന്നോ. ഒരു ജോലി തന്നെ retirement വരെ ചെയ്യാമെന്നോ ഇനി ആരും മോഹിക്കേണ്ടതില്ല. 'The age of job for life is over.' നിരന്തരമായി അറിവ് പുതുക്കുന്നവർക്കും ശക്തമായ ആശയരൂപീകരണം നടത്തുന്നവർക്കും ക്രിയാത്മകമായി ചിന്തിക്കുന്നവർക്കും മാത്രമായിരിക്കും. ഇനി തൊഴിൽ രംഗത്ത് മുന്നേറ്റം.

കുട്ടികൾ സാധാരണയായി ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, 'ഏതു കോഴ്സിനാണ് ഇനി സാധ്യതയുള്ളത്? ഒരു ഡിഗ്രി സർട്ടിഫിക്കറ്റ് കൊണ്ട് മാത്രം ഇനി കരിയർ പടവുകൾ കയറാൻ പ്രയാസപ്പെടും. ആവശ്യമായ കഴിവുകളും വ്യക്തിത്വവും മനോഭാവവും ഡിഗ്രിയോടൊപ്പം നേടിയെടുക്കാൻ കഴിയുമ്പോളാണ് നമ്മുടെ വിദ്യാഭ്യാസത്തിന് വിലയുണ്ടാകുന്നത്. പ്രൊഫഷണൽ കോഴ്സുകളൊന്നും കരിയറിലേക്കുള്ള അന്ധമായ പാതയല്ല, ഓർക്കുക. വിദ്യാഭ്യാസകാലത്തു തന്നെ തൊഴിൽ രംഗത്തെപ്പറ്റി നന്നായി പഠിക്കാനും മനസ്സിലാക്കാനും ശ്രമിക്കുക. Project work, Internship ഒക്കെ പഠനത്തിന്റെ ഭാഗമായി ഉണ്ടെങ്കിൽ വളരെ നല്ല രീതിയിലും നല്ല പ്രസ്ഥാനങ്ങളിലും അത് നിർവഹിക്കാൻ ശ്രമിക്കുക. ഇത് തൊഴിൽ രംഗത്ത് ആവശ്യമായ നൈപുണ്യങ്ങൾ എന്താണെന്ന് തിരിച്ചറിയാനും അത് നേടിയെടുക്കാനും നമ്മളെ സഹായിക്കും. ഒരു നല്ല ഡോക്ടർ ആവേണ്ടയാൾ ആ മൂല്യങ്ങളോടും ശ്രേഷ്ടതയോടും വിദ്യാർത്ഥികാലം മുതലെ നടക്കാൻ ശ്രമിക്കുക. കാരണം ഓരോ തൊഴിൽ മേഖലയും വെറുമൊരു ഡിഗ്രിയും കുറെ അറിവുകളും മാത്രമല്ല .............. അതിനും അപ്പുറമാണെന്ന് തിരിച്ചറിയുക.

ലോകം ബുദ്ധിയുള്ള യന്ത്രങ്ങൾ കൊണ്ട് നിറയുമ്പോൾ മോഹഭംഗം വന്ന ഒരു കൂട്ടമായി നമ്മൾ അവശേഷിക്കാതിരിക്കാൻ നാം ഓരോരുത്തരും കൂടുതൽ സ്മാർട്ടും ഇന്റലിജന്റും ഗുണമേന്മയും നേതൃത്വവും ഉള്ളവരായേ മതിയാകൂ. സാങ്കേതിക മികവിനപ്പുറം ആധുനിക തൊഴിൽ രംഗത്ത് വിജയിക്കാൻ വേണ്ട ചില വളരെ പ്രധാനപ്പെട്ട നൈപുണ്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ.

**1. ക്രിയാത്മകത (Creativity)**

ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഓട്ടോമേഷനും തൊഴിൽ രംഗം കീഴടക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട നൈപുണ്യമാണ് ക്രിയാത്മകത. ലോക സാമ്പത്തിക ഫോറത്തിന്റെ അഭിപ്രായം അനുസരിച്ച് ആവർത്തന സ്വഭാവമുള്ളതും, സാധാരണ കാണുന്നതുമായ ഭൂരിപക്ഷം തൊഴിലുകളും അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട് ക്രമേണ അപ്രത്യക്ഷമാകും. പിന്നെ മനുഷ്യന്റെ തൊഴിൽ രംഗത്തെ പിടിച്ചു നിൽപ്പ് അവന്റെ ക്രിയാത്മകത കൊണ്ടായിരിക്കും.

ഭാവിയെ കുറിച്ച് ചിന്തിക്കുക, പഠിക്കുക; ഭാവിക്കാവശ്യമായ കാര്യങ്ങൾ കണ്ടുപിടിക്കുക; ആസൂത്രണം ചെയ്യുക....... ഇതിനൊക്കെ out of the box ചിന്തിക്കാനും ആശയങ്ങൾ രൂപീകരിക്കാനും കഴിയുന്ന മാനവശേഷി ആവശ്യമാണ്. ഇന്റലിജൻസ് മെഷിനുകൾക്കും തീർച്ചയായും ചിന്തിക്കാൻ കഴിയും. എന്നാൽ ക്രിയാത്മകമായി ചിന്തിക്കാൻ കഴിയില്ല. കാരണം അവയുടെ ചിന്ത മുൻകാല ഡേറ്റയിൽ നിന്നാണ് രൂപപ്പെടുന്നത്. മനുഷ്യന് തികച്ചും പുതിയ മാനങ്ങൾ ചിന്തിക്കാനും സൃഷ്ടിക്കാനും കഴിയും.

**2. വിമർശന ബുദ്ധിയോടെയുള്ള ചിന്ത (Critical Thinking)**

വസ്തു നിഷ്ഠമായി ചിന്തിക്കാനും, വിശകലനം ചെയ്യാനും വിലയിരുത്താനും യുക്തിപരമായി തീരുമാനങ്ങൾ എടുക്കാനും കഴിയുന്ന വ്യക്തികൾക്ക് തൊഴിൽ രംഗത്ത് വലിയ സാധ്യതയാണ്. ഇത്തരത്തിലുള്ളവർക്ക് സ്വന്തമായും സ്വതന്ത്രമായും പ്രവർത്തിക്കാൻ കഴിയും. ബാഹ്യ ഇടപെടലുകളിൽ നിന്നും മറ്റുള്ളവരുടെ സ്വാധീനങ്ങളിൽ നിന്നും ഉയർന്നു നിന്ന് പ്രവർത്തിക്കാനും തീരുമാനങ്ങളെടുക്കാനുമുള്ള ശേഷി ഇവരെ വ്യത്യസ്ഥരാക്കുന്നു.

**3. വൈകാരിക ബുദ്ധിശക്തി (Emotional Intelligence)**

സ്വന്തം വികാരങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കാനും മറ്റുള്ളവരുടെ വൈകാരിക ആവശ്യങ്ങൾ കൂടി തിരിച്ചറിഞ്ഞും ഉൾക്കൊണ്ടും പ്രവർത്തിക്കാനുമുള്ള കഴിവാണ് വൈകാരിക ബുദ്ധിശക്തി. വികാരങ്ങളെ നിയന്ത്രിക്കാനും അതിലൂടെ നാം ഉദ്ദേശിക്കുന്ന ലക്ഷ്യം നേടിയെടുക്കാനും ചെറുപ്രായത്തിൽ

തന്നെ പരിശീലിക്കേണ്ടതുണ്ട്. ജീവിത വിജയത്തിൽ ബുദ്ധിയേക്കാൾ സ്ഥാനം വൈകാരിക ബുദ്ധിശക്തിക്കാണ്. വൈകാരിക ആരോഗ്യവും പക്വതയും കൈവരിച്ചെങ്കിൽ മാത്രമേ ആധുനിക തൊഴിൽ രംഗത്തും ജീവിത രംഗത്തും നമ്മെ കാത്തിരിക്കുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് നമുക്ക് മുന്നേറാനാവുകയുള്ളൂ. മനുഷ്യനെ സ്വാധീനിക്കേണ്ട അവരുമായി കൂടുതൽ ഇടപെടേണ്ട രംഗങ്ങളിലെല്ലാം വൈകാരിക ബുദ്ധിശക്തി വളരെ പ്രധാനമാണ്. അവനവന്റെ തന്നെ സന്തോഷവും, തൃപ്തിയും വിജയവും വൈകാരിക പക്വതയുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.

**4. സമീപനത്തിലെ സത്യനിഷ്ഠത (Integrity in Approach)**

മനുഷ്യനെക്കാളും മെഷീനുകളെ ലോകം വിശ്വസിച്ചു തുടങ്ങിയെങ്കിൽ അതിനു പ്രധാന കാരണം മെഷീനുകളെ കൂടുതൽ ആശ്രയിക്കാനും വിശ്വസിക്കാനും കഴിയും എന്നുള്ളതാണ്. മൂല്യങ്ങളും ധാർമ്മികതയും തകർന്നുകൊണ്ടിരിക്കുന്ന ലോകത്ത് അവയെ ഉയർത്തിപ്പിടിക്കുന്നവർക്ക് വലിയ സാധ്യതയാണ്, അവസരങ്ങളാണ് ഉള്ളത്. സാങ്കേതികമായും സാമ്പത്തികമായും നമ്മൾ ഒട്ടേറെ മുന്നേറിയിട്ടും ശാശ്വതമായ വിജയം ഇന്നും അന്യം നിൽക്കുന്നെങ്കിൽ അതിനു പ്രധാനകാരണം സത്യവും നീതിയും ധർമ്മവുമൊക്കെ നമ്മൾ വഴിയിൽ ഉപേക്ഷിച്ചതുകൊണ്ടും പണയപ്പെടുത്തിയതുകൊണ്ടുമാണ്. ഓരോരുത്തരും വലിയ ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി പ്രവർത്തിക്കുമ്പോളാണ് പ്രസ്ഥാനങ്ങൾ വിജയിക്കുന്നത്. സമൂഹം മുന്നേറുന്നത്.

**5. സാമൂഹിക നേതൃത്വം (Social skill & Leadership)**

മനുഷ്യരുമായി ഭംഗിയായി ഇടപെടുക, നന്നായി സംസാരിക്കുക, ആവശ്യഘട്ടത്തിൽ നേതൃത്വം ഏറ്റെടുക്കുക ഇതൊക്കെ വളരെ പ്രധാനമായ സാമൂഹിക കഴിവുകളാണ്. നല്ല സേവനങ്ങളാണ് ഇന്ന് ലോകത്ത് ഏറ്റവും വലിയ ആവശ്യം. സേവനങ്ങൾ കൊണ്ട് മറ്റുള്ളവരെ അതിശയിപ്പിക്കാൻ കഴിയുന്നവർക്കാണ് ഇന്ന് നിലനിൽപ്പ്. നല്ല മാനുഷിക ഗുണങ്ങൾ നൈപുണ്യങ്ങൾ ഉള്ളവരെ, സമൂഹത്തെ സ്വാധീനിക്കാൻ കഴിയുന്നവരെ, ഒരു യന്ത്രങ്ങൾക്കും ഒരു യുഗത്തിനും തോൽപ്പിക്കാൻ സാധിക്കുകയില്ല. സന്തോഷത്തോടെയും ഊഷ്മളമായും പ്രവർത്തിക്കാൻ ശീലിക്കാം.

**Sunil D. Kuruvilla** is an Educator, HR Trainer and Career Counsellor. He is the founder of Insight Mission, Mavelikkara. He can be contacted at +919656144712, +919847400712, E-mail : sunil kuruvilla@rediffmail.com, www.insightmission.org)

# പ്രൊഫ. ടോണി മാത്യു അനുസ്മരണം

**ബിജു ജേക്കബ് കൈതാരം**

ഡിസംബർ 19-ാം തീയതി പ്രൊഫ. ടോണി മാത്യുവിന്റെ മൂന്നാം ചരമവാർഷികത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടു ഒരു അനുസ്മരണം. മണിമലയാറിന്റെ തീരത്ത് തിരുവല്ലയ്ക്കടുത്ത് വെണ്ണിക്കുളം എന്ന ഗ്രാമത്തിൽ 1949 മെയ് 17-ാം തീയതി ഇളപ്പുങ്കൽ പോത്തൻ മാത്യുവിന്റെയും, കൈതാരത്ത് അച്ചുകുട്ടിയുടെയും മകനായി ജനിച്ചു. വാലാങ്കര എം.ടി.എൽ.പി. സ്കൂൾ, വെണ്ണിക്കുളം സെന്റ് ബഹനൻസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി സെന്റ്ബർക്കമാൻസ് കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ചങ്ങനാശ്ശേരി എൻ. എസ്. എസ്. കോളേജ് , തൃശ്ശൂർ ഗവ. ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് എം. എ., ബി. എഡ് ബിരുദമെടുത്തു. കുറച്ചുനാൾ പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടു.



1978 മുതൽ റാന്നി സെന്റ് തോമസ് കോളേജിൽ മലയാളം അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 2004-ൽ പ്രൊഫസറായി ജോലിയിൽ നിന്നു വിരമിച്ചു. ഹരിശ്രീ, ദന്തഗോപുരം, ബുക്ക് റിവ്യൂ എന്നീ മാസികകൾ തന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ചു. റാന്നി കോളേജിൽ അദ്ധ്യാപകനായിരിക്കുന്ന സമയത്ത് എം.ജി. യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, കേരള സാഹിത്യ അക്കാദമി അംഗം, ഗുരുധർമ്മ പ്രചാരണ സഭ കേന്ദ്ര സമിതി അംഗം, നാഷണൽ ബുക്ക് ടെസ്റ്റ് ഇന്ത്യ, മലയാളം ഉപദേശക സമിതി അംഗം, മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക സമിതി പ്രസിഡന്റ് എന്ന നിലയിലും പ്രവർത്തിച്ചു.

ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിലും, ക്നാനായ യുവജന സമാജ വാർഷികത്തിലും സ്ഥിരം ക്ഷണിതാവായിരുന്നു. ടോണി മാത്യുവിന്റെ പ്രഭാഷണങ്ങൾ വളരെ ലളിതവും, അർത്ഥപൂർണ്ണവും ആയിരുന്നു. കേൾവിക്കാരെ മുഷിപ്പിക്കാതെ നർമ്മരസത്തിലൂടെ തന്റേതായ ശൈലിയിൽ അവതരിപ്പിച്ചിരുന്നു. ആരോടും ഒരു പരിഭവവുമില്ലാതെ എല്ലാവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് പ്രൊഫ. ടോണി മാത്യുവിന്റെ ഒരു പ്രത്യേകതയായിരുന്നു. കാലം ചെയ്ത ഏബ്രഹാം മാർ ക്ലിമ്മീസ് തിരുമേനിയുമായി വളരെ സ്നേഹബന്ധം പുലർത്തിയിരുന്നു.

കാലാകാലങ്ങളിൽ ആശയ മണ്ഡലങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന പുതിയ ചലനങ്ങളെയും ഭാവുകത്വസംക്രമങ്ങളെയും ഉൾക്കൊള്ളുവാൻ പ്രൊഫ. ടോണി മാത്യു എന്ന എഴുത്തുകാരൻ തന്റെ പ്രസിദ്ധീകരണത്തിൽ കൂടി ശ്രമിച്ചിരുന്നു. തന്റെ ഓരോ രചനയിലും പുതുമ പുലർത്തി എന്നും ഊർജ്ജസ്വലമായി എഴുതിക്കൊണ്ടിരുന്ന മലയാളത്തിന്റെ സാഹിത്യകാരനായിരുന്നു ടോണി മാത്യു. 40-ൽപരം കൃതികൾ ഉൾപ്പെടെ പുസ്തകങ്ങൾ ടോണി മാത്യു രചിച്ചിട്ടുണ്ട്. 1978 ജൂലൈ 2-ാം തീയതി നീലംപേരൂർ തുരുത്തിത്തറ (അറക്കൽ) ലൗലിയെ വിവാഹം ചെയ്തു. ഹരിത, മൃദുല, യദു എന്നിവർ മക്കളാണ്.

ഹൈന്ദവ ദർശനം എന്ന ഗ്രന്ഥത്തിന് സനാതന ധർമ്മ പുരസ്കാരവും, ചട്ടമ്പിസ്വാമികൾ എന്ന ഗ്രന്ഥത്തിന് ഹേമലത സ്മാരക പുരസ്കാരവും, പ്രൊഫ. ടോണി മാത്യുവിന് ലഭിച്ചിട്ടുണ്ട്.

2019 ഡിസംബർ മാസം 19-ാം തീയതി ടോണി മാത്യു ഈ ലോകത്തിൽ നിന്നും വിടപറഞ്ഞു. തുരുത്തിക്കാട് സെന്റ് ജോൺസ് ക്നാനായ പള്ളിയിൽ മലയാളത്തെ സ്നേഹിച്ച കേരളം അറിഞ്ഞ ആ സാഹിത്യകാരൻ അന്ത്യവിശ്രമം കൊള്ളുന്നു.

# സർപ്പസന്തതികൾ

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

ആത്മാവിനെ കൊല്ലുവാൻ കഴിയാതെ ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട, ആത്മാവിനെയും ശരീരത്തെയും നരകത്തിൽ നശിപ്പിക്കാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവീൻ – മത്താ. 10:28.

യേശു ഇപ്രകാരം പറഞ്ഞത് ആരെക്കുറിച്ചാണെന്ന് നമുക്ക് പരിശോധിക്കാം. മനുഷ്യനാണെങ്കിൽ അവനു ആത്മാവിനെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. സാത്താനാണെങ്കിൽ അവനു മനുഷ്യന്റെ ജീവനെ (ആത്മാവിനെ) നശിപ്പിക്കുവാനധികാരം ദൈവം കൊടുത്തിട്ടില്ല. യോബിനെ പരീക്ഷിക്കുന്നതിനു സാത്താൻ ദൈവത്തോടു അനുവാദം ചോദിച്ചപ്പോൾ അവന്റെ ജീവനുമേൽ (ആത്മാവിനെ) കൈ വയ്ക്കുന്നതിനു വിലക്കുന്നു (യോബ് 1:12). ഇതിൽനിന്നും സാത്താനല്ലന്നു മനസ്സിലാക്കാം. പിന്നെ ആരെയാണന്നതാണു നമ്മുടെ ഇന്നത്തെ ചിന്താവിഷയം. ചിലർ യഹോവയാണെന്നു വിശ്വസിക്കുന്നു. കാരണം അന്ത്യ ന്യായവിധിക്കുശേഷം ദുഷ്ടാത്മാക്കളായവരെ നരകത്തിൽ വിടുമെന്ന വചനാടിസ്ഥാനത്തിൽ പിതാവാം ദൈവം തന്നെയെന്നും ചിലർ പഠിപ്പിക്കുന്നു. വചനപ്രകാരം ഇതും ശരിയല്ല. കാരണം എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതിനു സമമായി പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രനു കൊടുത്തിരിക്കുന്നു. (യോഹ. 5:22). തന്നെയുമല്ല ആത്മാവിനെ കൊല്ലുവാൻ കഴിയാതെ ശരീരത്തെ കൊല്ലുന്നവരെയെന്ന ബഹുവചനത്തിലും പറഞ്ഞിരിക്കുന്നതിനാൽ ഒന്നിൽ അധികം ആൾക്കാർ ഉള്ളതായിട്ടാണ് വചനത്തിൽ പറഞ്ഞിരിക്കുന്നത്.

ദൈവം സ്നേഹവും, കരുണയും, ദയയും, താഴ്മയുമാണെന്ന സത്യത്തെ വളച്ചൊടിച്ച് ക്ഷിപ്രകോപിയും ഭീകരസ്വഭാവക്കാരനുമാണെന്ന ധാരണ വരുത്തി സാധുക്കളെ ചൂഷണം നടത്തി ദ്രവ്യാഗ്രഹത്താൽ ധനസമ്പാദനത്തിനുള്ള ഒരു മാർഗ്ഗം ആക്കിത്തീർത്ത യഹൂദ സഭയുടെ ഭരണ കർത്താക്കൾ ആയ ശാസ്ത്രിമാരും, പരീശന്മാരും തങ്ങളുടെ പറച്ചിലും പ്രവർത്തിയും തമ്മിൽ ഒരു പൊരുത്തവും ഇല്ലാതിരുന്നതിനാൽ യേശു കോപാകുലനായി ത്തീർന്നു. ഇവരെ സർപ്പസന്തതിയെന്നു വിളിച്ചാക്ഷേപിച്ചു. ഇവരെപ്പറ്റിയാണ് മുകൾവാക്യത്തിൽ യേശു പ്രവചിച്ചത്. ഇവരെ ഭയപ്പെടണമെന്നും, ഇവരുടെ ഉപദേശം പുളിച്ചതാണന്നും അതു കേൾക്കരുതെന്നും, അവർ നിസാര കാര്യങ്ങൾപോലും ഊതിവീർപ്പിച്ച് വലുതാക്കി കാണിച്ച് ദൈവത്തെ ഭയപ്പെടുത്തി ധനം സമ്പാദിച്ചിരുന്നു. ദൈവകോപത്തിൽനിന്നും രക്ഷപ്രാപിപ്പാൻ ബലി വസ്തുക്കൾക്കു ഭീമമായ തുക ഈടാക്കുന്നതു കണ്ടപ്പോൾ നിങ്ങൾ ഒട്ടകത്തെ വിഴുങ്ങുകയും, കൊതുകിനെ അടിക്കയും ചെയ്യുന്നുവെന്ന് കുറ്റപ്പെടുത്തിയത്. ഇവർ പാഴ്സി മതവിശ്വാസവും യൂദമതത്തിൽ കലർത്തി വിഗ്രഹാരാധനയെ പ്രോൽസാഹിപ്പിച്ച് ബാലിന് പൂജാഗിരികൾ പണിത് വലങ്കൈയേത് ഇടങ്കൈയേതെന്നു തിരിച്ചറിഞ്ഞു കൂടാത്ത നിഷ്ക്കളങ്കരെ അവർക്കു ഐശ്യര്യവും, സാമ്പത്തീക അഭിവൃദ്ധിയും ഉണ്ടാകുമെന്നു വിശ്വസിപ്പിച്ച് അവരുടെ പുത്രന്മാരെ ബാലിന് ബലിയായി സമർപ്പിച്ച് തീച്ചൂളയിൽ എറിഞ്ഞു ചുട്ടുകളയുകയും ചെയ്തതുകണ്ടിട്ട് യഹോവ ദുഃഖിതനായി കൽപ്പിച്ചത് ഇപ്രകാരമായിരുന്നു: താൻ ഇതു കല്പിച്ചിട്ടില്ലാത്തതും, തന്റെ മനസിൽപോലും തോന്നിയിട്ടില്ലാത്തതും ആകുന്നു. (യിരമ്യ.19:5).

യേശു ശബ്ബത്തിൽ ശോഷിച്ച കൈയ്യുള്ളവനെ സുഖപ്പെടുത്തിയതിനും, തന്റെ ശിഷ്യന്മാർ ശബ്ബത്തിൽ വിശന്നപ്പോൾ കതിർ പറിച്ച് തിന്നതിനും കൈ കഴുകാതെ ഭക്ഷിക്കുന്നതിനും എല്ലാത്തിനും പരിഹസിച്ചു. ശബ്ബത്തിൽ ഇപ്രകാരം ചെയ്തതിനെ, ശബ്ബത്തു ലങ്കനകുറ്റം ചുമത്തിയതിന് യേശു അവരോടു നിങ്ങളിൽ ഒരുവന്റെ ആട് കുഴിയിൽ വീണാൽ അതിനെ ശബ്ബത്തായകൊണ്ട് രക്ഷിക്കാതിരിക്കുമോ? എന്നു പറഞ്ഞു. ശബ്ബത്തിൽ നന്മ ചെയ്യുന്നതോ, തിന്മ ചെയ്യുന്നതോ ഏതാണ് ഉചിതം. മനുഷ്യൻ ശബ്ബത്തിനു വേണ്ടിയല്ല; ശാബ്ബത്ത് മനുഷ്യനു വേണ്ടിയാണെന്നും പഠിപ്പിച്ചു. കപടഭക്തരായ ശാസ്ത്രിമാരെ, പരീശന്മാരെ, നിങ്ങൾക്ക് ഹാ: കഷ്ടം. നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ ആകുന്നുവെന്നു നിങ്ങൾതന്നെ സാക്ഷ്യം പറയുന്നുവല്ലോ. പാമ്പുകളെ, സർപ്പസന്തതികളെ, നിങ്ങൾ നരകശിക്ഷയിൽ നിന്ന് എങ്ങിനെ രക്ഷ പ്രാപിക്കും. നിങ്ങൾ പാത്രങ്ങളുടെയും, തളികകളുടെയും പുറംമാത്രം വെടിപ്പാകുന്നു. അതിനു മുമ്പ് അവയുടെ അകം വെടിപ്പാക്കുക. വെള്ള തേച്ച ശവകല്ലറകളോടു നിങ്ങൾ സമമാകുന്നു. അവ പുറമെ മനോഹരമായി കാണുന്നു എങ്കിലും അവയുടെ ഉള്ളിൽ ചത്തവരുടെ അസ്ഥികളും അശുദ്ധിയും നിറഞ്ഞിരിക്കുന്നു. നിങ്ങൾ ഭാരമുള്ള ചുമടുകൾ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു. അവ ഒരു വിരൽ കൊണ്ടുപോലും നിങ്ങൾ തൊടുന്നില്ലതന്നെ. അങ്ങാടിയിൽ പ്രധാനസ്ഥാനവും, പള്ളിയിൽ മുഖ്യാസനവും ആഗ്രഹിക്കുന്നു. ഞാനോ നിങ്ങളോടു പറയുന്നു നിങ്ങളിൽ ഏറ്റവും വലിയവൻ, നിങ്ങളുടെ ശുശ്രൂഷകൻ ആകണം. നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടച്ചു കളയുന്നു. നിങ്ങൾ വിധവമാരുടെ വീടുകൾ വിഴുങ്ങി, ഉപായരൂപത്തിൽ പ്രാർത്ഥിക്കയും ചെയ്യുന്നു. ഇതു നിമിത്തം നിങ്ങൾക്കു കഠിന ശിക്ഷാവിധി വരും.

യേശു ന്യായ പ്രമാണത്തെ ലഘൂകരിക്ക ആയിരുന്നു. താൻ പഠിപ്പിച്ച ഉപമകളിൽ പ്രവർത്തിക്കും സ്നേഹത്തിനുമായിരുന്നു പ്രാധാന്യം കൊടുത്തത്. നല്ല ശമര്യക്കാരനും, മുടിയനായ പുത്രനും, മഗ്ദലന മറിയത്തിന്റെ പാപക്ഷമയും, ചുങ്കക്കാരൻ സഖായിയുടെ അനുതാപവും, പന്ത്രണ്ടുവർഷം രക്തസ്രാവമുണ്ടായിരുന്നവൾ ന്യായപ്രമാണത്താൽ അശുദ്ധം ആയിരുന്നെങ്കിലും പരിശുദ്ധനായവന്റെ വസ്ത്രത്തിൽ സ്പർശിച്ചതിൽ ശിക്ഷിക്കാതെ അവർക്കു രോഗ സൗഖ്യം കൊടുത്തതും, ന്യായപ്രമാണത്തെക്കാൾ വലിയത് കരുണയാണെന്നും പഠിപ്പിച്ചു. തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി ചുംബിച്ച് താഴ്മ പ്രവർത്തിയിൽ കാണിച്ചു കൊടുത്തു.

മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്കു കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും, ദയാ തൽപ്പരനായിരിപ്പാനും താഴ്മയോടെ നടപ്പാനും അല്ലാതെ എന്താണ് ദൈവം നിന്നോട് ചോദിക്കുന്നത് (മീഖാ.6:8). ദൈവം കൃപയും ദീർഘ ക്ഷമയും ഉള്ളവൻ, അനർത്ഥം വരുത്താൻ ആഗ്രഹിക്കാത്തവനും ആകുന്നു. (യോനാ.4:8). ഈ സത്യങ്ങൾ എല്ലാം വായിക്കുകയും, പഠിക്കയും, പഠിപ്പിക്കയും ചെയ്തിരുന്ന ശാസ്ത്രിമാരും, പരീശരും അവരുടെ പ്രവർത്തികൾ കണ്ട യേശു – സകലവിധ പാപങ്ങളും, ദൂഷണവും ദൈവം മനുഷ്യരോട് ക്ഷമിക്കും, എന്നാൽ ഇത്തരം പരിശുദ്ധാത്മാവിനു വിരോധമായ പാപങ്ങൾ ഒരിക്കലും ക്ഷമിക്കപ്പെടുകയില്ലെന്നും അരുളിച്ചെയ്തു.

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

ക്നാനായ അതിഭദ്രാസനത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകുന്നതിനായി 1922-ൽ ആരംഭിച്ച മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് കഴിഞ്ഞ കാലങ്ങളിൽ 55 ഇടവകകളിലായി 705 വിദ്യാർത്ഥികൾക്കായി Rs. 27500000 സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

***കോവിഡ് മഹാമാരിക്കാലത്ത് ലഭിച്ച പുതിയ അപേക്ഷകൾ ആ സമയത്ത് പരിഗണിക്കുവാൻ കഴിഞ്ഞില്ലായെങ്കിലും 2022- 23 സാമ്പത്തികവർഷം നാളിതുവരെ ലഭിച്ച മുഴുവൻ അപേക്ഷകളും പരിഗണിച്ച് അർഹരായ 71 കുട്ടികൾക്ക് 25000 രൂപ വീതം ആകെ Rs. 17,75000/- (പതിനേഴു ലക്ഷത്തി എഴുപത്തയ്യായിരം രൂപ) രൂപയോളം നൽകുവാൻ കഴിഞ്ഞു.***

ഈ വിദ്യാഭ്യാസ നിധിയിൽ നിന്നും വായ്പ വാങ്ങി പഠിച്ച് ഇപ്പോൾ നല്ല ജോലിയിൽ പ്രവേശിച്ചിട്ടുള്ള പലരും പ്രത്യേകിച്ച് ഈ സാമ്പത്തിക വർഷം അവരുടെ കുടിശിഖ തിരിച്ചടച്ചിട്ടുള്ളത് വളരെ സന്തോഷകരമാണ്. എന്നാൽ ഇപ്പോഴും വായ്പ സ്വീകരിച്ച് പഠിച്ച് ഭേദപ്പെട്ട ജോലികളിൽ പ്രവേശിച്ചിട്ടും തങ്ങൾ വായ്പ വാങ്ങിയ തുകയിൽ ഒന്നും തന്നെ തിരിച്ചടച്ചിട്ടില്ല എന്നുള്ളത് നിർഭാഗ്യകരമാണ്. അപ്രകാരം കാലാവധി കഴിഞ്ഞിട്ടും ആറു വർഷത്തിലധികമായി വായ്പ വാങ്ങിയവരിൽ നിന്നും (1,3000000/- രൂപ) ഒരു കോടി മുപ്പത് ലക്ഷം രൂപയോളം തിരികെ അടയ്ക്കുവാനുണ്ട്.

**ഇപ്പോൾ കുടിശിഖ തുക തിരിച്ചടയ്ക്കുവാനുള്ളവർക്ക് എല്ലാ ചൊവ്വാഴ്ചയും ചിങ്ങവനം ക്ലീമ്മീസ് സെന്ററിൽ പ്രവർത്തിക്കുന്ന മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിന്റെ ഓഫീസിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയുള്ള സമയം നേരിട്ടും അതിനു സാധിക്കാത്തവർക്ക് സൗത്ത് ഇൻഡ്യൻ ബാങ്ക് കോട്ടയം മെയ്ൻ ബ്രാഞ്ച് അക്കൗണ്ടിലേയ്ക്ക് നേരിട്ടും പണം അയ്ക്കാവുന്നതാണ്.**

**MAR SEVERIOS EDUCATION TRUST**
**SIB A/c No. 0037073000003313**
**IFSC. SIBL0000037**

**ബാങ്കിലേയ്ക്ക് പണം നേരിട്ട് അടയ്ക്കുന്നവർ പണം അടച്ചതിനുശേഷം ആ വിവരം 9447033065, 9447159070 ഫോൺ നമ്പറിലേയ്ക്ക് Whats App ചെയ്യേണ്ടതാണ്.**

ഇപ്പോഴുള്ള വർദ്ധിച്ച വിദ്യാഭ്യാസ ചെലവുകൾക്ക് ഉതകുന്നവിധം വിദ്യാർത്ഥികളെ സഹായിക്കുന്നതിന് അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന വായ്പ തുക തീർത്തും കുറവാണ്. അതിന് കൂടുതൽ ഫണ്ട് ആവശ്യമാണ്, ആയതിന് സന്മനസ്സുള്ള ആളുകൾ സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

എക്സിക്യുട്ടീവ് ട്രസ്റ്റികൾ

**ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ**
Mob: 9447033065

**തോമസ് ജോൺ കുളങ്ങര**
Mob: 9447159070

Advt



# ഏവൻഗേലിയോൻ ദീപം

**ഡീ. ഡിബിൻ ജേക്കബ്, കളത്തിപറമ്പിൽ**

## യെൽദോ പെരുന്നാളിന് മുമ്പുള്ള ഞായർ
## വി. മത്താ. 1:1 – 17 (18 – 12 – 2022)

വിവിധ പ്രശ്നങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും അനുഭവങ്ങളിലൂടെയും നടന്നു നീങ്ങിയ വീണവരും വീറോടെ പൊരുതി വിജയിച്ചവരുമായ വ്യക്തികളുടെ പേരുകളാണ് ഈ സുവിശേഷ ഭാഗത്ത് സൂചിപ്പിക്കുന്നത്. ദൈവ മനുഷ്യനും മനുഷ്യദൈവവുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര ചരിത്രത്തിലെ കണ്ണികളാണ് ആ പേരുകൾ. ത്യാഗിയും ഭോഗിയും ഉൾപ്പെട്ടതാണത്. പരിശുദ്ധന്മാരും, ശുദ്ധിമതികളും, നോമ്പുകാരും, വ്രതക്കാരും, വിലാപക്കാരും, തിരഞ്ഞെടുക്കപ്പെട്ട പിതാക്കന്മാരും, രാജാക്കന്മാരും അടങ്ങിയതാണ് ഈ വംശാവലി.

തലമുറകൾ ആകെ അബ്രഹാം മുതൽ ദാവീദ് വരെ പതിനാലും, ദാവീദ് മുതൽ ബാബേൽ പ്രവാസത്തോളം പതിനാലും, ബാബേൽ പ്രവാസം മുതൽ ക്രിസ്തുവിനോളം പതിനാലും ആകുന്നു. കുഞ്ഞുണ്ണി മാഷുടെ ഒരു കവിതാശകലം ഇങ്ങനെ:

ഊരുണ്ടെങ്കിൽ പേരുണ്ട്
പേരുണ്ടെങ്കിൽ വേരുമുണ്ട്.

യേശുവിന് ഊരുണ്ട് – ബേത്‌ലഹേം, നസ്രേത്ത്, യെറുശലേം എന്നിവ യേശുവുമായി ബന്ധപ്പെട്ട ഊരുകളാണ്. ചരിത്രത്തിന്റെ കുത്തൊഴുക്കിൽ സംഭവിച്ച ഒരാകസ്മികതയല്ല അവന്റെ ജനനം. ഊരുള്ള അവന്റെ പേരാണ് “യേശു”. പേരുള്ളവന് വേരുമുണ്ട് അഥവാ പാരമ്പര്യമുണ്ട്. പൂർവ്വ പിതാക്കന്മാരുടെ ചരിത്രവും പശ്ചാത്തലവുമാണ് ആ വേര്. ആ വേരുകളാണ് ഈ വംശാവലിയിലൂടെ അവതരിപ്പിക്കുന്നത്.

ഈ മഹത്തായ വംശാവലി പഠിപ്പിക്കുന്ന വലിയ പാഠം എന്നത്, വേദപുസ്തകം വിശുദ്ധരുടെ മാത്രം കഥ പറയുന്ന പുസ്തകമല്ലയെന്നുള്ളതാണ്. ഈശ്വരഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ വീഴ്ചയുടെയും ഉയർച്ചയുടെയും, വിജയത്തിന്റെയും, പരാജയത്തിന്റെയും, സ്നേ ഹത്തിന്റെയും ഒക്കെ ഒരു ചരിത്ര രേഖകൂടിയാണ് ഇതിൽ ഉൾക്കൊള്ളുന്നത്. സ്നേഹസ്വരൂപനും കരുണാനിധനുമായ ദൈവത്തിന്റെ വാഗ്ദാനത്തിന്റെയും വാഗ്ദാന നിവൃത്തിയുടെയും യുഗങ്ങളായുള്ള ചരിത്രമാണിത്.

## ജനനപ്പെരുന്നാൾ
## വി. മത്താ. 2:1 – 12 (25 – 12 – 2022)

ഹേറോദേസ് രാജാവിന്റെ കാലത്ത് യഹൂദിയായിലെ ബേത്‌ലഹേമിൽ ജാതനായ ഉണ്ണിയേശുവിനെ കണ്ട് കാഴ്ചകൾ സമർപ്പിക്കുവാനായി കിഴക്കുനിന്ന് ജ്യോതി ശാസ്ത്രജ്ഞന്മാർ വരുകയും, കിഴക്ക് ആകാശത്ത് കാണപ്പെട്ട നക്ഷത്രത്തെ പിൻതുടർന്ന് അവർ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ എത്തിച്ചേരുകയും അവർ കൊണ്ടുവന്ന പൊന്നും മൂരും, കുന്തിരുക്കവും കാഴ്ചകളായി സമർപ്പിക്കുകയും ചെയ്തു.

വിദ്യാന്മാർ വീണ്ടെടുപ്പുകാരനെ കണ്ടുമുട്ടുകയും അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ യെഹൂദർ അവനെ കാണുകയോ, അംഗീകരിക്കുകയോ ചെയ്യുന്നില്ല. തിരുവെഴുത്തുകൾ യെഹൂദരുടെ പക്കൽ ഉണ്ടായിരുന്നു എന്നു മാത്രമല്ല, മ്ശീഹായെക്കുറിച്ചുള്ള പ്രവചനങ്ങളുടെ വിശദാംശങ്ങൾ നൽകുവാനും കഴിയുമായിരുന്നു. എങ്കിലും അവർക്ക് മ്ശിഹായെ തിരിച്ചറിയുന്നതിനു സാധിച്ചില്ല.

ക്രൈസ്തവരായ നമ്മെ, നാളെ ഈ ലോകത്ത് അറിയപ്പെടേണ്ടത് ക്രിസ്തുവിനെ കണ്ടെത്തി അവനെ ആരാധിച്ചും, അവിടുത്തെ വചനങ്ങൾക്കനുസരിച്ചു ജീവിക്കുന്നവർ എന്നായിരിക്കണം. അതിനുവേണ്ടി മൂന്ന് കാര്യങ്ങൾ നാം ശ്രദ്ധിക്കണം.

**1. നമ്മുക്ക് ഉറച്ച ലക്ഷ്യം വേണം**

അവന്റെ നക്ഷത്രം ഞങ്ങൾ കിഴക്ക് ദിക്കിൽ കണ്ടു. അവനെ വന്ദിപ്പാനാണ് ഞങ്ങൾ വന്നിരിക്കുന്നത് (2:2) ഇതു പോലുള്ള ഒരു ഉറച്ച ലക്ഷ്യം വേണം.

**2. നമ്മുടെ ലക്ഷ്യത്തിന് എതിരായിട്ടുള്ളതിനെ അകറ്റി നിർത്തണം**

രാജകൊട്ടാരത്തിന്റെ ആഡംബരം, അസ്വസ്ഥനായ ഹേറോദോസ്, അദ്ദേഹത്തിന്റെ രഹസ്യപൂർവ്വമായ അജണ്ടയോടെയുള്ള സംസാരം ഇതെല്ലാം അവരുടെ ലക്ഷ്യത്തിന് എതിരായിട്ടുള്ളതായിരുന്നു. എന്നാൽ അതിനെയെല്ലാം അവർക്ക് അതിജീവിക്കുവാനായിട്ട് സാധിച്ചു.

**3. കഠിനാധ്വാനം**

പൗരസ്ത്യദേശത്ത് നിന്ന് ഒട്ടകപ്പുറത്തുള്ള യാത്രയിൽ പകലുകൾ, രാത്രികൾ, തണുപ്പ്, ചൂട് എല്ലാം അവർക്ക് തരണം ചെയ്യുവാൻ കഴിഞ്ഞു. അങ്ങനെ കഠിനാധ്വാനം ചെയ്താണ് അവർ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ എത്തിച്ചേർന്നത്.

നന്മ ചെയ്യുന്നവരായി, ദൈവാന്വേഷകരായി, ലോകം നമ്മെ അറിയുവാൻ ഇടയാകണം. നമ്മുടെ ജീവിതം മനോഹരമാകുവാൻ ധന്യമാകുവാൻ നാമും ഈ ജ്ഞാനികളെപ്പോലെയാകണം.

## ജനനപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ
## വി. യോഹ. 15:8 – 19 (01 – 01 – 2023)

ഇന്ന് പരി. സഭ നമ്മുടെ കർത്താവിന്റെ ചേലാകർമ്മ പെരുന്നാൾ കൊണ്ടാടുന്നു. ജാതികളിൽനിന്ന് ദൈവജനത്തെ വേർതിരിച്ച് നിർത്തുവാൻവേണ്ടി ദൈവം അബ്രഹാമിനു കൊടുത്ത നിയമമാണ് പരിഛേദന കർമ്മം. ജനിച്ച് എട്ടാം ദിവസം ദൈവജനം അഗ്രചർമ്മം പരിഛേദന ചെയ്യണമെന്ന് ദൈവം അബ്രഹാമിനോട് കല്പിച്ചിരിക്കുന്നു (ഉല്പ.17:10–12). അബ്രഹാമിന്റെ പുത്രനായ യിസഹാക്കിന് എട്ടാംനാൾ പരിഛേദന നൽകി. പുതിയ നിയമസഭയിൽ പരിഛേദനം മാമോദീസാ എന്ന കൂദാശയായി മാറി.

കൂടാതെ ഇന്നേ ദിവസം മോർ ബസേലിയോസ്, മോർ

ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മയും കൊണ്ടാടുന്നു. അറിയോസിന്റെ വേദ വിപരീതത്തിനെതിരായി ഈ പിതാക്കന്മാർ പോരാടി. അവരുടെ ഓർമ്മയും വർഷാരംഭത്തിൽ തന്നെ കൊണ്ടാടുന്നു.

ഇന്നത്തെ വേദഭാഗത്തിൽ കർത്താവ് മുന്തിരിച്ചെടിയേയും ശാഖകളെയും ശിഷ്യന്മാർക്ക് കാണിച്ചുകൊണ്ട് ചില കാര്യങ്ങൾ അവരെ പഠിപ്പിക്കുന്നതാണ് ഈ വേദഭാഗത്തിലെ പ്രതിപാദ്യവിഷയം. 2022 എന്ന വർഷം പിന്നിട്ട് പുതുവർഷത്തിലേക്ക് പ്രവേശിച്ചവരായ നമ്മുക്ക് നമ്മിൽനിന്ന് പുറപ്പെടുവിക്കേണ്ട ഫലങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നു. ഫലം കായ്ക്കേണ്ടത് എങ്ങനെയാണ്. എന്തുകൊണ്ടാണ് നാം ഫലം കായ്ക്കാത്തത് എന്നെല്ലാം ശിക്ഷ്യന്മാരെ പ്രബോധിപ്പിക്കുകയാണ്. ഗലാ. 5:22–ൽ പറയുന്നു 'ആത്മാവിന്റെ ഫലങ്ങളാണ് നാം പുറപ്പെടുവിക്കേണ്ടത്. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വാസം, വിനയം സഹനം' തുടങ്ങിയ ഫലങ്ങൾ. ഈ ഓരോ ഫലങ്ങളും സ്നേഹത്തിൽ കെട്ടിയിട്ടിരിക്കുന്നവയാണ്. നാം ഈ ഫലങ്ങൾ അധികം പുറപ്പെടുവിക്കുമ്പോൾ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് മഹത്വപ്പെടുന്നു. നാം ഈ ഫലങ്ങൾ കായ്ച്ച് നമ്മുടെ പിതാവിനെ മഹത്വപ്പെടുത്തുവാൻ ബദ്ധശ്രദ്ധരായിരിക്കണം.

എന്തുകൊണ്ടാണ് നമുക്ക് ഫലം കായ്ക്കാൻ സാധിക്കാത്തത്. 15:5 ൽ പറയുന്നുണ്ട്. 'ഞാനാകുന്നു മുന്തിരിവള്ളി നിങ്ങൾ ശാഖകളുമാണ്. ഒരുവൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ, അവൻ വളരെയേറെ ഫലംപുറപ്പെടുവിക്കും. എന്തെന്നാൽ എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല.' നാം കർത്താവിൽ വസിക്കാത്തതും കല്പനകൾ പാലിക്കാത്തതുമാണ് നാം ഫലം കായ്ക്കാത്തതിന്റെ പ്രധാന കാരണം. കല്പനകൾ പാലിച്ചാൽ ദൈവസ്നേഹത്തിൽ നിലനിൽക്കുവാനായിട്ട് സാധിക്കും. 'എന്റെ കല്പന ഇതാകുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിക്കണം.' (15:12).

കല്പന പാലിക്കുന്നതിലൂടെ നാം ചെയ്യുന്നത് മറ്റുള്ളവരേ സ്നേഹിക്കലാണ്. സ്നേഹത്തിലൂടെയാണ് നാം കൂടുതൽ ഫലം പുറപ്പെടുവിക്കുന്നത് കാരണം സ്നേഹത്തിലൂടെയാണല്ലോ എല്ലാ ഫലങ്ങളും പുറപ്പെടുന്നത്. ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പൂത്തുലഞ്ഞ ഫലമാണ് യേശു ക്രിസ്തു.

വി. യോഹ.15:16 ൽ പറയുന്നു 'നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനുംവേണ്ടി നിങ്ങളെ നിയോഗിച്ചിരിക്കുന്നു.' ആ സ്നേഹഫലം പുറപ്പെടുവിക്കാൻ നിയോഗിക്കപ്പെട്ടവരാണ് നാം. പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ നമ്മിൽനിന്ന് സ്നേഹത്തിന്റെ ഫലം പുറപ്പെടുവിക്കാൻ അത് മറ്റുള്ളവർക്ക് ഒരു ആശ്വാസമാകുവാൻ ഇടയാകണം.

## ദനഹാപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ
## വി. മത്താ. 4:12 – 22 (08 – 01 – 2023)

ലോക രക്ഷകനായി അവതരിച്ച യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ച വിവരണമാണിവിടെ പറയുന്നത്. യേശുവിന്റെ മുന്നോടിയായി ലോകത്തിൽ അവതരിപ്പിച്ച യോഹന്നാൻ സ്നാപകന്റെ അതേ സന്ദേശമായ 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ'(മത്താ.4:17) എന്നത് യേശുവും ലോകത്തിന് നല്കുന്നു. യോഹന്നാന്റെ സ്നാനം യേശുവിന്റെ ദൈവപുത്രപദവി ലോകത്തിന് വെളിപ്പെടുത്തികൊടുത്തു എങ്കിൽ യോഹന്നാന്റെ ബന്ധനം യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭം കുറിച്ചു.

സ്വർഗ്ഗരാജ്യത്തിന്റെ മുഖ്യശുശ്രൂഷക്കായി നാലു ശിഷ്യരെ, തന്നെ അനുഗമിക്കുന്നതിന് വിളിക്കുന്നതിലൂടെയാണ് യേശുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത്. യേശു തന്റെ സ്വർഗ്ഗരാജ്യസ്ഥാപനത്തിന്റെ പങ്കാളികളായിത്തീരുന്നതിന് ചിലരെ വിളിച്ച് അവരെ തന്റെ പ്രവർത്തന ദൗത്യത്തിന്റെ പങ്കാളികളാക്കുന്നു.

'നിങ്ങൾ എന്റെ പിന്നാലെ വരുവിൻ' എന്നത് വിശ്വാസിയുടെ സേവനത്തിനുള്ള ക്ഷണമാണ്. ദൈവം നമ്മെ സൃഷ്ടിച്ച ഉദ്ദേശ്യങ്ങൾ ഉൾക്കൊള്ളുന്നതിനായി ഒരാളുടെ വ്യക്തിപരമായ ലക്ഷ്യങ്ങളും ആനന്ദങ്ങളും മാറ്റി വയ്ക്കുക എന്നതാണ്. ക്രിസ്തുവിനെ നാം അനുഗമിക്കുമ്പോൾ നമ്മുടെ വ്യക്തിപരമായ ഇഷ്ടങ്ങളും ലക്ഷ്യങ്ങളും മാറ്റി നിർത്തുവാൻ നമ്മുക്ക് സാധിക്കണം.

'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്റെ പിന്നാലെ വരുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല' (യോഹ. 8:12) മത്സ്യം ശിഷ്യന്മാരുടെ വെളിച്ചത്തിലേക്ക് ആകർഷിക്കപ്പെടുന്നതുപോലെ ശിഷ്യന്മാരിലൂടെ പ്രകാശിക്കുന്ന ആ ദൈവീക പ്രകാശത്തിലേക്ക് ആളുകൾ ആകർഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ദൈവവിളി ബോധ്യമാകുന്നവർ അവന്റെ നാമത്തിൽ ഇറങ്ങാതിരിക്കാൻ മടിക്കരുത്. യേശുവിലുള്ള വിശ്വാസവും, ആശ്രയവും ആണ് ഈ നാലു മുക്കുവരെയും ശിഷ്യന്മാരാക്കി ഉയർത്തിയത്. ആ ഒരു പാത പിൻതുടരുവാൻ നമുക്കും സാധിക്കണം.

## ദനഹാപ്പെരുന്നാളിനുശേഷം രണ്ടാം ഞായർ
## വി. യോഹ. 1:43 – 51 (15 – 01 – 2023)

വി. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം പ്രതിപാദിക്കുന്ന ശിഷ്യനായ നഥനയേലും യേശുവുമായുള്ള സംഭാഷണമാണ് ഈ വേദഭാഗത്തിലെ പ്രതിപാദ്യ വിഷയം. ഈ സംഭാഷണത്തിലൂടെ യേശു അവനെ തന്റെ ഒരു ശിഷ്യനാക്കിത്തീർത്തു. നഥനയേൽ ശിഷ്യത്വത്തിന്റെ മാതൃകയായി പരിലസിക്കുന്നു എന്നത് വളരെ മഹനീയമാണ്.

യേശു ഫിലിപ്പോസിനോട് 'എന്റെ പിന്നാലെ വരിക' എന്ന് ആവശ്യപ്പെടുന്നു. ഉള്ളും ഉള്ളിലിരിപ്പും നല്ലതുപോലെ അറിയുന്ന യേശു ക്രിസ്തു, ഫിലിപ്പോസിൽ ഉത്തമനായ ഒരു അനുയായിയെ കണ്ടെത്തിയിരിക്കാം. വ്യക്തി ആരാണെന്നുള്ളതിനെക്കാൾ ആരാകണമെന്നാഗ്രഹിക്കുന്ന കർത്താവ് അവനോട് തന്റെ പിന്നാലെ കൂടുവാൻ ആജ്ഞാപിക്കുന്നു.

ദൈവം നമ്മെ തിരഞ്ഞെടുക്കണമെങ്കിൽ നമ്മുടെ ജീവിതത്തെ ദൈവത്തിനു വിളിക്കാൻ ഉതകുന്ന പാകത്തിൻ നാം ക്രമീകരിക്കണം. ഇവിടെ കർത്താവിന്റെ വാക്ക് കേട്ട് അവനോടുകൂടെ ചേർന്ന ഫിലിപ്പോസ് മറ്റുള്ളവരോട് കർത്താവിനെപ്പറ്റി ആവേശത്തോടെ സംസാരിക്കുന്ന കാഴ്ച നമുക്ക് കാണുവാൻ സാധിക്കും.

നഥനയേൽ തന്റെ അടുക്കലേക്ക് വരുന്നത് കണ്ട് 'ഇതാ, കാപട്യമില്ലാത്ത സാക്ഷാൽ ഇസ്രായേല്യൻ' (1:47) എന്ന് യേശു പ്രസ്താവിച്ചു. യേശുവിന്റെ ഈ വചനം സാധാരണ ഒരു അഭിപ്രായം മാത്രമായിരുന്നില്ല, സത്യമായിരുന്നു. അവന്റെ സത്യസന്ധതകൊണ്ട് അവൻ പെട്ടെന്ന് പ്രതികരിക്കുന്നു. അവനിൽ കപടം ഇല്ലെന്നാണ് യേശു പറഞ്ഞത്. വഞ്ചന, സൂത്രം, മുഖസ്തുതി ഒന്നും ഇല്ലാത്ത നല്ല മനുഷ്യൻ എന്നാണ് യേശുവിന്റെ വിലയിരുത്തൽ.

അവന്റെ ഹൃദയം നിർമ്മലമായതുകൊണ്ട് ഫിലിപ്പോസ് പറഞ്ഞത് അനുസരിക്കുകയും പിന്നാലെ പോകുകയും

ചെയ്തു. ഏതൊരു വ്യക്തിയും പുറമെ കാണപ്പെടുന്ന പ്രകാരമോ, അറിയപ്പെടുന്ന പ്രകാരമോ ആയിരിക്കണമെന്നില്ല. മനുഷ്യന്റെ ചിന്താഗതികൾ അഗാധമായിട്ടുള്ളവയാണ്. അതിന്റെ നിജസ്ഥിതി അറിയുന്നത് ദൈവം മാത്രമാണ്. പുറമെ യഹൂദനായിരിക്കുന്നവനല്ല യഹൂദൻ. ശരീരത്തിൽ കാണപ്പെടുന്നതു പരിഛേദനയുമല്ല. എന്നാൽ അകമെ യഹൂദനായിരിക്കുന്നവനാണ് യഹൂദൻ. അക്ഷരപ്രകാരമുള്ളതല്ല; ആത്മാവിൽ ഹൃദയത്തിന്റേതായിട്ടുള്ളതാണ് പരിഛേദന. (റോമ. 2:28–29). ഓരോ ക്രിസ്ത്യാനിയും അവന്റെ പേരു കൊണ്ടോ, ആചാരാനുഷ്ഠാനം കൊണ്ടോ യഥാർത്ഥ ക്രിസ്ത്യാനിയാകുന്നില്ല. ദൈവസന്നിധിയിൽ യഥാർത്ഥമതിയാകുക എന്നതായിരിക്കണം നമ്മുടെ ജീവിത ഉദ്ദേശ്യം. നാം ആത്മികമായി വളരുവാനും നമ്മുടെ ആത്മശുദ്ധീകരണത്തിന് ആവശ്യമായ മാനസാന്തരം നമ്മിൽ രൂപപ്പെടുത്തിയെടുക്കുവാനും നമുക്ക് സാധിക്കണം. ●

## വാർത്തകൾ



ക്നാനായ കോൺഗ്രസ് മോർ ഇഗ്നാത്തിയോസ് പള്ളി യൂണിറ്റിന്റെ പ്രവർത്തന ഫണ്ട് (ഗോളാരവം – 2022) ഉത്ഘാടനം വികാരി ഫാ. ജേക്കബ് കല്ലുകളം, ട്രസ്റ്റി എ. കെ. തോമസ് പടിഞ്ഞാറേതിന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. സെക്രട്ടറി തോമസ് ജേക്കബ് കണ്ണാട്ടുപറമ്പിൽ, ജോബി കാരിക്കോട്ട്, അനു കുര്യൻ പാടകശ്ശേരിൽ, രഞ്ജു കളക്കാട്ട്, ഷിനു പടിഞ്ഞാറേതിൽ, തമ്പി മുക്കാട്ട്, ജോട്ടി പുതിയമഠം എന്നിവർ സമീപം.




ക്നാനായ സൺഡേസ്കൂൾ സമാജം ചിങ്ങവനം ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ കൂദോശീത്തോ ദിനത്തിൽ സൺഡേസ്കൂൾ ദിനാഘോഷത്തിന്റെ ഭാഗമായി സൺഡേസ്കൂൾ ദിനറാലി നടത്തി. ചിങ്ങവനം ശാലേം പള്ളിയിൽനിന്നും ആരംഭിച്ച് ചിങ്ങവനം പുത്തൻപള്ളിയിൽ എത്തി റാലി സമാപിച്ചു. തുടർന്ന് പുത്തൻപള്ളി വികാരി ബഹു. എം.സി. സഖറിയ മധുരംകോട്ട് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളത്തിൽ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസുകൊണ്ട് അനുഗ്രഹ പ്രഭാഷണം നടത്തി. സൺഡേസ്കൂൾ സമാജം ഡയറക്ടർ ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകം പള്ളിയിൽ, ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ. സജി സ്കറിയ കരിമ്പന്നൂർ, ഫാ. പി.ഒ. ഏലിയാസ് പാറക്കുളം, ഫാ. ലിജോ ഏലിയാസ് ജോസഫ് പട്ടുകാല എന്നിവർ ആശംസകൾ അറിയിച്ചു. യോഗത്തിൽ ബ. വൈദിക ശ്രേഷ്ടർ, മാതാപിതാക്കൾ തുടങ്ങിയവർ സംബന്ധിച്ചു. റാലിയിൽ പങ്കെടുത്ത സൺഡേസ്കൂളുകൾക്ക് എവർറോളിംഗ് ട്രോഫികൾ അഭി. തിരുമേനി നൽകി. യോഗത്തിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ബിനോ. പി. ഏലിയാസ് സ്വാഗതവും ഡിസ്ട്രിക്ട് സെക്രട്ടറി സജി. റ്റി. തോമസ് തെക്കേക്കരോട്ട് കൃതജ്ഞതയും രേഖപ്പെടുത്തി.



കേരള സംസ്ഥാന ഹോക്കി ടീമിൽ ഇടം നേടിയ വാകത്താനം സെന്റ് സൈമൺസ് ക്നാനായപള്ളി ഇടവകാംഗം ജിന്റു ജെനുവിന് ഇടവകയുടെ വലിയ പെരുന്നാളിനോട് അനുബന്ധിച്ച് അഭി. സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസ്സുകൊണ്ട് മെമന്റോ നൽകി ആദരിക്കുന്നു. വികാരി ഫാ. ലിജോ ജോസഫ് പട്ടുകാലായിൽ, ട്രസ്റ്റി പുന്നൂസ് കുര്യൻ വെച്ചൂപറമ്പിൽ, സെക്രട്ടറി, പ്രജിത്ത് തോമസ് പൂനോലിക്കൽ തുടങ്ങിയവർ സമീപം. കാഞ്ഞിരക്കാട്ട് ജെനു തോമസിന്റെയും ഷൈനി മാത്യുവിന്റെയും മകനാണ് ജിന്റോ.

## അറിയിപ്പ്
## ക്നാനായ ഫാമിലി ഡയറക്ടറേറ്റ്

2022 ഡിസംബർ 27, 28 (ചൊവ്വാ, ബുധൻ) ദിവസങ്ങളിൽ പ്രത്യേക വിവാഹ ഒരുക്ക സെമിനാർ നടത്തുന്നതാണ്.

ഫാ. ഡോ. ജയിംസ് തോടത്തിൽ
ഡയറക്ടർ




## പൂച്ചക്കാലൻ സഞ്ചി

പൂച്ചയ്ക്ക് വാർദ്ധക്യം ബാധിച്ചു. പഴയതുപോലെ ഇപ്പോൾ എലികളെ പിടിക്കാൻ കഴിയുന്നില്ല. ചോരതിളപ്പുള്ള യുവത്വ കാലത്തെ രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ തട്ടിൻപുറത്തു കയറി രണ്ടും മൂന്നും എലികളെ വകവരുത്തി ശാപ്പിടുമായിരുന്നു. ഇന്നത് വെറും ഓർമ്മയായി. ഇപ്പോൾ ചാടിപിടിക്കുവാൻ ശ്രമിക്കുമ്പോഴേക്കും എലികൾ രക്ഷപെട്ടു കളയുന്നു. അവ വല്ലാതെ പുളച്ചിരിക്കുകയാണ്.

അവസാനം പൂച്ച ഒരു വഴി കണ്ടു പിടിച്ചു. സ്റ്റോർമുറിയിൽ സാധനങ്ങൾ വെക്കാൻ തീർത്ത തട്ടുകളുടെ താങ്ങുവടിയിൽ ഒരെണ്ണം നീണ്ട് കിടപ്പുണ്ടായിരുന്നു. എലികൾ കടിച്ചുമുറിച്ച ഒരു മുഷിഞ്ഞ തലയിണയുറയും അത് കണ്ടു പിടിച്ചു.

പൂച്ച ഉറയിൽ കയറി തുളയിലൂടെ തലയും മുൻകാലുകളും പുറത്തേക്കിട്ടു. പിന്നെ തട്ടിന്റെ താങ്ങുവടിയിൽ പിൻകാലുകൾ ബന്ധിച്ചുകൊണ്ട് അത് അനക്കമില്ലാതെ കിടന്നു. തിന്നാനുള്ള എന്തോ സാധനം നിറച്ച ഒരു പഴയ സഞ്ചി അവിടെ തൂക്കിയതാണെന്നേ തോന്നൂ. എലികൾ അതിനടുത്തു വരുമ്പോൾ പിടി കൂടാമല്ലോ എന്നായി പൂച്ചയുടെ ആലോചന.

രാത്രിയിൽ ഭക്ഷണം തേടി എലികൾ സ്റ്റോർ മുറിയിൽ എത്തി. പുതുതായി തൂക്കിയ സഞ്ചിയിൽ എന്താണെന്നറിയാൻ ഓടുന്ന കുട്ടികളെ തടഞ്ഞുകൊണ്ട് എലികൾ പറഞ്ഞു.

'മക്കളേ നിൽക്കൂ! ഞാൻ ഒരുപാട് സഞ്ചികളും ചാക്കുകളും കണ്ടിട്ടുണ്ട് തുളച്ചിട്ടുമുണ്ട്. പക്ഷേ, അടിവശത്ത് ഒരു പൂച്ചയുടെ തലയും മുൻകാലുകളും തൂക്കിയിട്ടിട്ടുള്ള ഒരു സഞ്ചി ഞാൻ ആദ്യമായി കാണുകയാണ്. അതിനാൽ നിങ്ങൾ അതുമായുള്ള അകലം സൂക്ഷിക്കുക.

പിന്നീട് മാർജാരാകൃതിയിൽ അവതരിച്ച സഞ്ചിയുടെ നേരെ തിരിഞ്ഞ് എലിയമ്മ പറഞ്ഞു:

'ഹേ! പൂച്ചമുത്തപ്പാ, നീ അവിടെ അങ്ങനെ തൂങ്ങിയിരിക്കുക. മരം കൊണ്ടായാലും മണ്ണു കൊണ്ടായാലും നിന്റെ രൂപം കണ്ണിൽപെട്ടാൽ സുരക്ഷിതമായ അകലം സൂക്ഷിച്ചേ ഞങ്ങൾ എപ്പോഴും ഇരിക്കൂ.'

***ശത്രു ഏത് രൂപത്തിൽ പ്രത്യക്ഷപ്പെട്ടാലും തിരിച്ചറിയാൻ കഴിയണം.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. ഏറ്റവും കൂടുതൽ വാക്യങ്ങളുള്ള സുവിശേഷം ഏത്?
2. വാടിയ ചെടിയെ നോക്കി കോപിച്ചവൻ ആര്?
3. ഭാര്യയുടെ ആശയം കുടുംബത്തിന്റെ അന്ത്യത്തിനു കാരണമായ കഥാപാത്രം ആര്?
4. വെളിപാട് മൂലം പ്രസിദ്ധമായ ദ്വീപ് ഏത്?
5. ആദ്യ മനുഷ്യനായ ആദാമിന്റെ ശവം സംസ്ക്കരിക്കുവാൻ ചെന്നപ്പോൾ ഒരു മനുഷ്യാസ്ഥി കണ്ടെങ്കിൽ അതാരുടേതായിരുന്നു?
6. കരുവേലകത്തിന്റെ കീഴിൽ അടക്കം ചെയ്യപ്പെട്ട വ്യക്തി ആര്?
7. പഴയ നിയമത്തിലെ പ്രസിദ്ധനായ സ്വപ്നക്കാരൻ ആര്?
8. പന്തിരുവരിൽ ഒരാൾ വിവാഹിതനായിരുന്നു അതാര്?
9. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ഏറ്റവും വലിയ മിലിട്ടറി ഉദ്യോഗസ്ഥൻ ആര്?
10. വേദപുസ്തകത്തിലെ ഒരു നഗരം 'ലോകത്തിലെ ഏറ്റവും പുരാതനമായ പട്ടണം എന്ന് അറിയപ്പെടുന്ന പട്ടണം ഏത്?

**നവംബർ മാസത്തിലെ ഉത്തരങ്ങൾ**

1. സങ്കീർത്തനങ്ങൾ
2. ഉല്പത്തി (50-ാം അദ്ധ്യായം)
3. ലേവ്യ
4. യോശുവ
5. യെശയ്യാവ് (66-ാം അദ്ധ്യായങ്ങൾ)
6. സദൃശ്യവാക്യങ്ങൾ
7. യോഹന്നാൻ 11:35
8. മത്തായി. (28 അദ്ധ്യായം)
9. അപ്പോസ്തോല പ്രവർത്തികൾ
10. ഫിലോമോനുള്ള ലേഖനം

## ക്നായിതോമ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ ഡിസംബർ മാസത്തെ പ്രാർത്ഥനായോഗം ചിങ്ങവനം ശാലേം പള്ളി ഇടവകാംഗം മടുക്കമൂട്ടിൽ മാത്യു എം. ഇട്ടി (സാബു) യുടെ പൂവൻതുരുത്ത് റെയിൽവേ മേൽപാലത്തിന് സമീപം ഉള്ള ഭവനാങ്കണത്തിൽ വച്ച് 1-1-2023 ഞായർ വൈകുന്നേരം 6 മണിക്ക് നടക്കും. വൈസ്. പ്രസി. റവ. ഫാ. സി. സി. ഏലിയാസ് കട്ടയിലിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ആരംഭിക്കുന്ന യോഗത്തിൽ റവ. ഫാ. ജേക്കബ് കല്ലുകുളം മുഖ്യ സന്ദേശം നൽകുന്നതാണ്.

# 50th Wedding Anniversary

07-01-2023



## O.M. MATHEW & AMMUKUTTY MATHEW

**Oorakamannil, Vallamkulam**

ഇത്രത്തോളം യഹോവ സഹായിച്ചു.
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി.

Children- Binu Mathew & Sinu Joseph
Cinu Mathew & Biji Mathew
Grand Children- Hannoch, Hannah, Sera, Helan & Helsa

Advt -O



**ജർമ്മനിയിൽ നഴ്സിംഗ് & ഹോട്ടൽ മാനേജ്മെന്റ് പഠിക്കാൻ തയ്യാർ ആണോ ? (3 വർഷം)**

ഏറ്റവും കുറഞ്ഞ ചിലവിൽ ജർമ്മൻ ഭാഷ പഠിപ്പിച്ച് ജർമ്മനിയിൽ
(Free Education with Monthly Stipend)
തുടർ പഠനം നടത്തുന്നതിന് ഞങ്ങൾ നിങ്ങളെ സഹായിക്കാം
(കുറഞ്ഞ യോഗ്യത : +2)

Hostel Facility Available for ladies

**UK**
**Health Care Visa**
- Nurses (Senior Care) Bsc / GNM
- Non Nurses (Assistant Care)
  any degree holders can apply

**CANADA**
**PR / Education**



GLOBAL DREAMS
TRAVEL & EDUCATIONAL CONSULTANTS
Paliyekara Church Parish Hall Building,
Near SBI. Paliyekara, Thiruvalla.
globalthiruvalla@gmail.com
**Ph: 9847585747**

Advt -O



# 1 – ാം ചരമവാർഷികം

16-12-2022



## K. K. Joy

**Kaniyammalil, Thiruvalla**

17-07-1947 – 16-12-2021


"യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെതന്നെ ദൈവം നിദ്ര കൊണ്ട വരേയും യേശു മുഖാന്തിരം അവനോടുകൂടെ വരുത്തും"

1 തെസലോനിക്യർ 4–14

Advt -O

## 3-ാം ചരമവാർഷികം

17-12-2022



**മാത്യു തോമസ്** (Rtd. Station Master)

**കൂട്ടോത്തറ, പുനലൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40-ാം ചരമവാർഷികം

28-12-2022



# M.K. MATHEW (90)

**(Mathukutty)**

**Mattappallil, Perumpuzha, Ranni**

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹന്നാൻ 11:25)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 3rd Birthday in Heaven

18-12-2022



# Thomas Punnoose (Joy)

**Ozhumannil, Aythala, Ranni**

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -O

## 40th Day of Remembrance

16-12-2022



# Kuriakose Thomas

**(Baby) 79 years**

**Ezhumayil, Channanickadu**

"I have fought a good fight, I have finished my course,
I have kept the faith." 2 Timothy 4:7

Beloved Family
Wife - Leelamma
Children-Shelly & Deya, Shilo
Grandchildren - Keziah, Neha

Advt - O

## 1 –ാം ചരമവാർഷികം

08 – 12 – 2022



# വി. ഒ. ചാക്കോ (തങ്കച്ചൻ)

**വെള്ളവന്താനത്ത്, മഴുക്കീർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 1 –ാം ചരമ വാർഷികം

**20- 12 - 2022**




# ചിന്നമ്മ കുറിയാക്കോസ്

**തെക്കേമൂഴിപ്പാറ, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 4 –ാം ചരമവാർഷികം

13 – 01 – 2023

# Philip Kuruvilla


**Aronnil, Mumbai**

Advt -O

**I am the resurrection and the life,
whoever believes in me will live,
even though he dies.**

**John 11:25**

By Sorrowing Family



## 1 – ാം ചരമവാർഷികം

30 – 12 – 2022

# M. C. ABRAHAM

(കുഞ്ഞവറാച്ചൻ)

**Manjumankal, Angadi, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി തിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

11- 12 - 2022



## സിസിലി ജോസഫ്

## 9 – ാം ചരമവാർഷികം

27 - 10- 2022




## വി. എം. ജോസഫ്

**വളയനാട്ട്, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



## 53 –ാം ചരമവാർഷികം
22 – 12 – 2022

# തകിടിയിൽ
# യാക്കോബ് കശ്ശീശ

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Inserted by
**സെന്റ് മേരീസ് ശാലേം പള്ളി,**
**ചിങ്ങവനം**

Advt - G



## 1st DEATH ANNIVERSARY
12-12-2022

# SOMAN JACOB
Kavanal, Trivandrum

*Jacob's Engineering Works*

*"I am the resurrection and the life*
*He who believes in me will live,*
*Even though He dies"*
*John 11:25*

SORROWING FAMILY

Advt - G

## 40 – ാം ചരമദിനം

**08- 12 - 2022**



Advt -R

## GRACE ZACHARIAH

**(W/o Late M. A. Zachariah)**

**Malithra, Veliyanadu**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

---

He who has faith in me will have life even if he is dead
Jn 11:25

## 5th Birthday in Paradise

**04 – 12 – 2022**



Advt -O

## Kuriakose P. Joseph (Litty)

**Pattarumadathil, (West Othera P. O)**
**Kallissery Valiyapally**


By Sorrowing Family

---

## 31 – ാം ചരമവാർഷികം

**26- 12 - 2022**





## 8 – ാം ചരമവാർഷികം

**07 - 01- 2023**



Advt - O

## റവ. ഫാ. പി. ഐ. ഏബ്രഹാം

(റിട്ട. ഹെഡ്മാസ്റ്റർ, നാഷണൽ ഹൈസ്കൂൾ, വള്ളംകുളം)

## അച്ചാമ്മ ഏബ്രഹാം

**പാറയ്ക്കാമണ്ണിൽ, കറ്റോട്**

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും". (യോഹന്നാൻ 11:25)

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*കുടുംബാംഗങ്ങൾ*

# 7 – ാം ചരമവാർഷികം

29 – 12 – 2022



## കെ. യു. തോമസ് (കുളങ്ങര സാർ)

കുളങ്ങര, ചിങ്ങവനം

**Conso Group, Chingavanam**

Advt -G

## 40th Day of Demise

28 – 12 – 2022

In Loving memory of



**EALIAS JACOB (79)**

THURUTHITHARA-ARACKAL

KURICHY,
NEELAMPEROOR

HAMILTON,
CANADA

Sorrowing family

Advt - S

## 1 –ാം ചരമവാർഷികം

01 – 01 – 2023



**കുരുവിള ഏബ്രഹാം**

വാലടിത്തറ

മുളയ്ക്കാംതുരുത്തി, തുരുത്തി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 13 –ാം ചരമവാർഷികം

18- 12 - 2022



**പി.ഐ. മാത്തുക്കുട്ടി**

## 1 –ാം ചരമവാർഷികം

18- 12- 2022



**ഏലിയാമ്മ മാത്തുക്കുട്ടി**

പാറയ്ക്കാമണ്ണിൽ, കറ്റോട്

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 6 – ാം ചരമവാർഷികം
20 – 12 – 2022



## സുഭാഷ് ചാക്കോ
**പുതിയാപറമ്പിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...

ജൂലി സുഭാഷ്

Advt - S

## 5 – ാം ചരമവാർഷികം
07 – 12 – 2022

## 52 – ാം ചരമവാർഷികം
18 – 01 – 2023





## ചാച്ചിക്കുട്ടി ഉണ്ണിട്ടൻ    കെ. സി. ഉണ്ണിട്ടൻ
**കരിപ്പാലിൽ, തിരുവൻവണ്ടൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 1 – ാം ചരമവാർഷികം
01 – 01 – 2023

# മാത്തുക്കുട്ടി തോമസ്
## (ജോയി) USA
## കണ്ടല്ലുമണ്ണിൽ പാറയ്ക്കാട്ട്,
## ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

ഭാര്യ : സാലമ്മ മാത്യു
മക്കൾ : മഞ്ജു – അനൂബ് എരിച്ചിപ്പുറത്ത്
മിന്റു – രെജു തൈയ്യിൽ പുത്തൻവീട്
കൊച്ചുമക്കൾ : എലീന, എൽക്കാന, ഏലിയാസ്, ഡിയാന, ഡെവീന

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 2 – ാം ചരമവാർഷികം

**19 – 12 – 2022**



## കുഞ്ഞുഞ്ഞമ്മ ജേക്കബ്

**കോന്ത്യാപറമ്പിൽ, രാമങ്കരി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 11 – ാം ചരമ വാർഷികം

**5 – 12 – 2022**



## മറിയാമ്മ ചാക്കോ

**കോയിത്ര, കുറിച്ചി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 3 – ാം ചരമവാർഷികം

**19 – 12 – 2022**



## പി.കെ. മാത്യു

(ബേബി ആനിയ്ക്കൽ)

## 20 – ാം ചരമവാർഷികം

**08 – 12 – 2022**



## ശോശാമ്മ കുര്യൻ

Advt - S

**ആനിയ്ക്കൽ പുതുപ്പറമ്പിൽ, വാകത്താനം**

**(Amson Group)**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...

*സന്തപ്ത കുടുംബാംഗങ്ങൾ*



പറുദീസയിലെ 5 – ാം വർഷം

06 – 12 – 2022

## വിനു കുര്യൻ ജേക്കബ്

**താഴ്ചയിൽ, കുറ്റൂർ**

മാനത്തെ വെള്ളിത്തേരിലുറങ്ങും മാലാഖപ്പൂമുത്തേ
മാനത്തിരുന്നൊരു പൊൻമുത്തമേകിടാൻ
താഴോട്ടു നോക്കിടുമോ? നീ
താഴോട്ടു നോക്കിടുമോ?
മുത്തുകൾകൊണ്ടു പണിഞ്ഞൊരു വീട്
സ്വർഗത്തിലിന്നില്ലേ? നിന്റെ
അമ്മയാം മേരിയും യൗസേഫുമിന്ന്
കൂട്ടിനിരിപ്പില്ലേ? നിന്റെ
കൂട്ടിനിരിപ്പില്ലേ?.....

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*



40 – ാം ചരമദിനം
15/12/2022

## റവ. ഫാ. ജേക്കബ് ചാക്കോ
## ഉള്ളാട്ടിൽ, USA

*പറുദീസയുടെ അവകാശിയായ*
*പുരോഹിതാ*
*സമാധാനത്താലേ പോവുക*

പ്രാർത്ഥനയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

സ്നേഹസ്മരണയ്ക്ക്

**11 – ാം ചരമവാർഷികം**

01 – 01 – 2023



## തങ്കമ്മ ഏബ്രഹാം

**വള്ളംകുളത്തായ വേലുകിഴക്കേതിൽ, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**7 – ാം ചരമവാർഷികം**

17 – 12 – 2022



## O. A. ABRAHAM (RAJAN)

**Ochalil**
**Vallamkulam, Thiruvalla**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



**10 – ാം ചരമ വാർഷികം**

26 – 12 – 2022

## ചിന്നമ്മ തോമസ്

**ഇടയാടിയിൽ, ഐത്തല,**
**റാന്നി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

| | | |
|---|---|---|
| ഭർത്താവ് | : | Abraham Thomas |
| മക്കൾ | : | Lovely, Biju, Shiney, Binu |
| മരുമക്കൾ | : | Sajan, Priya, Sanjayan, Smitha |
| കൊച്ചുമക്കൾ | : | Elvis, Edvin, Sherin, Angel, Arnold, Edric, Eric |

Advt - S



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**3. നീ പശ്ചാത്തപിക്കുന്നുണ്ടോ?**

തെറ്റുകാരായ കുട്ടികളോട് ചോദിക്കാവുന്ന മറ്റൊരു ചോദ്യമാണിത്. എന്നാൽ ആ തെറ്റിനെ ന്യായീകരിക്കുന്നതും ആവർത്തിക്കുന്നതും അതിലേറെ അപകടമാണ്. തെറ്റ് സംഭവിച്ചാൽ അതോർത്ത് പശ്ചാത്തപിക്കുന്നത് ധാർമ്മികതയുടെയും മനുഷ്യത്വത്തിന്റെയും ലക്ഷണമാണ്. മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും ഉത്തരവാദിത്വമാണ് തെറ്റുകാരായ കുട്ടികളുടെ ഹൃദയത്തിൽ പശ്ചാത്താപമനോഭാവം സൃഷ്ടിക്കുന്നത്. പലപ്പോഴും കുട്ടികളുടെ തെറ്റുകളെ പർവ്വതീകരിച്ചു കാണിക്കുവാനും അവരെ ശിക്ഷിച്ച് മാനസ്സികമായി തളർത്തുവാനും ചില മുതിർന്നവർക്ക് നല്ല സാമർത്ഥ്യമാണ്. ശിക്ഷിക്കുന്നതിലൂടെ പശ്ചാത്താപം സൃഷ്ടിക്കുവാൻ കഴിയില്ല. ശിക്ഷ തെറ്റ് തടയുന്നില്ല. എന്നാൽ യഥാർത്ഥമായി പശ്ചാത്തപിക്കുന്ന കുട്ടികൾ ഒരിക്കലും ആ തെറ്റ് ആവർത്തിക്കില്ല. പശ്ചാത്താപമാണ് അനിവാര്യം.

ഈ ക്ലാസ്സ് തുടരാം. അതിനു മുൻപായി ആരെങ്കിലും ഒരു പാട്ട് പാടിയാൽ എനിക്ക് അല്പം വിശ്രമം കിട്ടും.

"അച്ചോ ടോണി പാടട്ടെ" ബിനു പറഞ്ഞു.

"എന്നിട്ടു വേണം അച്ചൻ സഹിതം ഇവിടെ നിന്നും ഓടിപ്പോകാൻ" ജോജോ പറഞ്ഞു.

ഒരു കൂട്ടചിരി ഉയർന്നു

ടോണി പറഞ്ഞു.

"വെറുതെ ഒരു ഭാഗ്യപരീക്ഷണം വേണ്ട. രേഷ്മ പാടട്ടെ"

രേഷ്മ ആ ഉത്തരവാദിത്വം ഏറ്റെടുത്തു. വളരെ മനോഹരമായ ഒരു ഗീതം രേഷ്മ ആലപിച്ചു ഗാനത്തിനു ശേഷം അച്ചൻ ക്ലാസ്സ് തുടർന്നു.

ഒരിക്കൽ ഒരു ഇടവകയിലെ ശുശ്രൂഷ കാലയളവിൽ മൂന്നു കുട്ടികളെ (15 വയസ്സിൽ താഴെയുള്ള) കുറ്റക്കാരായി പിടിച്ചുകൊണ്ട് സൺഡേസ്ക്കൂളിൽ ഹെഡ്മാസ്റ്ററും ഇടവകയിലെ ഒരു ധനാഢ്യനായ മനുഷ്യനും വന്നു. ധനാഢ്യന്റെ പുതിയ കാറിൽ ഒരു രൂപ നാണയം കൊണ്ട് വരയിട്ട് വൃത്തികേടാക്കിയെന്നാണ് ആരോപണം. കുട്ടികൾക്ക് തക്ക ശിക്ഷ കൊടുക്കണമെന്ന് ആക്രോശിച്ച് പറയുകയാണ് കാറിന്റെ ഉടമസ്ഥൻ. കുട്ടികൾ സ്ഥിരം കുറ്റവാളികളാണെന്നാണ് ഹെഡ്മാസ്റ്ററുടെ പരാതി. രണ്ടുപേരുംകൂടി പിള്ളാരെ തൂക്കിക്കൊല്ലാനുള്ള ഉത്തരവ് കിട്ടാൻ വന്നിരിക്കുന്നതായിട്ടാണ് എനിക്കു തോന്നിയത്.

"ഏതായാലും ഞാൻ കുട്ടികളോട് ഒന്നു സംസാരിക്കട്ടെ" ഞാൻ പറഞ്ഞു.

"എന്തു സംസാരിക്കാനാണ് അച്ചോ. അച്ചനെപ്പോലുള്ള കൗൺസിലിംഗ്കാരാണ് ഇവറ്റകളെ വഷളാക്കുന്നത്. നല്ല പൊട്ടീര് കൊടുക്കുകയാണ് വേണ്ടത്".

ധനാഢ്യൻ ആക്രോശിച്ചു.

"പൊട്ടിക്കണോ വേണ്ടയോ എന്ന് ഞാൻ തീരുമാനിക്കാം. തൽക്കാലം നിങ്ങൾ രണ്ടുപേരും മുറിക്ക് പുറത്തിറങ്ങി നിൽക്കുക. ഞാൻ കുട്ടികളോട് സംസാരിക്കട്ടെ".

മൂവർ സംഘവും ഞാനും മാത്രമായി മുറിയിൽ. കുട്ടികൾ എന്നെ ഭയത്തോടെ നോക്കി. ഞാനവരെ നോക്കി ചിരിച്ചു. അവർക്കു സമാധാനമായി.

"ഇരിക്കെടാ മക്കളെ കുട്ടികളായാൽ അല്പം കുസൃതിയൊക്കെ കാണിക്കണം. പക്ഷെ ഇതല്പം കടന്ന കൈയ്യായിപ്പോയി. എന്തിനാണെടാ കുഞ്ഞുങ്ങളെ ആ പുത്തൻ കാറിനോട് ഇങ്ങനെയൊരു ദ്രോഹം ചെയ്തത്.

അതിലൊരാൾ പറഞ്ഞു:

"അച്ചോ, ആ പണക്കാരൻ അച്ചായന് എന്തൊരു ജാഡയാണെന്നോ. ഒരിക്കൽ ഞങ്ങളുടെ ചെവിക്കു പിടിച്ച് പിച്ചിപറിച്ചു. ചെവി പറിഞ്ഞുപോയതുപോലെ വേദനിച്ചു. അതിനാണ് ഈ പണി ഒപ്പിച്ചത്"

"അതെന്തിനായിരുന്നു" ഞാൻ അതിശയത്തോടെ ചോദിച്ചു.

കുട്ടികൾ ഒന്നു പമ്മി. അവർ മടിച്ച് മടിച്ച് പറയാൻ തുടങ്ങി.

"അച്ചോ, ഒരു ശവസംസ്ക്കാര ശുശ്രൂഷ കഴിഞ്ഞ് ഞങ്ങൾ കാപ്പി കുടിക്കുമ്പോൾ കാപ്പികപ്പ് ഞങ്ങൾ ഈ കാറിന്റെ ബോണറ്റിലാണ് വച്ചത്. കപ്പ് മറിഞ്ഞ് ബോണ റ്റിൽ കാപ്പി വീണു. ഇതുകണ്ടുകൊണ്ടാണ് ഈ പണക്കാ രൻ അച്ചായൻ വരുന്നത്. അതിനാണ് അയാൾ ഞങ്ങളെ ചെവിക്കു പിടിച്ച് വേദനിപ്പിച്ചത്".

എടാ കുഞ്ഞുങ്ങളെ പുത്തൻ കാറിന്റെ ബോണറ്റിൽ കാപ്പി വീണാൽ ഉടമസ്ഥന് നോവാതിരിക്കുമോ?

"എന്നാലും അച്ചോ എത്രയോ മനുഷ്യരുടെ മുൻപിൽ വച്ചാണെന്നോ അയാൾ ഞങ്ങളെ ചീത്തവിളിച്ചതും ചെവിക്കു പിടിച്ചതും". കുട്ടികൾ സങ്കടത്തോടെ പറഞ്ഞു.

"അതുകൊണ്ടാണ് ഒരു രൂപ നാണയത്തുട്ടുകൊണ്ട് കാറിൽ വരച്ചത്. അച്ചോ സത്യത്തിൽ ആ കാറ് ഞങ്ങൾക്കും വലിയ ഇഷ്ടമായിരുന്നു. കാറ് വൃത്തികേടാക്കാൻ ഞങ്ങൾക്കും താൽപര്യമില്ലായിരുന്നു. എന്നാൽ ആ അച്ചാ യനോടുള്ള ദേഷ്യംകൊണ്ട് ചെയ്തതാണ്. തെറ്റുപറ്റിപ്പോ യി. അച്ചൻ ക്ഷമിക്കണം. ഞങ്ങൾ വിചാരിച്ചു അച്ചനും അവ രുടെകൂടെ കൂടി ഞങ്ങളെ ശിക്ഷിക്കുമായിരുന്നുവെന്ന്. ഇനി അച്ചൻ ഞങ്ങളെ ശിക്ഷിച്ചോ".

"ഞാൻ നിങ്ങളെ ശിക്ഷിക്കാനല്ല; നിങ്ങളുടെ തെറ്റ് ബോധ്യപ്പെടുത്തിത്തരാനാണ് നിങ്ങളെ തനിയെ കണ്ടത്". എത്ര നാളത്തെ സ്വപ്നമാണ് ഒരു കാർ സ്വന്തമാക്കുക എന്ന ത്. അയാളുടെ മക്കളെ കാണുന്നതുപോലെയല്ലെ ആ കാർ സൂക്ഷിച്ചിരുന്നത്. അയാൾക്കുണ്ടാകുന്ന മന:പ്രയാസം നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? ആ കാറിലുണ്ടായ പോറൽ എങ്ങനെ മാറും. പെയിന്റ് അടിച്ചാൽ മാറുമായിരി ക്കും. Brand new car എങ്ങനെ റീപെയിന്റ് ചെയ്യും. മാത്ര മല്ല ഈ പോറൽ എങ്ങനെയുണ്ടായി എന്ന് എത്രപേർ ചോദിച്ചേക്കാം. ആരോടെല്ലാം വിശദീകരിക്കണം. നിങ്ങൾ ചെയ്ത തെറ്റിന്റെ അനന്തരഫലം എന്താകുമെന്ന് നിങ്ങൾ ചിന്തിച്ചോ?

കുട്ടികൾ വിഷമത്തോടെ പ്രതികരിച്ചു:

"ക്ഷമിക്കണം അച്ചോ തെറ്റുപറ്റിപ്പോയി. അച്ചൻ തരുന്ന എന്തു ശിക്ഷയും ഞങ്ങൾ സ്വീകരിക്കാം".

"തീർച്ചയായും അച്ചോ. ഞങ്ങൾ പശ്ചാത്തപിക്കുന്നുണ്ട്"

"എങ്കിൽ മേലിൽ ഇത്തരം തെറ്റുകൾ ചെയ്യില്ലെന്ന് എനിക്കു ഉറപ്പു തരാമോ?"

"തീർച്ചയായും ഞങ്ങൾ അച്ചന് വാക്കുതരുന്നു. ഇത്തരം തെറ്റുകൾ ഞങ്ങൾ ആവർത്തിക്കില്ല. ഞങ്ങൾക്കു കുറ്റ ബോധം ഉണ്ട്".

"നിങ്ങൾ പശ്ചാത്തപിക്കുന്നുണ്ടെങ്കിൽ ഞാനൊരുവാക്കു തരാം. ഈ തെറ്റിന്റെ പേരിൽ നിങ്ങളെ ആരും ശിക്ഷിക്കില്ല".

കുട്ടികൾക്ക് സമാധാനമായി. തെറ്റിനെക്കുറിച്ച് പശ്ചാത്ത പിക്കുമ്പോൾ തന്നെ മനസ്സ് സ്വസ്ഥമാകുമല്ലോ. ഞാൻ ആ കുട്ടികളെ പുറത്തിറക്കിയശേഷം ഞാൻ ഹെഡ്മാസ്റ്ററെയും കാറിന്റെ ഉടമസ്ഥനെയും അകത്തേയ്ക്ക് വിളിച്ചു. അക ത്തേയ്ക്കു കയറിവരുന്ന വഴിക്ക് കുട്ടികളെ അയാൾ വളരെ ക്രോധത്തോടെയാണ് നോക്കിയത്. അകത്ത് കയറി കസേ രകളിൽ ഇരുന്ന അവരോട് ഞാൻ പറഞ്ഞു.

"കുട്ടികൾ അവരുടെ തെറ്റ് മനസ്സിലാക്കി പശ്ചാത്തപി ക്കുന്നുണ്ട്".

കേട്ട ഉടനെ വളരെ ദേഷ്യത്തോടെ അയാൾ പറഞ്ഞു:

"പശ്ചാത്തപിച്ചിട്ടെന്തു കാര്യം. എന്റെ കാറിന്റെ പോറൽ മാറുമോ? ചുട്ട അടി കൊടുക്കണം മേലിൽ ഇത്തരം കുരു ത്തക്കേട് കാണിക്കാതിപ്പാൻ".

"ചുട്ട അടി കൊടുത്താൽ നിങ്ങളുടെ കാറിന്റെ പോറൽ മാറുമോ. മാത്രമല്ല ശിക്ഷിച്ചാൽ അവർ വേറെ തെറ്റുകൾ ആവർത്തിക്കും. അവരെ പശ്ചാത്താപത്തിലേക്കു നയിച്ചാൽ അങ്ങനെയുള്ള തെറ്റുകൾ അവർ ആവർത്തിക്കില്ല".

"അച്ചന്റെ സുവിശേഷം എനിക്കു കേൾക്കേണ്ട. അവ ന്മാർക്ക് തക്ക ശിക്ഷ കൊടുത്താലെ അവനൊക്കെ നന്നാകൂ ". ധനികൻ ക്ഷുഭിതനായി. ഹെഡ്മാസ്റ്ററും അതിനെ ശരി വച്ചു.

"അങ്ങനെയാണെങ്കിൽ ശിക്ഷിക്കപ്പെടാൻ പോകുന്നത് നിങ്ങളായിരിക്കും. കുട്ടികളുടെ നേരെയുള്ള എല്ലാ അതി ക്രമങ്ങളും Criminal offences ആണ് കുട്ടികളുടെ ചെവിക്കു പിടിക്കുക ദേഹോപദ്രവം ഏല്പിക്കുന്ന പട്ടികയിൽ വരും. മാത്രമല്ല അതിന് കൂട്ട് നിന്നുവെന്നതിന്റെ പേരിൽ ഹെഡ്മാ സ്റ്ററും സമാധാനം പറയേണ്ടിവരും". ഞാൻ പറഞ്ഞു

"എന്റെ പൊന്നച്ചോ ചെവിക്കു പിടിച്ചതൊന്നും ഞാൻ അറിഞ്ഞില്ല. ഈ കേസിൽ നിന്നും ഞാൻ ഒഴിവാകുകയാണ് ". ഹെഡ്മാസ്റ്റർ പറഞ്ഞു.

"സാറേ നമ്മുടെ ഉത്തരവാദിത്വം തെറ്റുകാരായ കുട്ടികളെ ശിക്ഷിക്കുന്നതല്ല. അവരുടെ തെറ്റ് ബോധ്യപ്പെടുത്തി അവരെ പശ്ചാത്താപത്തിലേക്ക് നയിക്കുന്നതാണ്. അങ്ങനെയെങ്കിൽ അവർ തെറ്റുകൾ ആവർത്തിക്കില്ല".

"ശരി അച്ചോ. ഞാൻ ക്ലാസ്സിലേയ്ക്ക് പോകട്ടെ" എന്നു പറഞ്ഞ് സാർ യാത്രയായി.

"കുട്ടികൾക്ക് തെറ്റുപറ്റിയാൽ അവരോട് ക്ഷമിക്കാനൊരു മനസ്സുണ്ടാകണം. നിങ്ങളുടെ മക്കളുടെ എല്ലാ തെറ്റുകൾക്കും നിങ്ങൾ ശിക്ഷിക്കാറുണ്ടോ? ഈ കുട്ടികളുടെ തെറ്റ് നിങ്ങൾ മൂലമല്ലേ സംഭവിച്ചത്. കാറിന്റെ ബോണറ്റിൽ മനഃപൂർവ്വം ചായ ഒഴിച്ചതല്ലല്ലോ. മറിഞ്ഞു വീണതല്ലെ. അതിന് മറ്റുള്ള വരുടെ മുൻപിൽവച്ച് അവരെ ആക്ഷേപിക്കുകയും ദേഹോ പദ്രവം ചെയ്യുകയും ചെയ്തതിന്റെ പ്രതികാരമായിട്ടാണ് അവർ കാറിൽ വരച്ചത്. അവർ തെറ്റു ബോധ്യപ്പെട്ട് മാപ്പപേ ക്ഷിക്കാൻ തയ്യാറായി നിൽക്കുകയാണ്. അവരോട് ക്ഷമി ച്ചാൽ ദൈവം നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും. കുട്ടികൾ അത്തരം തെറ്റുകൾ ആവർത്തിക്കുകയുമില്ല".

അല്പനേരത്തെ മൗനത്തിനുശേഷം അയാൾ അനുര ഞ്ജനത്തിനു തയ്യാറായി. ഞാൻ ആ കുട്ടികളെ അക ത്തേയ്ക്ക് വിളിച്ചുവരുത്തി.

"നിങ്ങൾ ചെയ്ത തെറ്റിൽ നിങ്ങൾ പശ്ചാത്തപിക്കു ന്നുണ്ടോ? ഇത്തരം തെറ്റുകൾ ഇനിയും ആവർത്തിക്കുമോ? ഞാൻ ചോദിച്ചു. മൂന്നുപേരും കുറ്റബോധത്തോടെ പറഞ്ഞു.

"അച്ചോ, അച്ചൻ ഞങ്ങളുടെ തെറ്റിന്റെ ആഴം ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നതിനാൽ നന്ദി. ഇത്തരം തെറ്റുകൾ ഞങ്ങൾ മേലിൽ ആവർത്തിക്കില്ല. അങ്കിളെ, ഞങ്ങളോട് ക്ഷമിക്കണം. ഞങ്ങൾക്കും അങ്കിളിന്റെ കാർ ഇഷ്ടമാണ്. ഇങ്ങനെയൊരു തെറ്റു ചെയ്തതിൽ ഞങ്ങൾക്ക് വിഷമമു ണ്ട്. ഞങ്ങളുടെ അറിവുകുറവുകൊണ്ട് സംഭവിച്ചു പോയ താണ്. അങ്കിൾ ഞങ്ങളോട് ക്ഷമിക്കണം".

കുട്ടികളുടെ നിർവ്യാജമായ മാപ്പപേക്ഷ കേട്ടപ്പോൾ ധനി കന്റെ മനസ്സലിഞ്ഞു.

"അച്ചോ, ഇവരോട് എനിക്ക് ഭയങ്കര ദേഷ്യമായിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ പശ്ചാത്താപം കണ്ടപ്പോൾ എന്റെ ദേഷ്യം പോയി. എന്റെ മക്കളെപ്പോലെയല്ലെ ഇവ

രും. അതുകൊണ്ട് ഇവരുടെ മാപ്പ് ഞാൻ സ്വീകരിച്ചിരിക്കുന്നു".

നന്നായി. ക്ഷമിക്കാനുള്ള മനസ്സ് ദൈവം തന്നല്ലോ. ദൈവം നിങ്ങളുടെ തെറ്റുകളും ക്ഷമിക്കട്ടെ. ഇവർ ഇനിയും നല്ല കുട്ടികളായിരിക്കുമെന്ന് എനിക്ക് വാക്ക് തന്നിട്ടുണ്ട്. പശ്ചാത്തപിച്ച കുട്ടികളോട് താങ്കൾ ക്ഷമിച്ചതുകൊണ്ട് അവരും നേർവഴിയിൽകൂടി നടക്കും. ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ.

ഈ സംഭവത്തിനുശേഷം ആ കുട്ടികൾ ഇടവകയിലെ എല്ലാ കാര്യങ്ങൾക്കും മുൻപന്തിയിലുണ്ടായിരുന്നു. അവരെക്കുറിച്ച് യാതൊരു പരാതിയും പിന്നീട് കേട്ടിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് തെറ്റുകാരെ കുറ്റബോധം വരുത്തി പശ്ചാത്താപത്തിലേക്കു നയിക്കണം. അത് ക്രിസ്തീയ ധർമ്മമാണ്.

നിങ്ങളുടെ മക്കൾ കൊച്ചുകൊച്ചുതെറ്റുകൾ ചെയ്യുമ്പോൾ അവർക്കിട്ട് നല്ല അടികൊടുക്കാൻ നിങ്ങൾക്ക് തോന്നിയേക്കാം. അതുകൊണ്ട് എന്താണ് പ്രയോജനം. അടിക്കുന്നതിനുപകരം ചേർത്ത് പിടിച്ച് അവരുടെ തെറ്റിന്റെ ദോഷഫലം അവർക്ക് മനസ്സിലാക്കി അവരിൽ പശ്ചാത്താപം സൃഷ്ടിച്ചാൽ അവർ പിന്നീട് ഒരിക്കലും ആ തെറ്റ് ആവർത്തിക്കില്ല. വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ എല്ലാവരും കല്ലെറിയാൻ തയ്യാറായി നിന്നപ്പോൾ യേശു അവളെ അവരിൽ നിന്നും വിടുവിച്ചു. തെറ്റുകൾ ക്ഷമിക്കുന്ന മാതാപിതാക്കളും ഗുരുക്കന്മാരും നല്ല തലമുറയെ വാർത്തെടുക്കുന്നു.

"ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാർ" എന്ന് കേട്ടിട്ടില്ലെ. ഇന്നു കുഞ്ഞുകുട്ടികളായി കാണുന്ന ഓരോരുത്തരുമാണ് നാളെ നമ്മുടെ നാടിനെ നയിക്കുന്നവർ. കുട്ടികളെ ശിക്ഷിക്കാൻ ഒരുങ്ങുന്നവർക്ക് ആ ബോധ്യം ഉണ്ടാകണം. ശിക്ഷയല്ല, ശിക്ഷണം ആണ് ആവശ്യം.

"ഇനിയും ഒരു കാപ്പി കുടിക്കാം. അല്ലെ ടോണി. അതിനുശേഷം ക്ലാസ്സ് തുടരാം". അച്ചൻ പറഞ്ഞു.

'കറക്ട് അച്ചന് ഔചിത്യബോധമുണ്ട്. കാപ്പിപോരട്ടെ".

ടോണിയുടെ കമന്റ് എല്ലാവരും ആസ്വദിച്ചു.

# ക്നാനായ കൺവെൻഷൻ ഫണ്ട് ഉദ്ഘാടനം



21-ാമത് ക്നാനായ കൺവെൻഷൻ ഫണ്ട് ഉദ്ഘാടനം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത സുവിശേഷ സമാജം വൈസ് പ്രസിഡണ്ട് ഫാ. ബെന്നി എബ്രഹാം മാമലശ്ശേരിക്ക് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. സിസ്റ്റർ നിസി, സിസ്റ്റർ മരിയ, ക്നാനായ കൺവെൻഷൻ ജനറൽ കൺവീനർ എം. പി. തോമസ് മംഗലത്ത്, സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ, ജോ. സെക്രട്ടറി തങ്കച്ചൻ മാമ്പുഴക്കരി, ഫിനാൻസ് കൺവീനർ ബാബു ചാക്കോ നെടുങ്ങാത്തറ, റ്റി. സി. ജേക്കബ് തോപ്പിൽ, സിസ്റ്റർ കെസിയ, സിസ്റ്റർ ഷേബ എന്നിവർ സമീപം

# ക്നാനായ സമുദായ കുടിയേറ്റം കേരള സമൂഹത്തിന് വിലപ്പെട്ടതാണെന്ന് മന്ത്രി പി. പ്രസാദ്

ചിങ്ങവനം സെൻറ് ജോൺസ് പുത്തൻപള്ളിയിൽ നടന്ന ക്നാനായ ഭദ്രാസന സ്ഥാപന ദിനസമ്മേളനത്തിൽ മന്ത്രി പി. പ്രസാദ്.

ക്നാനായ സമുദായ കുടിയേറ്റം കേരള സമൂഹത്തിന് വിലപ്പെട്ടതാണെന്നും ആദിമകാലത്ത് കേരളത്തിന് വിദേശനാണ്യം നേടിത്തരുന്നതിന് മുൻപന്തിയിൽ നിന്നത് ക്നാനായക്കാരാണെന്ന് മന്ത്രി എടുത്ത് പറഞ്ഞു

ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ബഹുമാനപ്പെട്ട കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മോർ അപ്രേം അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA, സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, വികാരി ജനറാൾ Rev: Fr : V.A. ഏബ്രാഹാം ഇളയശ്ശേരി, വൈദിക ട്രസ്റ്റി Rev. Fr.മോനായി ഫിലിപ്പു, ഭദ്രാസന സെക്രട്ടറി Rev. Fr. ഏലിയാസ് സ്കറിയ ള്ളവൻകുളം റവ. ഫാ. എം. സി. സഖറിയ മധുരംകോട്ട്, കൗൺസിലർ ശ്രീമതി ലിസ്സി മണിമല, ക്നാനായ കമ്മറ്റി അംഗങ്ങളായ, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ എന്നിവർ ആശംസകൾ അർപ്പിച്ചു.

# സന്മനസ്സുള്ളവർക്ക് സമാധാനം

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

ബേത്‌ലഹേമിലെ മഞ്ഞുപെയ്യുന്ന മലഞ്ചെരിവുകളിൽ ശാന്തിയുടെയും സമാധാനത്തിന്റെയും വെള്ളി നക്ഷത്രമായി ദൈവപുത്രനായ ഉണ്ണിയേശുവിന്റെ തിരുപിറവിയെ അനുസ്മരിച്ചുകൊണ്ട് ലോകം മുഴുവൻ ക്രിസ്തുമസ് ആഘോഷിക്കുകയാണല്ലോ. "സന്മനസ്സുള്ളവർക്ക് സമാധാനം" എന്ന് യേശു പറഞ്ഞ വാക്കുകൾക്ക് ആധുനിക കാലഘട്ടത്തിൽ വളരെ പ്രസക്തിയേറുകയാണ്. ഒരിക്കൽ ഒരു അണ്ണാറക്കണ്ണൻ മരച്ചില്ലകളിൽ ചാടിച്ചാടി കളിച്ചു രസിച്ചുകൊണ്ടിരിക്കെ കാൽ വഴുതി ഉറങ്ങിക്കിടന്ന ഒരു ചെന്നായയുടെ പുറത്തു വീണു. ചെന്നായ് ഉണർന്നു. ഒറ്റച്ചാട്ടത്തിന് അണ്ണാനെ പിടിച്ചു. ഭയന്ന അണ്ണാൻ പറഞ്ഞു. ഞാൻ ഒരു പാവമാണ്. ദയവായി എന്നെ കൊല്ലാതെ വിട്ടയക്കണം. ചെന്നായ് പറഞ്ഞു വിട്ടയയ്ക്കാം. ഞാൻ ചോദിക്കുന്ന ചോദ്യത്തിനുത്തരം പറഞ്ഞാൽ. ചെന്നായ് പ്രതിവചിച്ചു. അണ്ണാൻ സമ്മതിച്ചു. എന്താണ് ചോദിച്ചോളു. നിങ്ങൾ എപ്പോഴും സന്തോഷിച്ച് ചാടിക്കളിക്കുന്നു. ഞങ്ങൾക്കാകട്ടെ ഒരിക്കലും സന്തോഷത്തോടെ കഴിയാൻ സാധിക്കുന്നില്ല. നിങ്ങളുടെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും കാരണമെന്താ? എന്നെ വിട്ടാൽ ഞാൻ പറയാം. ചെന്നായ് പിടിവിട്ടു. മരക്കൊമ്പിൽ ചാടിക്കയറി ഇരുന്നുകൊണ്ട് അണ്ണാൻ പറഞ്ഞു. ദുഷ്ടന്മാർക്ക് ഒരിക്കലും സന്തോഷിക്കാനാവില്ല. ഞങ്ങൾക്ക് ആരോടും പകയില്ല. വെറുപ്പില്ല. അദ്ധ്വാനിച്ച് ആഹാരം തേടും. കിട്ടുന്നതുകൊണ്ട് സംതൃപ്തരുമാകും. നല്ല മനസ്സുള്ളവർ എപ്പോഴും സന്തുഷ്ടരായിരിക്കും. ഒരു ജീവിയെയും അനാവശ്യമായി ഉപദ്രവിക്കാതിരുന്നാൽ നിനക്കും സന്തോഷമായി കഴിയാം. അണ്ണാന്റെ ഉപദേശം കേട്ട് ചെന്നായയുടെ തല താണു.

ശുദ്ധ മനസ്ക്കനാവുകയാണ് നല്ല മനുഷ്യനാകാനുള്ള ആദ്യപടി. അവരെ ശാന്തിയും സമാധാനവും തേടി എത്തും. നന്മയുള്ളവനു മാത്രമേ അന്യനിലെ നന്മ കാണാൻ കഴിയു. അന്യനിലെ നന്മകളെ മറക്കുന്നതു മാത്രമല്ല മറച്ചു പിടിക്കുന്നതും സദാചാരവിരുദ്ധമാണ്.

"നല്ലതല്ലൊരുവൻ ചെയ്ത
നല്ല കാര്യം മറപ്പത്
നല്ലതല്ലാത്തതുടനെ
മറന്നീടുന്നതുത്തമം"

എന്നു ശ്രീനാരായണഗുരു ഉപദേശിക്കുന്നുണ്ടല്ലോ? സ്വഭാവത്തിലും പെരുമാറ്റത്തിലും വാക്കിലും നന്മ പ്രകടമാകുന്നുവെങ്കിൽ അതിൽ സന്തോഷിക്കാനും അഭിമാനിക്കാനും കഴിയണം. അന്യരുടെ നന്മയിലും ഉയർച്ചയിലും സന്തോഷിക്കുവാൻ സാധിക്കാത്തവർക്ക് എങ്ങനെ സമാധാനം ലഭിക്കും? പക്ഷികളെ ശ്രദ്ധിക്കുക. പ്രകൃതിദത്തങ്ങളാം സാമഗ്രികളും കഴിവുകളുമുപയോഗിച്ച് വാസഗൃഹങ്ങൾ നിർമ്മിച്ച് പ്രകൃതിയോടിണങ്ങി പാടിപ്പറന്നും പാടിക്കളിച്ചും ശാന്തവും സന്തോഷഭരിതവുമായ ജീവിതം നയിക്കുന്ന പക്ഷികളെ ഒരു കവി വിശേഷിപ്പിച്ചത് "സുകൃതാത്മക്കൾ" എന്നാണ്. പക്ഷികളെപ്പോലെ തന്നെ മനുഷ്യർക്കും സുകൃതാത്മാക്കളാകാം.പ്രകൃതിയുടെ വരദാനങ്ങളെ അപമാനിക്കാതെയും അവഹേളിക്കാതെയും നശിപ്പിക്കാതെയും കാത്തുസൂക്ഷിച്ചാൽ റോമാ ചക്രവർത്തി മാർക്കസ് ഓറിലിയസ് ഒരിക്കൽ ദൈവ



ത്തോടു പ്രാർത്ഥിച്ചു "ഈശ്വര ഭൗതിക സമ്പത്ത് വിഡ്ഢികൾക്കു കൊടുത്തു കൊള്ളുക. എനിക്കാവശ്യം ശാന്തമായ മനസ്സും സമാധാനവുമാണ്. അത് എനിക്കു നൽകിയാലും നമ്മുടെ ഓരോരുത്തരുടെയും പ്രാർത്ഥന ഇതായിരിക്കണം. ഈ ലോകം മുഴുവൻ നേടിയാലും മനഃശാന്തിയില്ലെങ്കിൽ എന്തു പ്രയോജനം? മനഃശാന്തിയുണ്ടെങ്കിൽ മറ്റൊന്നുമില്ലെങ്കിലും എന്തു ചേതം. അന്യരുടെ ദുരിതങ്ങൾ ലഘൂകരിക്കുന്നതിൽ നിന്നുണ്ടാകുന്ന സംതൃപ്തി തന്നെ നല്ല മനസ്സുള്ളവരുടെ വലിയ ആനന്ദം. അങ്ങനെയുള്ളവർ ചെല്ലുന്നിടത്തെല്ലാം സന്തോഷം വിളമ്പും. വെയിൽ കാണുമ്പോൾ മഞ്ഞുനീങ്ങുന്നതുപോലെ അവരെ കാണുമ്പോൾ മറ്റുള്ളവരുടെ നൈരാശ്യം അപ്രത്യക്ഷമാകും. നല്ല ഹൃദയമുള്ളവർക്കും മറ്റെല്ലാം തനിയെ വന്നു ചേരും.

ക്രിസ്മസ് എന്നുള്ളത് ഒരു വലിയ സമ്മാനത്തിന്റെ കഥയാണ്. ദൈവം തന്റെ ഏകജാതനെ ലോകത്തിനു രക്ഷകനായി സമ്മാനിച്ച കഥ അനുസരിച്ച് ക്രിസ്തുമസ് കടന്നു വരുന്നു. സാന്താക്ലോസിനെപ്പറ്റിയുള്ള ചിന്തകളും ഏറ്റവും കൂടുതൽ ഉണ്ടാവുന്നതും ക്രിസ്തുമസ് കാലത്താണ്. കുടവയറും വെളുത്തു നീണ്ട താടിയും നീണ്ട ചുവന്ന കുപ്പായവും തലയിൽ ചുവന്ന തൊപ്പിയും തോളിൽ സമ്മാന സഞ്ചിയുമായി വരുന്ന സാന്താക്ലോസ് ക്രിസ്തുമസ് ഫാദർ എന്ന പേരിൽ എല്ലാവർക്കും സന്തോഷം പകരുന്നു. അതുപോലെ മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന് പ്രജാക്ഷേമ തൽപരനായിരുന്ന മഹാബലിയുടെ വരവിനെ അനുസ്മരിപ്പിച്ചുകൊണ്ട് കുടവയറും ഓലക്കുടയും കിരീടവും ധരിച്ചുകൊണ്ട് വരുന്ന മാവേലിയിൽ സാമൂഹ്യ സാഹോദര്യവും സമഭാവവും നമ്മൾ ദർശിക്കുന്നു.

ഈ ഭൂമിയിലെ നമ്മുടെ ജീവിതം എന്നത് ഒരു സഞ്ചാരിയുടെപോലെയാണെന്നു നാം മനസ്സിലാക്കുകയാണെങ്കിൽ നല്ലത്. ഒരു സഞ്ചാരി ഒരു സ്ഥലത്ത് എത്തുന്നത് അവിടുത്തെ കാഴ്ചകൾ കണ്ട് പഠിക്കാനും ആസ്വദിക്കാനുമാണ്. അവിടെ അയാൾ എത്ര ദിവസം ഉണ്ടാകുമോ? അതിനാവശ്യമായ സാധനങ്ങളെ അയാൾ കരുതകയുള്ളൂ. അവിടം വിട്ടു പോകുമ്പോൾ അവിടെയുള്ള ആരോടും വിദ്വേഷമില്ലാതെ സന്തോഷത്തോടെ അയാൾ പോകുന്നു. ഈ ഭൂമിയിലും നാം ഓരോരുത്തരും ഇതേപോലുള്ള സഞ്ചാരികൾ ആണ് എന്നു വിചാരിച്ചാൽ ജീവിതം എത്ര മാധുര്യമുള്ളതായി തീരുമെന്ന കാര്യം മനസ്സിലാക്കാമല്ലോ? ശ്രീ ബുദ്ധൻ പറയുന്നു ആഗ്രഹങ്ങളാണ് ദുഃഖകാരണങ്ങളിൽ പ്രധാനി. ആഗ്രഹങ്ങൾ രണ്ടു രീതിയിൽ ദുഃഖത്തിന് കാരണമാകും. ഒന്ന് ആഗ്രഹിച്ചതു കിട്ടുന്നില്ലായെന്നതുകൊണ്ട്. രണ്ട് ആഗ്രഹിച്ചതു കിട്ടിക്കഴിഞ്ഞാൽ ഉദ്ദേശിച്ചത്ര സന്തോഷം അതിന് അധികനാൾ നൽകാൻ സാധിക്കുന്നില്ല എന്ന യാഥാർത്ഥ്യം ബോദ്ധ്യമാകുമ്പോൾ. ചൂണ്ടയിൽ കൊളുത്തിയിരിക്കുന്ന ഇരയെ കാണുമ്പോൾ തന്റെ ഭക്ഷണമായി അതിനെ കാണുന്നതുകൊണ്ടാണ് മത്സ്യം ചൂണ്ടയിൽ കുടുങ്ങുന്നത്. യാതൊരുവിധ വിധികല്പിത മനസ്സുമില്ലാതെ ചൂണ്ടയെ ചൂണ്ടയായി കാണാൻ മത്സ്യത്തിനു സാധിക്കുമെങ്കിൽ പിടി കൊടുക്കാതെ രക്ഷപെടാൻ അതിനു സാധിക്കും. മനുഷ്യജീവിതം പരോപകാരത്തിനുള്ളതാണ്. ത്യാഗമനുഷ്ഠിക്കുവാനുള്ളതാണ്. ലാഭേച്ഛ കൂടാതെ കർമ്മം ചെയ്യുവാനുള്ളതാണ്. സ്നേഹത്തിന്റെ ഇരിപ്പടം ആകുവാനുള്ളതാണ് സ്വഹിതത്തെ പരഹിതവുമായി ഇണക്കിയെടുക്കുമ്പോൾ സമാധാനത്തിന്റെ പ്രകാശം പരത്തുന്ന വിളക്കുകളായി ഓരോ വ്യക്തിയും മാറും. ജീവിതത്തിന്റെ നശ്വരതയെ അംഗീകരിക്കുക. അതിനനുസ്സരിച്ച് ജീവിക്കുക. സംതൃപ്തിയുടെയും സമാധാനത്തിന്റെയും താക്കോൽ അതിലൂടെ ലഭ്യമാകും.

# കോപശമനം

**കുഞ്ഞ് ഏബ്രഹാം പള്ളിക്കപറമ്പിൽ, നീലംപേരൂർ**

ഓർക്കണെ ദേഷ്യത്താൽ ദോഷം ഭവിപ്പാനും
ദോഷൈക കർമ്മത്താൽ നാശമുണ്ടാവാനും
ഹേതുവാകുന്നോരു മാനവ ഭാവത്തെ
കോപമെന്നങ്ങു വിളിച്ചിടുന്നു.
സ്വയമേവ നമ്മേ നാം അന്ധന്മാരാക്കീടും
കോപത്തിൻ ബാന്ധവം നേടീടല്ലേ
കഷ്ട നഷ്ടങ്ങളും ദേഹക്ഷതങ്ങളും
അന്ധന്മാർ ആവോളമനുഭവിപ്പൂ
എന്നതുപോൽ തന്നെ കോപിഷ്ടരായോരും
കോപമിറങ്ങിയ ശേഷമത്രേ
ഉണ്ടായ നഷ്ടത്തിൻ കഷ്ടത്തിൻ മൂല്യത്തെ
ശോധന ചെയ്യുമ്പോൾ നോവേറുന്നു
അതുകൊണ്ടു കോപത്തിൻ സാഹചര്യങ്ങളെ
നമ്മുടെ മാനസ ശക്തികൊണ്ട്
മൃതമാക്കി മാറ്റുവാൻ ആവശ്യമായുള്ള
ബുദ്ധിവിവേകങ്ങൾ പ്രാപിക്കേണം
കോപപ്രതികാര ചിന്തകൾ നമ്മുടെ
ഹൃദയത്തെ കുത്തി മുറിപ്പെടുത്തും
സ്നേഹവും ക്ഷമയും വിവേകവും ചേരുന്ന
ഔഷധ കൂച്ചി മുറിവുണക്കും
ഓർക്കുക മർത്ത്യാ പ്രകോപന സന്ദർഭം
കോപമടക്കി വിവേകിയാക്കാൻ
പരിശുദ്ധ റൂഹാതൻ പരിമള വാസന
നമ്മിലുണ്ടാകുവാൻ പ്രാർത്ഥിച്ചീടാം.

# ഓതറ ഫാർമസി കോളേജ് അക്കാഡമിക് ബ്ലോക്ക് ശിലാസ്ഥാപനം


ഓതറ നസറേത്ത് ഫാർമസി കോളേജ് കോളേജിൽ നിർമ്മിക്കുന്ന സേവേറിയോസ് അക്കാഡമിക് ബ്ലോക്കിന്റെ ശിലാസ്ഥാപന കർമ്മം ചെയർമാനായ ക്നാനായ സമുദായ മെത്രാപോലിത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിച്ചു. വികാരി ജനറാൾ ഫാദർ വി. എ. ഏബ്രഹാം ഇളയശ്ശേരി, ഫാർമസി കോളേജ് മാനേജർ ഫാദർ. ജയിൻ തോമസ് കുളത്തുങ്കൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംങ് ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങളായ ജേക്കബ് ലൂക്കോസ്, പി.എ. എബ്രഹാം കുഴികണ്ടത്തിൽ, സാജൻ നെച്ചുവേലി, ബിനു കല്ലേമണ്ണിൽ, ക്നാനായ മാനേജിങ് കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റി. സി. തോമസ് തോപ്പിൽ, നസ്രേത്ത് ആശ്രമം സെക്രട്ടറി സി.എ. പുന്നൂസ് ചിറത്തലക്കൽ, കമ്മറ്റി അംഗങ്ങളായ എബ്രഹാം കുളമട, പി.കെ കുര്യൻ പാട്ടമ്പലത്ത്, സിജു കുരിയൻ നെച്ചുവേലിൽ, പ്രിൻസിപ്പാൾ ഡോക്ടർ എൽസി എബ്രഹാം എന്നിവർ പ്രസംഗിച്ചു.

# പ്രഥമ ജർമൻ ക്നാനായ ഫാമിലി മീറ്റ്-2022 ഫ്രാങ്ക്ഫുർട്ടിൽ വിജയകരമായി നടത്തപ്പെട്ടു

ഫ്രാങ്ക്ഫുർട്ട് : ത്രിയേക ദൈവ തിരുനാമത്തിനു മഹത്വം ഉണ്ടായിരിക്കട്ടെ. ജർമനിയിലെ ക്നാനായ സുറിയാനി മക്കളുടെ ചിരകാലാഭിലാഷമായിരുന്ന 'ജർമൻ ക്നാനായ ഫാമിലി മീറ്റ്-2022 'ഇദംപ്രഥമമായി ഫ്രാങ്ക്ഫുർട്ടിനടുത്തുള്ള പ്രകൃതിരമണീയമായ Schmitten-ൽ വച്ച് 2022 ഒക്ടോബർ 21 മുതൽ 23 വരെ, അഭിവന്ദ്യ സമുദായ മെത്രാപ്പോലീത്തയുടെയും മേഖല മെത്രാപ്പോലീത്തയുടെയും ഉപദേശപ്രകാരം ജർമൻ ക്നാനായ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ജർമനിയുടെ പല ഭാഗങ്ങളിലും നിന്നുള്ള ക്നാനായ കുടുംബങ്ങളും വിദ്യാർത്ഥികളും ഈ അനുഗ്രഹീത സംഗമത്തിൽ പങ്കെടുത്തു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ പ്രാരംഭ വീഡിയോ സന്ദേശത്തോടു കൂടെ ക്നാനായ കൂട്ടായ്മ ഒക്ടോബർ 21 ന് തുടക്കമിട്ടു. 'ഇത് യഹോവ ഉണ്ടാക്കിയ ദിവസം', ക്നാനായ കുടിയേറ്റ ചരിത്രത്തിൽ ഒരു പുതിയ അധ്യായം രചിച്ചുകൊണ്ടു കമ്മറ്റി പ്രസിഡന്റ് Rev.Dr. തോമസ് ജേക്കബ് മണിമല അച്ചൻ, ജനറൽ സെക്രട്ടറി Mr. എബ്രഹാം മാവേലിൽ, വനിതാ സമാജം സെക്രട്ടറി Mrs.ടോളി തോമസ് നുച്ചിയിൽ എന്നിവരോട് കുടി നിലവിളക്കു കൊളുത്തി പരിപാടി ഉത്ഘാടനം ചെയ്തു. കുടുംബ കൂട്ടായ്മയുടെ ഭാഗമായി വിശുദ്ധ കുർബാന, ചരിത്ര സെമിനാറുകൾ, ഗ്രൂപ്പ് ഡിസ്കഷൻസ് എന്നിവ നടത്തപ്പെട്ടു. 'Keeping the Knanaya Identity, How to sing Lords song in a foreign land' തുടങ്ങിയ വിഷയങ്ങളിൽ ബഹുമാനപെട്ട തോമസ് മണിമല അച്ചൻ നയിച്ച സ്റ്റഡി ക്ളാസ്സുകൾ സത്യവിശ്വാസം ഊട്ടിഉറപ്പിക്കുന്നതിനോടൊപ്പം ക്നാനായ പാരമ്പര്യവും തനിമയും കാത്തു സൂക്ഷിക്കുന്നതിന്റെ ആവശ്യകതയും വ്യക്തമാക്കി. എല്ലാവരെയും ആവേശം കൊള്ളിച്ച കലാസന്ധ്യ, ക്നാനായകാരുടെ തനതായ പാരമ്പര്യം വിളിച്ചോതുന്ന പുരാതന പാട്ടുകൾ, ആബാലവൃദ്ധം പങ്കെടുത്ത നടവിളി, വടംവലി, ട്രെക്കിങ്ങ് എന്നിവ പരിപാടിയുടെ മാറ്റു കൂട്ടി. ചീഫ് കോ-ഓർഡിനേറ്റർ ടിങ്കു എബ്രഹാം മുളംമൂട്ടിൽ, ട്രെഷറർ അനു മാത്യു കണിയാം മാലിൽ, ഏരിയ സെക്രട്ടറി ജിതിൻ മോഹൻ പേരൂത്ര, വനിതാ സമാജം സെക്രട്ടറി ടോളി തോമസ് നുച്ചിയിൽ, IT കോ-ഓർഡിനേറ്റർ ജിതിൻ രെജു കേളച്ചന്ദ്ര എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. അടുത്ത കുടുംബ കൂട്ടായ്മക്ക് വീണ്ടും കാണാമെന്ന ഉറപ്പോടു കൂടി മൂന്ന് ദിവസത്തെ ജർമൻ ക്നാനായ ഫാമിലി മീറ്റ് - 2022 ശുഭമായി പര്യവസാനിച്ചു.

ജർമൻ ക്നാനായ കമ്മിറ്റിക്കു വേണ്ടി ജനറൽ സെക്രട്ടറി ബിനു എബ്രഹാം മാവേലിൽ, മ്യൂണിക്.

**19th Death Anniversary**
**18- 12 - 2022**



# P C Mathew

(Rtd. Sr. Work Suptd, PWD)
**Palliambil**
**Trivandrum**

**Sorrowing Family**

# ദീപാങ്കുരം

ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ സമുദായ അംഗങ്ങൾക്കായി **ചെറുകഥാ മത്സരം** (15 മുതൽ 30 വയസ്സുവരെയുള്ളവർക്ക്) **കവിതാ രചന, ലേഖന മത്സരം** (30 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക്) തുടങ്ങിയവ നടത്തുന്നു.

**ചെറുകഥാ മത്സരം, ലേഖന മത്സരം** ഇവ A4 Sheet ന്റെ രണ്ട് Printed പേജിൽ കവിയരുത്.

**കവിതാ രചനയിൽ പങ്കെടുക്കുന്നവർ** A4 Sheet ന്റെ ഒരു Printed പേജിൽ കവിയരുത്.

ലേഖന മത്സരത്തിന്റെ വിഷയം: **'ലഹരി വിരുദ്ധ ക്നാനായ സമുദായം'** എന്നതാണ്. പങ്കെടുക്കുന്നവർ 2023 ജനുവരി 15 നു മുമ്പായി പ്രിന്റഡ് രചനകൾ മേൽവിലാസം, ഫോൺ നമ്പർ സഹിതം ക്നാനായ ദീപം ഓഫീസിൽ എത്തിക്കേണ്ടതാണ്. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്

**അയക്കേണ്ട മേൽവിലാസം**
**ചീഫ് എഡിറ്റർ**
**ക്നാനായ ദീപം, ക്ലീമ്മീസ് സെന്റർ**
**ചിങ്ങവനം പി. ഒ., കോട്ടയം, 686531**
**Ph: 0481-2430176, 8547584440.**
**Email- kna.deepam@gmail.com**

# ക്രിസ്തുമസ് ഗാനം

**പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്**
**മള്ളൂശ്ശേരിൽ, റാന്നി**

മാലാഖമാരേ വിണ്ണിൻപ്രഭയേ
ദൈവത്തിൻ പൈതലാം യേശുരാജൻ
പുൽക്കൂട്ടിൽ ജാതനായ്
പുൽക്കൂട്ടിൽ ജാതനായ്
  വിണ്ണും വെടിഞ്ഞു
  മണ്ണിൽ പിറക്കാൻ
  സ്വർഗ്ഗീയ സൗഭാഗ്യമൊക്കെ വെടിഞ്ഞു
കുളിരൊളി നിറവീശുന്ന
നിറമണിമയ വാനത്തിൽ
മൃദുസ്വരസുഖഗാനത്തിൽ
പരം പൊരുളായ് വാഴേണ്ടോൻ
പുൽക്കൂട്ടിൽ ജാതനായ്...
യേശു ജാതനായ്....
  പൊൻതൊട്ടിലാട്ടാൻ
  മാലാഖവൃന്ദം
  കൈക്കൂപ്പി നിൽക്കുന്നതൊക്കെവെടിഞ്ഞു
ഹിമകണഗണനനുവാർന്ന
സുരഗണഗുണഗാനത്താൽ
മൃദുശ്രുതിസ്വരരാഗത്താൽ
പരം പൊരുളായ് വാഴേണ്ടോൻ
പുൽക്കൂട്ടിൽ ജാതനായ്
യേശുജാതനായ്... (മാലാഖമാരേ)


## House Plots for Sale

**at Dream Valley Villas**
**CHINGAVANAM**
**One KM from MC Road**
**Tel: +919744881237**
**Email: kelachandra@gmail.com**
**(No brokers please)**




## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**
**ഒരു വിശ്വാസി, ചിങ്ങവനം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, തിരുവൻവണ്ടൂർ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, കുറിച്ചി**


**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, തിരുവൻവണ്ടൂർ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, കുറിച്ചി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, കുറിച്ചി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**കെ.ഒ. പുന്നൂസ്**
**ഒരു വിശ്വാസി. ചെന്നൈ**



**വീട്ടുജോലി, ഹോംനേഴ്സ്, പ്രസവരക്ഷ, ആശുപത്രി കൂട്ടിരിപ്പ്**
ജോലിയും, ജോലിക്കാരെയും
ആവശ്യമുള്ളവർ വിളിക്കുക
താമസിച്ചും, വന്നുപോകുന്നവരെയും നൽകുന്നു
ആശ്വാസ് സർവീസ് മാനേജ്മെന്റ്, ചിങ്ങവനം
**Ph. 8113070248, 7909200248**




എബി

# അരിസ്റ്റോട്ടിൽ - അലക്സാണ്ടറുടെ അദ്ധ്യാപകൻ

ഒരു ശിശുവിനെ എനിക്കു തരൂ. അവൻ വിശ്വവിജയിയോ മുടിയനായ പുത്രനോ ആരാണ് ആകേണ്ടത്, വിദ്യാഭ്യാസം വഴി ഞാനവനെ അങ്ങനെയാക്കാം. യവന തത്വചിന്തകനായ അരിസ്റ്റോട്ടിലാണ് അങ്ങനെ പറഞ്ഞത്. സോക്രട്ടീസിൽ തുടങ്ങി പ്ലേറ്റോയിലൂടെ വളർന്ന് അരിസ്റ്റോട്ടിൽ മഹത്തായ ഒരു ഗുരു പരമ്പരയുടെ മൂന്നാം കണ്ണിയായിരുന്നു. ഈ കാലഘട്ടത്തിലാണ് യവന തത്വചിന്ത ഒരു വട വൃക്ഷം പോലെ വളർന്ന് വിശ്വരൂപം പ്രാപിച്ചത്. എന്നാലും പ്ലേറ്റോയുടെ പല വാദങ്ങളേയും അരിസ്റ്റോട്ടിൽ എതിർത്തു. എങ്കിലും "ബൗദ്ധികതയുടെ ആൾരൂപം" എന്നാണ് ശിഷ്യനെ പ്ലേറ്റോ വിശേഷിപ്പിച്ചത്. ലോകതത്വ ചിന്തയിലെ ആദ്യത്തെ രക്തസാക്ഷിയായ സോക്രട്ടീസ് തുടക്കം കുറിച്ച ചിന്താധാരയിൽ പല മഹാരഥന്മാരും പിന്നീട് വന്നു ചേർന്നു. ആ ത്രിമൂർത്തികളിൽ അവസാനത്തെ ആളായാണ് അരിസ്റ്റോട്ടിൽ അറിയപ്പെടുന്നത്.



ഗ്രീസിലെ സ്റ്റാഗിരയിലാണ് അരിസ്റ്റോട്ടിൽ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് മാസിഡോണിയയിലെ ഫിലിപ്പ് രണ്ടാമന്റെ (അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവ്) രാജസദസിലെ ഡോക്ടറായിരുന്നു. മാതാപിതാക്കളായ നിക്കോമക്കസും ഫെയ്തിസും വളരെ ചെറുപ്പത്തിൽതന്നെ അരിസ്റ്റോട്ടിലിന് നഷ്ടമായി. പതിനേഴ് വയസായപ്പോൾ അരിസ്റ്റോട്ടിൽ ഏഥൻസിലേക്ക് പുറപ്പെട്ടു. അവിടെ പ്ലേറ്റോയുടെ അക്കാദമിയിൽ വിദ്യാർത്ഥിയായി ചേരുകയും ചെയ്തു. വിദ്യാർത്ഥിയായും അദ്ധ്യാപകനായും അദ്ദേഹം ഇരുപതു വർഷം അവിടെ ചെലവഴിച്ചു. വൈദ്യശാസ്ത്രവുമായുള്ള ബന്ധം തത്വചിന്തകളിൽ കൂടുതൽ ശാസ്ത്രീയത കൊണ്ടുവന്നു. നീണ്ട ഇരുപതുവർഷങ്ങൾ പ്ലേറ്റോയുടെ ശിഷ്യനും സുഹൃത്തുമായിട്ടാണ് അരിസ്റ്റോട്ടിൽ അവിടെ ജീവിച്ചത്.

തന്നേക്കാൾ പ്രായത്തിൽ വളരെ ചെറുതായ പയ്ത്തിയാസ് എന്ന പെൺകുട്ടിയെയാണ് (18 വയസ്) അരിസ്റ്റോട്ടിൽ വിവാഹം കഴിച്ചത്. 10 വർഷത്തിനുശേഷം അവൾ പേർഷ്യക്കാരാൽ കെല്ലപ്പെട്ടു. ആ ദാമ്പത്യത്തിൽ ഒരു കുട്ടിയുണ്ടായി.

മാസിഡോണിയായിലെ ഫിലിപ്പ് രാജാവ് തന്റെ പുത്രനെ 13-ാം വയസിൽ, മകനെ വിശ്വവിജയി ആക്കാനുള്ള പദ്ധതിയുമായി അരിസ്റ്റോട്ടിലിന്റെ അടുത്തെത്തിച്ചു. ആ വിദ്യാർത്ഥിയാണ് പിൽക്കാലത്ത് മഹാനായ അലക്സാണ്ടറായി മാറിയത്.

അരിസ്റ്റോട്ടിലിന്റെ ശിക്ഷണത്തിൽ അല്ക്സാണ്ടർ B.C. 364 - ൽ ഇരുപതാമത്തെ വയസിൽ ഭരണാധിപനായി. തന്റെ സാമ്രാജ്യം അമ്പതിരട്ടി വിസ്തൃതമാക്കി. അദ്ദേഹത്തിനു അപരമായ ബുദ്ധിസാമർത്ഥ്യവും എല്ലാവരെയും ആകർഷിക്കാനുള്ള കഴിവുമുണ്ടായിരുന്നെങ്കിലും തിന്നും കുടിച്ചും ഉല്ലസിച്ചും 33-ാം വയസിൽ ഒരു മുടിയനായ പുത്രനായി അന്തരിക്കാനായിരുന്നു വിധി.

അതിനുശേഷം അരിസ്റ്റോട്ടിൽ ഏഥൻസിലേക്കു പോയി. അവിടെ സ്വന്തം ഗുരുകുലമായ ലൈ സിയം സ്ഥാപിച്ചു. തത്വചിന്തകളേക്കാളേറെ ജീവശാസ്ത്രവും പ്രകൃതി ശാസ്ത്രവുമാണ് അവിടെ പഠിപ്പിച്ചിരുന്നത്. അദ്ദേഹം ധർമ്മ ശാസ്ത്രം, തത്വശാസ്ത്രം, പ്രകൃതി ശാസ്ത്രം, രാഷ്ട്രീയം എന്നീവിഷയങ്ങളിൽ ധാരാളം പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. ജീവശാസ്ത്രപരമായ മാതൃകകൾ ശേഖരിക്കുകയും ശാസ്ത്രീയമായി വർഗീകരിക്കുകയും ചെയ്ത ആദ്യത്തെ ശാസ്ത്രജ്ഞന്മാരിലൊരാളാണ് അരിസ്റ്റോട്ടിൽ.

Parts of animals, Movements of animals, The Nicomachean Ethics മുതലായവ അദ്ദേഹത്തിന്റെരചനകളാണ്.

ഏതാണ്ട് നാനൂറോളം കൃതികൾ അദ്ദേഹത്തിന്റേതായി ഉണ്ടായിരുന്നെങ്കിലും ഇന്ന് കുറച്ചു മാത്രമേ ലഭ്യമായിട്ടുള്ളു. അരിസ്റ്റോട്ടിൽ ശാസ്ത്രത്തിന്റെ സ്ഥാപകനായും ജീവ ശാസ്ത്രത്തിന്റെ പിതാവായും അറിയപ്പെടുന്നു.

ആധുനിക ലൈബ്രറി സമ്പ്രദായത്തിന് തുടക്കമിട്ടതും ആദ്യത്തെ സുവോളജിക്കൽ ഗാർഡൻ സ്ഥാപിച്ചതും അദ്ദേഹമാണ്. തർക്ക ശാസ്ത്രത്തിന്റെയും ഭ്രൂണശാസ്ത്രത്തിന്റെയും സ്ഥാപകനും അരിസ്റ്റോട്ടിൽ തന്നെ. ശാസ്ത്രീയ പഠനങ്ങൾക്കായി അലക്സാണ്ടർ ചക്രവർത്തിയിൽനിന്നും ധാരാളമായി ലഭിച്ച പണവും പിന്തുണയും അദ്ദേഹം പഠന സ്ഥാപനങ്ങൾക്കായി ചെലവഴിച്ചു.

B.C. 322-ൽ ഉദരസംബന്ധമായ ചില അസുഖങ്ങളാൽ ഗ്രീസിലെ യുബോയിയാ ദ്വീപിൽ വച്ച് അദ്ദേഹം 63-ാം വയസിൽ അന്തരിച്ചു. നേരത്തെ മരിച്ച ഭാര്യയുടെ അടുത്തായി അദ്ദേഹത്തെയും സംസ്കരിച്ചു.

അങ്ങനെ യവന തത്വചിന്തയുടെ ജ്ഞാനസ്തംഭങ്ങളായി ജീവിച്ച ത്രിമൂർത്തികളിൽ അവസാനത്തെ കണ്ണിയും അറിവിന്റെ വാതായനങ്ങൾ ലോകത്തിനു മുമ്പിൽ തുറന്നിട്ടുകൊണ്ട് യാത്രയായി.




## വരനെ ആവശ്യമുണ്ട്

**M. 585**

B.Tech Civil കഴിഞ്ഞ് അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/156cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ജനുവരി 2023 -ൽ ഒരു മാസത്തെ അവധിക്ക് നാട്ടിൽ വരുന്നു)

Ph: 7902520381, 9744784701

**M. 586**

B.Sc Nursing കഴിഞ്ഞ് ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/161cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9497226342

**M. 587**

B.Sc ഒപ്റ്റോമെറ്ററി പാസ്സായി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/148cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9496694991, 9447256724

**M. 588**

കോഴഞ്ചേരിയിൽ പ്രൈവറ്റ് ബാങ്കിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/156cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9048590529, 7907977920

**M. 589**

B.Sc Nursing കഴിഞ്ഞ് അയർലന്റിൽ HSE Registersd Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/163cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

IT Feeld & Nursing മുൻഗണന)

Ph: 9074568931, Wats App- 9744695486

**M. 590**

Knanaya Jacobite parents invite proposals for their daughter (24/5’4’’) brought up and studied in Australia, working as HR advisor in Australian Govt. Organisation. Seeking suitable alliance from the parents of professionally qualified boys. Boys working in Australia preferred.

Contact No. 9993451497, 8921740793

**M. 591**

M.A. Sociology കഴിഞ്ഞ് Post graduate Diploma in Computer Appication പഠിക്കുന്ന ക്നാനായ യുവതി (25/152cm) ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9746778103, 9946286802

**M. 592**

B.Sc Chemistry, DMLT കഴിഞ്ഞ് നാട്ടിൽ Medical Lab Technition ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/162cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9746727539

**M. 593**

M.A. English പാസ്സായ ക്നാനായ യുവതിയ്ക്ക് (29/160cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9446860632, 7994241135

**M. 594**

M.Com കഴിഞ്ഞ് Airport- ൽ ജേലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/169cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 7902438184, 9747318741

**M. 595**

നാട്ടിൽ B.Tech (Civil) കഴിഞ്ഞ് U.K യിൽ Master Degree പാസ്സായ ക്നാനായ യുവതിയ്ക്ക് (25/155cm) ദൈവഭയവും, വിദ്യാഭ്യാസ യോഗ്യതയും, U.K, U.S, Australia, Ireland, എന്നീ രാജ്യങ്ങളിൽ എവിയെങ്കിലും P.R. ഉള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447103754

**M. 596**

Knanaya parents invite proposals for their daughter (27/173cm, B.Sc. Nurse) brought up outside Kerala, currently working in U.K. Seeking alliance from the parents of educated and employed boys (preferably from medical background in UK or other European Countries.)

Ph. 9425667923, 8878550662

**M. 597**

M.Sc Speech and Hearing കഴിഞ്ഞ് പ്രശസ്തമായ ഹോസ്പിറ്റലിൽ Audiologist ആയി ജോലി ചെയ്യുന്നതും ILETS കിട്ടി, UK യിലേക്ക് പ്രൊസ്സസ്സിങ്ങ് നടന്നു കൊണ്ടിരിക്കുന്നതുമായ ക്നാനായ യുവ തിയ്ക്ക് (26/5') അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9447499397, 9495329841

**M. 598**

Knanaya parents invite proposals for their daughter (26/5'2'') M.Com (Finance). Seeking alliance from qualified boys.

Ph. 9400131322, 9746766107

## വധുവിനെ ആവശ്യമുണ്ട്

**M. 599**

ഹോട്ടൽ മാനേജ്മെന്റ് കഴിഞ്ഞ് ജർമ്മനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/166cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9947596594, 8592086453

**M. 600**

സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/175cm) ഇടത്തരം കുടുംബം, ഡിസംബറിൽ അവധിക്കു വരും. അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9645788722, 9037050737

**M. 601**

Knanaya parents invite proposals for their son (27/170cm) B. pharm, presently working in Dubai. Seeking suitable alliance from the parents of God fearing professionall qualified girls. (Medical field prefered).

Ph. 9446209707, 9048739080

**M. 602**

ഇറ്റലിയിൽ ജോലി ഉള്ളതും ഫാമിലിവിസ ഉള്ളതുമായ ക്നാനായ യുവാവ് (31/172cm) അനുയോ ജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. + 971558144865 (Whats App), Ph: 8547242121

**M. 603**

കോട്ടയം MRF- ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/177cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഡിമാന്റ് ഇല്ല.) Ph: 9496250989, 8281332133

**M. 604**

3 Year ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയർ കഴിഞ്ഞ് ദുബൈയിൽ ഒരു പ്രമുഖ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സ്മാർക്ക് മുൻഗണന). Ph: 7907175163, Whats App + 353892544626

**M. 605**

Mechanical Engineering പാസായി U.K. ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/166cm)) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (B.Sc നേഴ്സ്മാർക്ക് മുൻഗണന.) Ph: 9544338431, 920755293

**M. 606**

കുവൈറ്റിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ Administration department ൽ ജോലി ചെയ്യു ന്നതും ഡിസംബർ അവസാനം നാട്ടിൽ വരുന്നതുമായ ക്നാനായ യുവാവ് (29) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (Medical field -ൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന). Ph: 8606612725, 7034720479

**M. 607**

Knanaya parents financially sound settled in USA BOSTON inviting proposal for their son 30/ 170 cm engaged in Real Estate Business in USA from the parents of fair looking girls from Knanaya community. Dowery is not a criteria. Mobile 6238614053 / 8590154725

**M. 608**

BCA, MSW (മെഡിക്കൽ സൈക്കാട്രി) ടെക് സ്റ്റൈൽസ് ബിസിനസ്സ് നടത്തുന്നതുമായ ക്നാനായ യുവാവ് (28/175cm), വിദേശത്തുള്ള ക്നാനായ യുവതികളുടെ (B.Sc നേഴ്സിംഗ്) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9744058301, 9446220409

**M. 609**

മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിഗ്രി കഴിഞ്ഞ് ഖത്തറിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/170cm) അനു യോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9446115881

**M. 610**

B.Sc Hotel Management കഴിഞ്ഞ് കുവൈറ്റിൽ Oil Company Ahmadi Hospital (M.O.H) K.O.C യിൽ Chef ജോലി ചെയ്യുന്ന ക്നാനായ യുവാവ് (33/178cm) അനുയോജ്യ

രായ ക്നാനായ യുവതി കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9744167368, 9544612714

**M. 611**

Alliance invited for knanaya boy (36 /166 cm) male nurse, working in a reputed hospital in UK.

Please contact 9895566406

**M. 612**

MCA കഴിഞ്ഞ് ഒരു അമേരിക്കൻ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/176cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 8281324266, 9400509528

**M. 613**

MBA കഴിഞ്ഞ് ദുബൈയിൽ ഒരു പ്രശസ്ത കമ്പനിയിൽ ഫൈനാൻസ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9947168117, 9447575090

**M. 614**

Knanaya parents invite proposals for their son (29/169cm) having MBA and Journalism degree, currently working as a journalist for a reputed publication in India. Seeking suitable alliance from parents of God fearing educated/employed girls in India or abroad.

` Ph. 9447304398, 7306899314

**M. 615**

ITI Electrical Diploma കഴിഞ്ഞ് ബഹറനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9961718192

**M. 616**

Civil Engineering Diploma കഴിഞ്ഞ് Abudhabi ൽ പ്രമുഖ കമ്പനിയിൽ Computer numerical control (CNC) പ്രോഗ്രാമർ ആയി ജോലി ചെയ്യുന്ന ഫാമിലവിസ ഉള്ള ക്നാനായ യുവാവ് (29/167cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 8281608077, 9447595205

**M. 617**

നാട്ടിൽ B.Tech നു ശേഷം Canada-ൽ Masters നു പഠിക്കുന്ന ക്നാനായ യുവാവ് (28/6', വെളുത്തനിറം) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (Nurse, IT preofessionals എന്നിവർക്ക് മുൻഗണന).

Ph. 9447096538, 9495734383

**M. 618**

ന്യൂസ്‌ലാന്റിൽ B.Sc. Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (35/159cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (റസിഡന്റ് വിസ ഉണ്ട്).

Ph. 7306308441, 8547224025

**M. 619**

ഹോട്ടൽ മാനേജ്മെന്റ് (BHM) പാസ്സായി നാട്ടിൽ 5 വർഷം ജോലി ചെയ്തതിനുശേഷം ഇപ്പോൾ നാട്ടിൽ പഠിച്ചുകൊണ്ടിരിക്കുന്നതായ ക്നാനായ യുവാവ് (28/181cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ബാധ്യതകൾ ഇല്ലാത്തതും യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരേയും പരിഗണിക്കുന്നതാണ്.) Ph. 8848854093

**M. 620**

ITI കഴിഞ്ഞ് ബഹറനിൽ പ്രശസ്ത കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/187cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9656242352

**M. 621**

Dubai-ൽ പ്രശസ്തമായ English Company യിൽ C.N.C. Machine operator cum Designer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (36/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഡിമാന്റ് ഇല്ല)

Ph. 8590311120, 9958090951

**M. 622**

Diploma in Automobile പഠിച്ച് ഖത്തറിൽ പ്രമുഖ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/167cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9744349992, 9656611026

**M. 623**

Knanaya parents invite marriage proposal for their son (32, 168) MBA, currently working in a reputed company as an Operations Manager at Kochi. Seeking alliance from parents of professionally qualified and employed girls.

Ph: 7510185966, 9746049945

**M. 624**

Knanaya parents invite proposal for their son 29/170, BTech (Computer Science), born and brought up outside Kerala, currently working as a computer engineer in Saudi Arabia.

Mob 9818150007, 8076583639

## പുനർവിവാഹം

**M. 625**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയതും യാതൊരു ബാദ്ധ്യത ഇല്ലാത്തതും നാട്ടിൽ സ്വന്തമായി നല്ല ബിസിനസ്സ് നടത്തുന്നതുമായ ക്നാനായ യുവാവ് (30/175cm) വിദ്യാഭ്യാസം ഉള്ള (സാമ്പത്തികം പ്രശ്നമല്ല) ക്നാനായ യുവതി കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 8547131688, 9447116827


**09 – ാം ചരമവാർഷികം**

**07- 12 - 2022**

**31 – ാം ചരമവാർഷികം**
**10- 10- 2022**

**27 – ാം ചരമവാർഷികം**
**08- 12- 2022**





**Very Rev. C.K Mathews Cor-Episcopa**

**Mathew Kurian**

**Chachiamma Kurian**

**Cherumadakala, Kattodu**

'ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരി
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം'


**55th DEATH ANNIVERSARY**
**07- 12- 2022**



**P. M. MATHEW (KUNJACHAN)**
**KALISSERIL GARDENS**
**CHINGAVANAM**

**By Sorrowing Family**

**14 – ാം ചരമവാർഷികം**
**05- 12- 2022**



**ഡോ. പി.പി. കുറിയാക്കോസ് (ബേബി പുന്നൂസ്)**
**പുത്തൻകളത്തിൽ (വെളിയനാട്)**
**പാലാവയൽ, ചെറുപുഴ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

# ഞങ്ങളിൽ നിന്നും വേർപിരിഞ്ഞിട്ട് ഇന്നേക്ക് അഞ്ചാം വർഷം

25 – 12 – 2022



## മറിയാമ്മ ബേബി

കോന്ത്യാപറമ്പിൽ

Advt -S

Inserted by

**കോന്ത്യാപറമ്പിൽ ലേഡീസ് സ്റ്റോർ & സ്റ്റേഷനറി, ഗിഫ്റ്റ് & ഫർണിച്ചർ**

**രാമങ്കരി**

19 –ാം ചരമവാർഷികം
26 – 12 – 2022

3 –ാം ചരമവാർഷികം
30 – 12 – 2022



ശോശാമ്മ കുര്യൻ

ഏ. ഒ. കുര്യൻ

അരമ്മാംമൂട്ടിൽ, ഓതറ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

2 –ാം ചരമവാർഷികം
27 – 12 – 2022

5 –ാം ചരമവാർഷികം
27 – 01 – 2023



കെ. ഒ. ഉതുപ്പാൻ

കുഞ്ഞമ്മ ഉതുപ്പാൻ

കോവിലാൽ, മഴുക്കീർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -S

## 10th Death Anniversary
06-12-2022



Advt -O

## K. K. Kuriakose
**Kambakalunkal, Kottayam**

പ്രാർത്ഥനയോടെ
Dr. Kuruvilla & Family

## 7th Year of Demise
26-12-2022



Advt -R

## Kuruvilla Zachariah (Renji)
**Thamarappally, Kottayam**

You will always be part of us
In our Hearts and Prayers

Loving Family

## 1st Death Anniversary
19-12-2022



Advt -O

## T. P. Thomas
**Thekkumuriyil, Edakkulam, Ranni**
**MIG-1/777, HUDCO, BHILAI, Chhattisgarh**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

By Sorrowing Family

## In Loving Memory

11th Death Anniversary
08-12-2022

10th Death Anniversary
28-12-2022





**Mathew A. Panicker**

**C. M. Abraham (Raju)**

**Panickarodathu House**
**Kottayam**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 20th Death Anniversary

27-12-2022



Rev. Fr. Abraham Thomas

Valiyaveettil Padickal, Vallamkulam

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ-
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

By Sorrowing Family

Advt - R



## 11th Birthday in Heaven

23-12-2022



Vijaya Abraham

Vinod Bhavan

Vazhappally, Changanacherry

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

പ്രാർത്ഥനയോടെ Edwin Abraham (Son)

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R



## ഒന്നാം ചരമവാർഷികം

04-12-2022



BABUKUTTY THOMAS

Menathottathil, Pazhayattu, Ranny

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 40-ാം ചരമദിനം

31-12-2022



പി. എസ്. സാബു

പള്ളിപ്പറമ്പിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

**സ്നേഹ സ്മരണയ്ക്ക്**

25 – ാം ചരമവാർഷികം
29- 12- 2022

14 – ാം ചരമവാർഷികം
24- 01- 2023




**വി. സി. ജേക്കബ്**
(P.W.D. കോൺട്രാക്ടർ)

**സാറാമ്മ ജേക്കബ്**

**വൈക്കത്തുശ്ശേരി**
**മാമ്പുഴക്കരി (കോഴിക്കോട്)**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

07 – ാം ചരമവാർഷികം
12- 12- 2022




**തങ്കമ്മ ഇട്ടിയവിര**
**വടക്കേമണ്ണിൽ**
**അങ്ങാടി, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

34th
Death Anniversary
28-12-2022

17th
Death Anniversary
20-12-2022





**O.M. Abraham** **Thankamma Abraham**

**Othara House**
**Angadi, Ranni**
**By Sorrowing Family**

---

24 – ാം ചരമവാർഷികം
05-01-2023



**K.C. JACOB**
**KALLAMPARAMBIL**
**NILAMBUR**

നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

03 – ാം ചരമവാർഷികം
**18-12-2022**

05 – ാം ചരമവാർഷികം
**03-05-2022**



**Thankamma Thomas** **K. A. Thomas (Babu)**

**Kuzhiparambil Jose Villa**
**Manjadi, Thiruvalla**

സന്തപ്ത കുടുംബാംഗങ്ങൾ


**7–ാം ചരമവാർഷികം**
**01 - 12 - 2022**



**തോമസ് ചാക്കോ (ഉണ്ണി)**
**കടയ്ക്കാവുങ്കൽ**
**കുറ്റൂർ, തിരുവല്ല**

By Sorrowing Family

10 – ാം ചരമവാർഷികം
**18- 12- 2022**



**റ്റി. എം. കുരുവിള** (കുട്ടപ്പായി)
**തൈക്കകത്ത്, എറണാകുളം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

***സ്നേഹ സ്മരണയ്ക്ക്***

20 – ാം ചരമവാർഷികം
**25- 12- 2022**

30 – ാം ചരമവാർഷികം
**24- 06- 2022**



**മറിയാമ്മ ജോസഫ്** **കെ.സി. ജോസഫ്**

**കുന്നിരിയ്ക്കൽ,**
**റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

16 – ാം ചരമവാർഷികം
01- 12- 2022

08 – ാം ചരമവാർഷികം
14- 10- 2022

17 – ാം ചരമവാർഷികം
13- 01- 2023





**N. I. Thomas** **Annamma Thomas** **M.T. Kuriakose (James)**

**Maruthara, Kuttoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

04 – ാം ചരമവാർഷികം
**31-12-2022**



**പി. കെ. മാത്യു (മാത്തുക്കുട്ടി)**
**പുന്നുച്ചേരിൽ**
**പാക്കിൽ**

**സന്തപ്ത കുടുംബാംഗങ്ങൾ**

01 – ാം ചരമവാർഷികം
**22-11-2022**



**പി. കെ. ഏബ്രഹാം (കുഞ്ഞുമോൻ)**
**പന്ത്രണ്ടാംകുഴി**
**വാകത്താനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

# വേർപാടിന്റെ പത്തൊൻപതാം വാർഷികം

**28-12-2022**



# T. A. Stephen (Thankachen)
# Thottathil Green Hill
# Thuruthikadu

പ്രിയപ്പെട്ട പപ്പാ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് പത്തൊൻപതു വർഷം തികയുന്നു.

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

11 – ാം ചരമവാർഷികം

11- 01- 2023



**പ്രൊഫ. എം. ജെ. ജേക്കബ്** (ജയിംസ് സാർ)


(റിട്ട. പ്രൊഫ. സെന്റ് തോമസ് കോളേജ്, റാന്നി)

മറ്റക്കാട്ട്, ഐത്തല, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

14 – ാം ചരമവാർഷികം

11- 12- 2022



**ഔസേഫ് മാമ്മൻ** (കൊച്ചുട്ടി)

കുറ്റിക്കാട്ടിൽ, മഴുക്കീർ

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

09 – ാം ചരമവാർഷികം

13- 12- 2022



**V. P. Jacob**

**Velammepurathu**


**Aythala, Ranny**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

14 – ാം ചരമവാർഷികം

29- 12 - 2022




**പി. റ്റി കുരുവിള** (കൊച്ച്)

പ്രാമിയിൽ
നീലംപേരൂർ

സന്തപ്ത കുടുംബാംഗങ്ങൾ

16 – ാം ചരമവാർഷികം
**02 - 12 - 2022**

17 – ാം ചരമവാർഷികം
**28 - 01 - 2023**



**പുന്നൂസ് ഏബ്രഹാം**
(പാപ്പച്ചൻ)

**അച്ചാമ്മ ഏബ്രഹാം**

**കാട്ടുവള്ളിൽ**
**മീന്തലക്കര, കറ്റോട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

14 – ാം ചരമവാർഷികം
**30 - 01 - 2023**

10 – ാം ചരമവാർഷികം
**07 - 12 - 2022**



**പി. ഐ. ചാക്കോ**
(തങ്കച്ചൻ)

**ബിജു ചാക്കോ**

**കുന്നുംപുറത്ത്**
**ഇറഞ്ഞാൽ**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**40th Day of Demise**
**21-12-2022**



**ടി.സി. ജേക്കബ്** (ബേബിച്ചൻ)

**തൈപറമ്പിൽ (കട്ടയിൽ)**

**ചാന്നാനിക്കാട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

03 – ാം ചരമവാർഷികം
**09 - 01 - 2023**



**മേരിക്കുട്ടി മാത്യു**

**മുഴിപ്പെരുമേത്ത്**
**ഐത്തല, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**


04 –ാം ചരമവാർഷികം
20- 12 - 2022



ചിന്നമ്മ ഏബ്രഹാം
ചെറുതറയിൽ
കവിയൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


02 –ാം ചരമവാർഷികം
31 - 12 - 2022



കെ.റ്റി. കുറിയാക്കോസ്
കുന്നേൽ
ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

12 –ാം ചരമവാർഷികം
12 - 12 - 2022



കെ. പി. തോമസ്
കാനക്കാലിൽ
നീലംപേരൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

13 –ാം ചരമവാർഷികം
25- 12 - 2022



അമ്മിണി സ്റ്റീഫൻ
കുറ്റിയിൽ
പടിഞ്ഞാറ്റോതറ

*സന്തപ്ത കുടുംബാംഗങ്ങൾ*

04 –ാം ചരമവാർഷികം
28- 11- 2022



നൈത്തി മാത്യു
കല്ലുംകൂട്ടത്തിൽ
രാമമംഗലം

*സന്തപ്ത കുടുംബാംഗങ്ങൾ*

25 –ാം ചരമവാർഷികം
30- 12 - 2022



കുരുവിള തോമസ്
പള്ളത്തുശ്ശേരിൽ
നാരകത്തറ

*സന്തപ്ത കുടുംബാംഗങ്ങൾ*

02 –ാം ചരമവാർഷികം
15- 12 - 2022



മേരിക്കുട്ടി കുര്യൻ
ചരിവുപറമ്പിൽ
തോട്ടമൺ, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*


05 –ാം ചരമവാർഷികം
08 -12- 2022



ചാച്ചിക്കുട്ടി കുറിയാക്കോസ്
(തങ്കമ്മ)
കൊച്ചുപത്തിൽ
നീലംപേരൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


18 –ാം ചരമവാർഷികം
17 - 12 - 2022



പി.പി. ജോർജ്ജ്
പരവതോടത്തിൽ
പുല്ലുപ്രം, വരവൂർ, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

22 –ാം ചരമവാർഷികം
30 - 12 - 2022



K. Chacko
(ബേബിച്ചൻ)
കൊച്ചുളുന്തുരുത്തിൽ
നീലംപേരൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

07 –ാം ചരമവാർഷികം
01 - 12 - 2022



ലീലാമ്മ രാജു
ഓതറപുതുവേലിൽ
അഞ്ചാനി, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

02 –ാം ചരമവാർഷികം
24 - 12 - 2022



സാറാമ്മ കുറിയാക്കോസ്
കാഞ്ഞിരത്തുംമൂട്ടിൽ
(കരിയിൽ)
സായിപ്പുകലവ

*സന്തപ്ത കുടുംബാംഗങ്ങൾ*


**22-ാം ചരമവാർഷികം**
**17- 12- 2022**



**വി. യു. മാത്യു**
**ചിറയിൽപീടികയിൽ**
**കുമരകം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**20-ാം ചരമവാർഷികം**
**12- 12 - 2022**



**പി. യു. മാത്യു**
**പാലക്കുടിയിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**20th Death Anniversary**
**26- 12 -2022**



**V.O. Kuriakose**
**Vadakel Puthenveedu**
**Vallamkulam**

*സന്തപ്ത കുടുംബാംഗങ്ങൾ*

**02-ാം ചരമവാർഷികം**
**26- 12 - 2022**



**സ്കറിയ ദാസ് (ദാസൻ)**
**പാട്ടാശ്ശേരിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**18-ാം ചരമവാർഷികം**
**13-12-2022**



**എം. ജെ. ജോസഫ്**
**വള്ളംകുളത്തായ**
**വേലുകിഴക്കേതിൽ**
**റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**15-ാം ചരമവാർഷികം**
**21 - 12 - 2022**



**ബേബി ഫിലിപ്പ്**
**കുന്നത്തിലായ മാരാംപറമ്പിൽ**
**വാകത്താനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**17-ാം ചരമവാർഷികം**
**18- 12- 2022**



**ചിന്നമ്മ തോമസ്**
**കോയിക്കലോടത്ത്**
**കുറ്റൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

**12-ാം ചരമവാർഷികം**
**18-12-2022**



**അച്ചാമ്മ ഏബ്രഹാം**
**തോമ്പുമണ്ണിൽ**
**ഇടക്കുളം, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**15-ാം ചരമവാർഷികം**
**31 - 12 - 2022**



**അച്ചാമ്മക്കുട്ടി ഏബ്രഹാം**
**വടക്കേമുറിയിൽ**
**ഐത്തല, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**03-ാം ചരമവാർഷികം**
**08 - 01 - 2023**



**കെ. റ്റി ജോസഫ്**
**കള്ളിക്കാട്ടിൽ**
**പഴവങ്ങാടി, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**10th Death Anniversary**
**10- 12 -2022**



**N.C. Mathew (തമ്പി)**
**Naickamadathil**
**Kurichy**

*സന്തപ്ത കുടുംബാംഗങ്ങൾ*

***ഒരിക്കലും മരിക്കാത്ത***
***ഓർമ്മകളുമായി***
***നിത്യതയുടെ തീരത്ത്***
***വീണ്ടും***
***കാണാമെന്നുള്ള***
***പ്രത്യാശയോടെ***

---

***നിന്റെ***
***മഹത്വമുദിക്കും നാൾ***
***നിൽക്കണമിവർ***
***വലഭാഗത്തിൽ***

# വേർപാടിന്റെ 1 – ാം ചരമവാർഷികം

01 – 12 – 2022



Advt -O

## സാറാമ്മ മാത്യു (മണി)

എട്ടൊന്നിൽ, ഇടയാടിയിൽ
ഇടക്കുളം, റാന്നി.

**മരിക്കുകയില്ല ഈ സ്നേഹനിധിയുടെ പുഞ്ചിരി ഞങ്ങളുടെ മനസ്സിൽ നിന്ന്**

"ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭർത്താവ് – മാത്യു തോമസ് (ജോയ്)

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, മറ്റ് ബന്ധുമിത്രാദികൾ

Registered No. KL/CHC/29/2021-23
Published on 15 December 2022

**KNANAYA DEEPAM**
Chingavanam

RNI No. KERBIL/2006/19210
Vol. 33, Issue: 12 ₹ 10

## സമുദായ വാർത്തകൾ





ഓതറ നസറേത്ത് ഫാർമസി കോളേജ് സേവേറിയോസ് അക്കാഡമിക് ബ്ലോക്കിന്റെ ശിലാസ്ഥാപന കർമ്മം ക്നാനായ സമുദായ മെത്രാപോലിത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുന്നു.

## ക്നാനായ ഭദ്രാസന സ്ഥാപന ദിനസമ്മേളനം



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നടന്ന ക്നാനായ ഭദ്രാസന സ്ഥാപന ദിനസമ്മേളനം മന്ത്രി  പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. സാബു കണ്ണാട്ടിപ്പുഴ, വില്ലി വടാമറ്റം, ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ ഏബ്രാഹാം തോട്ടത്തിൽ, Fr. V.A. ഏബ്രാഹാം ഇളയശ്ശേരി, ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA, ഫാ. എം. സി. സഖറിയ മധുരംകോട്ട്, ഗീവർഗീസ് മോർ അപ്രേം, കൗൺസിലർ ശ്രീമതി ലിസ്സി മണിമല, ആക്ടിംങ് ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, റ്റി. സി. തോമസ് തോപ്പിൽ, ആലിച്ചൻ ആറൊന്നിൽ എന്നിവർ സമീപം

## കുൽപ്പമല എസ്റ്റേറ്റ് സന്ദർശനം



ക്നാനായ സമുദായത്തിന്റെ കുൽപ്പമല തോട്ടത്തിൽ ടാപ്പ് ചെയ്തുകൊണ്ടിരിക്കുന്ന റബർമരങ്ങൾ പരിശോധിക്കുന്നതിനും, കാട് പിടിച്ചു കിടക്കുന്ന സ്ഥലത്ത് കശുമാവിൻ തൈകൾ നടുന്നതിനും, തരിശ് ആയി കിടക്കുന്ന സ്ഥലത്ത് സമുദായത്തിന് സ്ഥിരമായി കൂടുതൽ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിനും വേണ്ടി ക്നാനായ കമ്മിറ്റി അംഗങ്ങൾ എസ്റ്റേറ്റ് മുഴുവൻ നടന്നു കണ്ടു മനസ്സിലാക്കുന്നു. വളരെ ബുദ്ധിമുട്ടു സഹിച്ചാണ് 100 ഏക്കറിനടുത്തു വിസ്തീർണ്ണമുള്ള തോട്ടത്തിന്റെ മുക്കുംമൂലയും കാടിനുള്ളിൽ കൂടി കയറി നടന്നത്. തോട്ടത്തിനുള്ളിലുള്ള മുഴുവൻ കാടും വെട്ടിത്തെളിച്ചു തോട്ടം മനോഹരമായ കൃഷി ഭൂമിയാക്കുന്നതിനുള്ള  നടപടികൾ ആരംഭിച്ചിട്ടാണ് മടങ്ങിയത്.

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**